VOL NO: 05 I ISSUE 50
www.nerpatham.com
mail@nerpatham.com
2021 DECEMBER 18 I ₹12

നേർപഥം
വാരിക

# സ്വത്വബോധവും പുരോഗമന നാട്യങ്ങളും

വ്യക്തിത്വവും അനുഭവ പരിസരവുമുള്ളവരാണ് ഓരോ മനുഷ്യനും. പൊതുസമൂഹം നിശ്ചയിച്ച പുരോഗമനത്തിന്റെ അളവുകോലുകൾക്കുള്ളിൽ കയറിക്കൂടാനായി സ്വത്വബോധം അടിയറ വെക്കുന്നത് ആത്മാഭിമാനം നഷ്ടപ്പെടുത്തുന്ന പ്രവൃത്തിയാണെന്ന് മാത്രമല്ല, മഹാ വിവരക്കേടുമാണ്.

- ലിബറലിസ്റ്റുകളുടെ വ്യാമോഹങ്ങൾ

- കോവിഡ് കാലവും വിഷാദ രോഗവും
- ഹുദയ്ബിയ സന്ധിയിലെ നയതന്ത്ര ചാരുത
- 'ജെൻഡർ ന്യൂട്രൽ'എന്തിന് വിദ്യാർഥിസമൂഹത്തിൽ ഒതുക്കണം?

കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244

WhatsApp: 9207525244

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244




ഹുസൈൻ സലഫിയുടെ

**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**

എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന

**4** പുസ്തകങ്ങൾ

ഇപ്പോൾ വെറും **500** രൂപക്ക്...!!!

**ഈ ഓഫർ ഡിസംബർ 5 മുതൽ ജനുവരി 15 വരെ**

yono SBI | SBI Payments

MERCHANT NAME: WISDOM ISLAMIC ORGANIZATION

UPI ID: WISDOMISLAMICCLT@SBI

**SCAN & PAY**

BHIM SBI Pay

BHIM UPI

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

# 0256

# നേർപഥം

വാരിക

2021 ഡിസംബർ 18

1442 ജുമാദൽ അവ്വൽ 13

പുസ്തകം 05 / ലക്കം 50

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002



Managing Editor: Nasir Balusseri
Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo




Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly









05
മുഖമൊഴി
'ജെൻഡർ ന്യൂട്രൽ'എന്തിന്
വിദ്യാർഥിസമൂഹത്തിൽ ഒതുക്കണം?
എഡിറ്റർ

06
ലേഖനം
മസ്കൻ
അബൂതൻവീൽ

16
ലേഖനം
ലിബറലിസ്റ്റുകളുടെ വ്യാമോഹങ്ങൾ
സി.വി.കോഴിക്കോട്

18
ലേഖനം
പി. സെയ്ദ് മൗലവി
ദുൽക്കർഷാൻ അലനല്ലൂർ

17
ലേഖനം
കോവിഡ് കാലവും വിഷാദ രോഗവും
അർഷിന എസ്. കെ.

26
ചരിത്രപഥം
ഹുദയ്ബിയ സന്ധിയിലെ
നയതന്ത്ര ചാരുത
ഹുസൈൻ സലഫി, ഷാർജ

31
ക്വുർആൻ ദർശനം
അത്ത്വൂർ
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

34
ആരോഗ്യപഥം
വിളർച്ചയുടെ കാരണങ്ങൾ
മുസാഫിർ

ചലനങ്ങൾ

# ‘കേരളമുസ്‌ലിം നവോത്ഥാനത്തിന്റെ 100 വർഷങ്ങൾ’ ചരിത്ര സെമിനാർ സമാപിച്ചു

കോഴിക്കോട്: ‘കേരളമുസ്‌ലിം നവോത്ഥാനത്തിന്റെ 100 വർഷങ്ങൾ’ എന്ന പ്രമേയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ നടത്തിയ ചരിത്ര സെമിനാർ പ്രൗഢമായി. നവോത്ഥാന നായകന്മാർ തുടങ്ങിവച്ച സംരംഭങ്ങളുടെ മൗലികതയെ അട്ടിമറിക്കുകയും അന്യവൽകരിക്കുകയും ചെയ്യുന്നതിനെ സമൂഹം ഗൗരവമായി കാണണമെന്നും മുസ്‌ലിം സമൂഹത്തിന്റെ ധാർമികവും സാംസ്‌കാരികവുമായ പുനരുജ്ജീവനത്തിന് കരുത്തുപകരുന്നവിധം നവോത്ഥാന പദ്ധതികൾക്ക് രൂപം നൽകാൻ മുസ്‌ലിം സംഘടനകൾ മുന്നോട്ടുവരണമെന്നും സെമിനാർ ആവശ്യപ്പെട്ടു.

മന്ത്രി അഹ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്തു. ‘നേർപഥം’ വാരിക സ്‌പെഷ്യൽ പതിപ്പ് പ്രകാശനവും മുഖ്യപ്രഭാഷണവും ഇ.ടി മുഹമ്മദ് ബഷീർ എംപി നിർവഹിച്ചു. ശരീഫ് എലാങ്കോട് പുസ്തകം ഏറ്റുവാങ്ങി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ് ആധ്യക്ഷ്യം വഹിച്ചു. രാഷ്ട്രീയ പ്രബുദ്ധതയുടെ ശതവർഷങ്ങളിലൂടെ, ചരിത്രത്തിൽ വിഷം കലർത്തുന്നവരോട്, ആത്മീയരംഗത്തെ ഉണർവിന്റെ നാളുകൾ, നവോത്ഥാനപാരമ്പര്യം വില കൊടുത്തുവാങ്ങേണ്ടതോ എന്നീ വിഷയങ്ങളിൽ യഥാക്രമം കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഡോ. ഷാനവാസ് പറവണ്ണ, സിപി. സലീം, സുഫ്‌യാൻ അബ്ദുസ്സലാം എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. നാസിർ ബാലുശ്ശേരി, കെ. താജുദ്ദീൻ സ്വലാഹി, ശമീൽ അരീക്കോട്, ഉസ്മാൻ പാലക്കാഴി സംസാരിച്ചു.

### വിസ്ഡം; നവോത്ഥാന പിന്തുടർച്ച ഏറ്റെടുത്ത പ്രസ്ഥാനം: മന്ത്രി അഹ്മദ് ദേവർകോവിൽ

‘ചരിത്രപരമായ കാരണങ്ങളാൽ വിദ്യാഭ്യാസപരമായും സാമുഹികമായും പിന്നോക്കം നിന്നിരുന്ന ഒരു സമുഹത്തിൽ നവോത്ഥാനത്തിന്റെ ഉണർത്തുപാട്ടുമായി ധാരാളം സംഘങ്ങൾ കടന്നുവന്നിട്ടുണ്ട്. ഐക്യസംഘവും പിന്നീട് വന്നിട്ടുള്ള മുജാഹിദ് സംഘടനകളുമൊക്കെ ഈ രംഗത്ത് വലിയ പങ്കുവഹിച്ചിട്ടുണ്ട്. പിറന്ന നാടിന വൈദേശികാധിപത്യത്തിൽനിന്ന് മോചിപ്പിക്കുന്നതിനായി ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തിയവരാണ് മുസ്‌ലിംകൾ. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ വിശിഷ്യാ കേരളസമുഹത്തിൽ വിദ്യാഭ്യാസപരമായും സാംസ്‌കാരികമായും സാമുഹികമായും വലിയ മുന്നേറ്റങ്ങൾ നടത്താൻ ഇസ്‌ലാമിക സമുഹത്തിന് സാധ്യമായിട്ടുണ്ട്. ഈ ദൗത്യനിർവഹണത്തിൽ നവോത്ഥാനത്തിന്റെ മുന്നണിപ്പോരാളികളായ മുജാഹിദ് പ്രസ്ഥാനം നിർവഹിച്ച പങ്ക് വളരെ നിസ്തുലമാണ്. പുതിയകാലത്ത് നവോത്ഥാന പിന്തുടർച്ച സാധ്യമാക്കുന്നതിലും പ്രബോധനരംഗത്തും വിദ്യാഭ്യാസ ജീവകാരുണ്യപ്രവർത്തനങ്ങളിലും വിസ്ഡം വഹിക്കുന്ന പങ്ക് നിസ്തുലമാണ്.’

### ‘നേർപഥം’ പേരിനെ അന്വർഥമാക്കുന്ന വാരിക: ഇ.ടി മുഹമ്മദ് ബഷീർ എംപി

‘ഒരു ജനതതി കടന്നുവന്ന വഴികളെപ്പറ്റി ആലോചിക്കുന്ന സമയത്ത് നമ്മുടെ മുമ്പിൽ തെളിഞ്ഞുവരുന്ന നിരവധി ചിത്രങ്ങളുണ്ട്. ആദ്യകാല നവോത്ഥാന നായകന്മാർ നേരിട്ടിരുന്ന വെല്ലുവിളികളും പ്രയാസങ്ങളും ശാരീരിക മാനസിക പീഡനങ്ങളും നമുക്ക് മറക്കാൻ കഴിയില്ല. കാലം മാറി. പ്രബോധനരംഗത്ത് ഏറ്റവും നൂതനമായ എല്ലാവിധ സാങ്കേതിക വിദ്യകളും അവലംബിക്കുവാൻ കഴിയുന്ന ഒരു പശ്ചാത്തലം സംജാതമായി. സത്യസന്ധമായ ചരിത്രത്തെ വക്രീരിക്കുവാനും അതുവഴി സമുദായത്തിന്റെ അഭിമാനാർഹമായ പശ്ചാത്തലത്തെ താറടിച്ചുകാണിക്കുവാനുമൊക്കെയുള്ള ശ്രമം ഇന്ന് വളരെ സജീവമായി നടക്കുന്നുണ്ട്. അതിനാൽ നമ്മുടെ ഉത്തരവാദിത്തം വർധിച്ചിരിക്കുകയാണ്.’

‘പണ്ടൊക്കെ പ്രസിദ്ധീകരണങ്ങൾ വളരെ കുറവായിരുന്നു. ഇന്ന് ധാരാളം പ്രസിദ്ധീകരണങ്ങളായി. നേർപഥം ഞാൻ മിക്കവാറും വായിക്കാറുണ്ട്. നേർപഥം എന്ന പേരിനെ ഇത് അന്വർഥമാക്കുന്നുണ്ട്. പീസ് റേഡിയോ ഞാൻ കേൾക്കാറുണ്ട്. ഇവയുടെ സത്യസന്ധമായ സമീപനം ചെറുതല്ല. ഞങ്ങൾക്ക് നിർവഹിക്കാൻ ഒരു ദൗത്യമുണ്ടെന്ന ബോധം ഇതിന്റെ നടത്തിപ്പുകാരെ നയിക്കുന്നു എന്നത് വലിയ സന്തോഷമുള്ള കാര്യമാണ്. നേർപഥം എന്ന ടൈറ്റിൽ കൃത്യമായും അർഥപൂർണമാക്കി പ്രവർത്തിക്കുവാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു, പ്രാർഥിക്കുന്നു.’

മുഖമൊഴി

# 'ജെൻഡർ ന്യൂട്രൽ' എന്തിന് വിദ്യാർഥിസമൂഹത്തിൽ ഒതുക്കണം?

പുരോഗമനത്തിന്റെയും സംസ്കാരികോന്നമനത്തിന്റെയും അടയാളം കാലങ്ങളായി സമൂഹം നിലനിർത്തിപ്പോരുന്ന മതധാർമികമൂല്യങ്ങളെയും മാനുഷിക ഗുണങ്ങളെയും കയ്യൊഴിയലാണ് എന്ന് ലിബറൽ ചിന്താഗതിക്കാർ ധരിച്ചുവശായിരിക്കുന്നു എന്നാണ് തോന്നുന്നത്. ലിബറലിസത്തിന്റെ പേരിൽ മതനിരാസ ചിന്തകൾ സമൂഹഗാത്രത്തിൽ കുത്തിവയ്ക്കാനുള്ള ശ്രമമാണ് ഇക്കൂട്ടർ നടത്തുന്നത്. വിദ്യാർഥികൾക്കിടയിൽ 'മതമില്ലാത്ത ജീവനിൽ'തുടങ്ങി ഇപ്പോൾ അത് 'ലിംഗ നിഷ്പക്ഷത'യിൽ എത്തിനിൽക്കുകയാണ്.

'ജെൻഡർ ന്യൂട്രൽ' എന്നതിന്റെ അർഥം 'ലിംഗ നിഷ്പക്ഷത' എന്നാണ്. ആൺ-പെൺ വേർതിരിവ് ഒരു രംഗത്തും കാണിക്കാതിരിക്കുക എന്ന് ഉദ്ദേശം. അതിന്റെ ആദ്യപടിയായി ബാലുശ്ശേരിയിലെ ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂളിലെ കുട്ടികൾക്ക് ആൺകുട്ടിളുടേതുപോലെയുള്ള പാന്റ്സും ഷർട്ടും യുനിഫോമായി നിശ്ചയിച്ചിരിക്കുകയാണ്. ആൺകോയ്മയ്ക്കെതിരെയുള്ള വിജയത്തിന്റെ ആദ്യപടിയായി ചിലർ ഇതിനെ കാണുന്നുണ്ട്. വാസ്തവത്തിൽ ഇത് ആൺകോയ്മ പെൺകുട്ടികളുടെ മേൽ അടിച്ചേൽപിക്കലല്ലേ? എല്ലാ ആൺകുട്ടികളും പാവാടയും കുപ്പായവും ധരിക്കണമെന്ന് തീരുമാനിച്ചാൽ അത് ലിംഗ നിഷ്പക്ഷതിയിൽ പെടില്ലേ? പെണ്ണ് ആണിന്റെ വേഷം കെട്ടൽ മാത്രമാണോ നിഷ്പക്ഷത?

വിദ്യാർഥിനികളുടെ സ്വയം തിരഞ്ഞെടുപ്പവകാശത്തെ ഹനിക്കുന്നതും ആണധികാര താൽപര്യങ്ങൾ അടിച്ചേൽപിക്കുന്നതുമാണ് യൂനിഫോം പരിഷ്കാരത്തിൽ തെളിഞ്ഞുകാണുന്നത് എന്ന് വിലപിക്കാൻ ഒരു ഫെമിനിസ്റ്റിനെയും നാം കാണുന്നില്ലല്ലോ!

സ്കൂളിൽ പഠിക്കുന്ന പല പെൺകുട്ടികളുടെയും രക്ഷിതാക്കൾക്ക് ഈ മാറ്റത്തോട് യോജിപ്പില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. പിടിഎയുടെ നിർദേശം അധ്യാപകർ അംഗീകരിക്കുകയാണത്രെ ഉണ്ടായത്.

മന്ത്രിയും എംഎൽഎയും ഉൾപ്പെടെയുള്ളവർ പങ്കെടുത്തുകൊണ്ട് ഇതിന്റെ പ്രഖ്യാപനച്ചടങ്ങ് ആഘോഷപൂർവം നടത്തിയതിൽനിന്നും ഇതിനു പിന്നിൽ പിടിഎ കമ്മിറ്റിയുടെ ഏകപക്ഷീയമായ തീരുമാനമല്ല എന്ന് വ്യക്തമാണല്ലോ. ആൺകുട്ടികളുടെ വേഷത്തിലേക്ക് പെൺകുട്ടികൾ മാറുന്നതോടെ തുല്യത കൈവരും എന്നത് വല്ലാതൊരു ചിന്തതന്നെ.

സ്കൂളിന് പുറത്ത് പെൺകുട്ടികളുടെ സ്വയം തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടി വാദിക്കുന്നവർ സ്കൂളിൽ അത് അനുവദിക്കില്ല എന്ന് പറയുന്നത് മിതമായി പറഞ്ഞാൽ സാംസ്കാരിക ഫാഷിസമല്ലേ? ഗേൾസ് സ്കൂളിലാണ് ഈ നിയമം പാസാക്കിയിരിക്കുന്നത്! 'ഗേൾസ് സ്കൂൾ' എന്ന ആശയംതന്നെ ഇവരുടെ തത്ത്വശാസ്ത്രപ്രകാരം തെറ്റല്ലേ? ആൺകുട്ടികളും പെൺകുട്ടികളും വേണം. അവർ ഇടകലർന്നിരിക്കണം. അവർക്ക് ശുചിമുറികൾ ഒന്നായിരിക്കണം... അപ്പോഴാണല്ലോ ശരിക്കും 'ന്യൂട്രൽ' ആകുന്നത്. വിദ്യാർഥിസമൂഹം മാത്രം ന്യൂട്രൽ ആയാൽ മതിയോ? മുതിർന്നവരും ആകേണ്ടേ? ബസ്സുകളിലും പൊതുശൗചാലയങ്ങളിലും സ്ത്രീകൾ എന്ന് എഴുതിവച്ചത് മായ്ച്ചുകളയാൻ സമയം വൈകിയില്ലേ? ആൺപെൺ വ്യത്യാസമില്ലാതെ എല്ലാ മുതിർന്നവരും ഒരേ പോലുള്ള വസ്ത്രം ധരിച്ച് 'ന്യൂട്രൽ' ആകേണ്ടേ? ആദ്യം ജനപ്രതിനിധികൾ മാതൃക കാണിക്കട്ടെ.

ഏതായിരുന്നാലും ഈ നീക്കം ആശങ്കാജനകമാണ്. ഇങ്ങനെയുള്ള വേഷം കെട്ടിക്കൽ പുരോഗമനമാണെന്ന് വിചാരിക്കുന്നവർ സ്വപ്നലോകത്തുനിന്നും യാഥാർഥ്യത്തിന്റെ ലോകത്തേക്ക് ഇറങ്ങിവരേണ്ടതുണ്ട്. കേരളമെന്ന ബഹുസ്വരതയുടെ പര്യായമായ സംസ്ഥാനത്തിലെ ന്യൂനാൽ ന്യൂനപക്ഷമേ ഇതിനെ അംഗീകരിക്കുകയുള്ളൂ, ബഹുഭൂരിപക്ഷവും എതിരായിരിക്കും. ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവർ വിവേകപൂർണമായ തീരുമാനങ്ങളാണ് കൈക്കൊള്ളേണ്ടത്.

അബൂതൻവീൽ
mail@nerpatham.com

ലേഖനം



# മസ്കൻ

അല്ലാഹു നമുക്ക് ചെയ്തുന്ന അതിമഹത്തായ ഒരു അനുഗ്രഹമാണ് നമ്മുടെ വീട്. ശാന്തിയുടെ ഇടം എന്ന് അർഥമുള്ള 'മസ്കൻ' എന്ന് അറബിയിൽ വീടിന് പറയും. വീട് തീർത്തും 'മസ്കൻ' ആയിത്തീരാൻ നാം ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങളെ കുറിച്ചാണ് ഇതിലൂടെ പ്രതിപാദിക്കുന്നത്.

തിരക്കു പിടിച്ച ജീവിതത്തിനിടയിൽ ശാന്തിയും സമാധാനവും അനുഭവിക്കുന്നതിന് നല്ല ഗൃഹാന്തരീക്ഷം അനിവാര്യമാണ്.

"അല്ലാഹു നിങ്ങൾക്കു നിങ്ങളുടെ വീടുകളെ വിശ്രമസ്ഥാനമാക്കിയിരിക്കുന്നു. കാലികളുടെ തോലുകളിൽ നിന്നും അവൻ നിങ്ങൾക്ക് പാർപ്പിടങ്ങൾ നൽകിയിരി

ക്കുന്നു. നിങ്ങൾ യാത്ര ചെയ്യുന്ന ദിവസവും നിങ്ങൾ താവളമടിക്കുന്ന ദിവസവും നിങ്ങൾ അവ അനായാസം ഉപയോഗപ്പെടുത്തുന്നു. ചെമ്മരിയാടുകളുടെയും ഒട്ടകങ്ങളുടെയും കോലാടുകളുടെയും രോമങ്ങളിൽനിന്ന് ഒരു അവധിവരെ ഉപയോഗിക്കാവുന്ന വീട്ടുപകരണങ്ങളും ഉപഭോഗസാധനങ്ങളും (അവൻ നൽകിയിരിക്കുന്നു)" (ക്വുർആൻ 16:80).

ഒരു ഭവനം സമ്പൂർണമായും ഇസ്‌ലാമികമാകുമ്പോഴാണ് അത് 'മസ്കൻ' ആയി മാറുക. അപ്രകാരമായിരിക്കണമെന്ന നിർബന്ധബുദ്ധി വിശ്വാസികൾക്ക് ഉണ്ടായിരിക്കേണ്ടതുണ്ട്.

ശരീരവും വസ്ത്രവും ശുചിയായി സൂക്ഷിക്കുവാൻ നാം ശ്രദ്ധിക്കാറുണ്ട്. അതേപോലെ നമ്മുടെ വീടും പരിസരവും ഗൃഹോപകരണങ്ങളും സാധനസാമഗ്രികളുമെല്ലാം വൃത്തിയും ശുചിത്വവുമുള്ളതായിരിക്കാൻ നാം എപ്പോഴും ശ്രദ്ധിക്കണം. ഈ വിഷയത്തിൽ വീട്ടിലുള്ള മുതിർന്ന അംഗങ്ങൾ കുട്ടികളെയും പരിശീലിപ്പിക്കേണ്ടതുണ്ട്. ഓരോരുത്തരും ഒരു കാര്യത്തിന് എടുത്ത സാധനം യഥാസ്ഥാനത്തുതന്നെ തിരിച്ചുവെക്കുന്നതിൽ പോലും കണിശത കാണിക്കണം. വേസ്റ്റുകളുടെ സംസ്കരണ വിഷയത്തിൽ കാര്യമായ ശ്രദ്ധവേണം.

റസൂൽﷺ പറഞ്ഞു: "അല്ലാഹു നല്ലവനാകുന്നു. അവൻ നല്ലത് ഇഷ്ടപ്പെടുന്നു. ശുദ്ധൻ, അവൻ ശുദ്ധി ഇഷ്ടപ്പെടുന്നു. ഉദാരനാണവൻ, അവൻ ഔദാര്യം ഇഷ്ടപ്പെടുന്നു. അതിനാൽ നിങ്ങളുടെ അങ്കണം വൃത്തിയാക്കി വെക്കുക... ജൂതന്മാരോട് നിങ്ങൾ താദാത്മ്യം പുലർത്താതിരിക്കുക" (തിർമുദി 2799).

വീട്ടിലേക്ക് പ്രവേശിക്കുന്നത് മുതൽ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പ്രവാചകൻﷺ നമ്മെ ഉണർത്തിയിട്ടുണ്ട്. അല്ലാഹുവിന്റെ നാമത്തിൽ (ബിസ്മി ചൊല്ലിക്കൊണ്ട്) വീട്ടിൽ പ്രവേശിക്കൽ ഇസ്‌ലാമികമായ മര്യാദയാണ്.

പ്രവാചകൻﷺ പറഞ്ഞു: "ഒരാൾ തന്റെ വീട്ടിലേക്ക് പ്രവേശിക്കുകയും പ്രവേശിക്കുന്ന വേളയിൽ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുകയും ബിസ്മി ചൊല്ലിക്കൊണ്ട് ഭക്ഷണം കഴിക്കുകയും ചെയ്താൽ പിശാച് തന്റെ കൂട്ടാളികളോട് പറയും; നിങ്ങൾക്ക് ഇവിടെ താമസമോ ഭക്ഷണമോ ഇല്ലെന്ന്..." (മുസ്‌ലിം 2018).

വീട്ടിലെ അംഗങ്ങൾ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ ശ്രമിക്കണം. അതിന് ഒരു സമയക്രമം ഏറെ ഉപകാരപ്പെടും. ഒരുമിച്ചിരുന്ന് കഴിക്കുന്നതിലാണ് 'ബറകത്ത്' എന്നാണല്ലോ പ്രവാചകൻﷺ നമ്മെ ഉപദേശിച്ചിട്ടുള്ളത്. ഇങ്ങനെയാകുമ്പോൾ ഭക്ഷണ മര്യാദകളിൽ വീട്ടിലെ അംഗങ്ങളുടെ ശ്രദ്ധകൊണ്ടുവരുന്നതിൽ ഗൃഹനാഥനോ നാഥക്കോ ശ്രദ്ധിക്കാനുമാവും.

പ്രവാചകൻﷺ നിർദേശിച്ചപോലെ പ്രാർഥനകളിലും ദൈവസ്മരണയിലും വ്യാപൃതരായി, ക്വുർആൻ പാരായണവും നമസ്കാരങ്ങളും നിർവഹിച്ച്, തിന്മകളുടെ മാർഗങ്ങളിൽനിന്നെല്ലാം വേർപെട്ട് വിശ്വാസിയുടെ വീട് മറ്റു വീടുകളിൽനിന്ന് വ്യതിരിക്തമായി നിൽക്കേണ്ടതുണ്ട്.

പ്രവാചകനിﷺൽനിന്ന് അബൂമൂസﷺ നിവേദനം ചെയ്യുന്നു: "അല്ലാഹുവിനെ സ്മരിക്കുന്ന ഭവനങ്ങളും സ്മരിക്കാത്ത ഭവനങ്ങളും തമ്മിലുള്ള അന്തരം ജീവിച്ചിരിക്കുന്നവനെയും മരണപ്പെട്ടവനെയും പോലെയാണ്."

"നിങ്ങളുടെ സുന്നത്ത് നമസ്കാരം നിങ്ങളുടെ വീടുകളിൽ നിന്നാക്കുക. വീടുകളെ ക്വബ്റിടങ്ങളാക്കാതിരിക്കുക" എന്നും നബിﷺ പറഞ്ഞതായി കാണാം.

വീട്ടിലാവുന്ന സമയങ്ങളിൽ പൊതുവെ വസ്ത്രത്തിന്റെ കാര്യത്തിൽ ഭൂരിപക്ഷമാളുകളും വലിയ ശ്രദ്ധ കാണിക്കാറില്ല. ഒരു യാത്രയുടെ അവസാനം പ്രവാചകൻﷺ പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ സഹോദരന്മാരെ സമീപിക്കുകയാണ്. അതിനാൽ നിങ്ങളുടെ വാഹനങ്ങൾ വൃത്തിയാക്കുവിൻ, വസ്ത്രങ്ങൾ മനോഹരമാക്കുവിൻ, ജനങ്ങളുടെ കണ്ണിൽ നിങ്ങളങ്ങനെ കേമന്മാരായി തോന്നട്ടെ. മേച്ഛത അല്ലാഹു ഇഷ്ടപ്പെടുന്നില്ല; വൃത്തിഹീനമാവുന്നതും" (അബൂദാവൂദ് 17622).



നമ്മുടെ വസ്ത്രത്തിന്റെ കാര്യത്തിലായാലും വാഹനത്തിന്റെ കാര്യത്തിലായാലും വൃത്തി നിർബന്ധമാണ്. വീട്ടിലും ഇതിൽ ശ്രദ്ധപുലർത്തണം. ആരെങ്കിലും നമ്മുടെ വീട്ടിലേക്ക് കടന്നുവരാൻ ഇടയായാൽ ആക്ഷേപകരമായ യാതൊന്നും അയാളുടെ കണ്ണിൽപ്പെടാനിടയാവരുത്. അതാകട്ടെ ഭംഗിയും അലങ്കാരവും ക്രമീകരണവുംകൊണ്ടേ സാധ്യമാവുകയുള്ളൂ. വീട്ടംഗങ്ങളുടെ മുഴുവൻ സ്വഭാവമായിത്തീരേണ്ട കാര്യമാണിത്. ഭർത്താവിനും മക്കൾക്കും ഭാര്യ ഇക്കാര്യത്തിൽ മാതൃകയാവണം. പുരുഷൻ മാതൃകയായിരിക്കുകയും വേണം. ഇത്തരം പെരുമാറ്റച്ചട്ടങ്ങൾ വീട്ടുകാരെല്ലാവരും വശത്താക്കിയിരിക്കണം. ജോലിക്കും പുറത്തിറങ്ങാനും ഉറക്കത്തിനുമൊക്കെ വിശ്വാസിക്ക് അതിന്റേതായ വസ്ത്രങ്ങളുണ്ടാവണം.

ഉസാമ﵁ കുട്ടിയായിരിക്കെ അദ്ദേഹത്തെ വൃത്തിയില്ലാതെ കാണാനിടയാവുമ്പോൾ റസൂൽﷺ വൃത്തിയാക്കുമായിരുന്നു. ആഇശ﵂ സ്ത്രീകളോട് ഭർത്താക്കന്മാരുടെ മുന്നിൽ സുന്ദരികളായിരിക്കാൻ ഉപദേശിക്കാറുണ്ടായിരുന്നു. ഇബ്നുഅബ്ബാസ്﵁ പുരുഷന്മാരോട്, തങ്ങളുടെ ഭാര്യമാർക്കുവേണ്ടി ചമഞ്ഞൊരുങ്ങാൻ പറയാറുണ്ടായിരുന്നു

ഒരു വീടെന്ന് പറയുമ്പോൾ അയൽക്കാരും മറ്റുള്ളവരും അതിന്റെ ഭാഗമാണ്. ബന്ധുക്കളും ആശ്രിതരുമടക്കം പലവിധം ആളുകളുടെ ഒരു കൂട്ടമാണത്. അതിനാൽ, ഒരാളും മറ്റൊരാൾക്ക് ശല്യമായിക്കൂടാ. സ്വസ്ഥമായിരിക്കാനുള്ള അവകാശം ഓരോരുത്തർക്കും ലഭിക്കേണ്ടതുണ്ട്. ഒരു വീട്ടിലെ ഏറ്റവും വലിയ ശല്യവും ഉപദ്രവവും അതിനുള്ളിലെ അച്ചടക്കരാഹിത്യവും ബഹളവും തന്നെയാണ്.

റസൂൽﷺ ഖുർആൻ കൊണ്ട് നിങ്ങൾ പരസ്പരം ശബ്ദമുയർത്തരുത് (മുവത്വ, അബൂദാവൂദ്) എന്ന് കൽപിക്കാറുണ്ടായിരുന്നു. എങ്കിൽ പിന്നെ ഇതര സംഗതികൾ വെച്ചുകൊണ്ട് മറ്റുള്ളവരെ ശല്യം ചെയ്യാതിരിക്കാൻ നാം കൂടുതൽ ശ്രദ്ധിക്കേണ്ടതല്ലേ. മുസ്‌ലിം ഭവനത്തിൽനിന്നും ആളുകൾക്ക് ശല്യമുണ്ടാക്കുന്ന, പ്രയാസം തോന്നിക്കുന്ന, ഉപദ്രവകരമായിത്തീരുന്ന യാതൊന്നും കേൾക്കുവാൻ പാടില്ല. അവൻ മൂലം അയൽക്കാരൻ ദുഃഖമനുഭവിക്കാൻ ഇടയാവരുത്. ചിലർ ടി.വിയും റേഡിയോയുമൊക്കെ തുറന്നാൽ അകത്തുള്ളവർക്കും പുറത്തുള്ളവർക്കും ശല്യമായിരിക്കും. അയൽക്കാരെ ദ്രോഹിക്കുന്നത് നരകശിക്ഷ ക്ഷണിച്ചുവരുത്തുന്ന കാര്യമാണെന്ന് ഓർക്കുക.

രഹസ്യം സൂക്ഷിക്കൽ വിശ്വാസിയുടെ ഭവനത്തിന്റെ സ്ഥായിയായ ശീലമായിരിക്കണം. വീട്ടുവിശേഷങ്ങളെല്ലാം മറ്റുള്ളവർ അറിയേണ്ടതില്ല. അപ്രകാരംതന്നെ ഭാര്യാഭർതൃബന്ധത്തിലെ രഹസ്യങ്ങൾ പരസ്യപ്പെടുത്തുന്നതിനെതിരെ പ്രവാചകൻﷺ പ്രത്യേകം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.


മുസ്‌ലിമും അബുദാവൂദും ഉദ്ധരിച്ച ഒരു ഹദീഥ് കാണുക: "അന്ത്യനാളിൽ നീചസ്ഥാനീയനായ മനുഷ്യൻ, ഭാര്യാഭർതൃ സംഗമത്തിനുശേഷം ഇരുവരുടെയും സ്വകാര്യങ്ങൾ പ്രചരിപ്പിച്ചവനാകുന്നു."

ആരാധനകൾക്കും പഠനത്തിനുമുള്ള ക്രമീകരണം നമ്മുടെ വീടുകളിൽ സജ്ജീകരിക്കണം. ജമാഅത്ത് നമസ്കാരങ്ങളുടെ കാര്യത്തിൽ ഗൃഹനാഥന് കണിശതയുണ്ടാകണം അതിന് കുട്ടികളെയടക്കം മറ്റു അംഗങ്ങളെ തയ്യാറാക്കുന്നതിൽ കൃത്യമായ ശ്രദ്ധയുമുണ്ടായിരിക്കണം.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും നരകാഗ്നിയിൽ നിന്ന് കാത്തുകൊള്ളുക..." (അത്തഹ്‌രീം: 6).

"നിന്റെ കുടുംബത്തോട് നമസ്കരിക്കാൻ കൽപിക്കുക" (ത്വാഹാ: 132).

"അദ്ദേഹം തന്റെ കുടുംബത്തോട് നമസ്കാരം നിർവഹിക്കുവാനും സകാത്ത് നൽകുവാനും കൽപിച്ചിരുന്നു" (മർയം: 55).



നബിﷺയുടെ ഭാര്യമാരോട് അല്ലാഹു പറഞ്ഞു: "അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽനിന്നും തത്ത്വങ്ങളിൽ നിന്നും നിങ്ങളുടെ വീടുകളിൽ പാരായണം ചെയ്യപ്പെടുന്നത് നിങ്ങൾ അനുസ്മരിച്ചുകൊണ്ടിരിക്കുക" (അൽഅഹ്സാബ്: 34).

ഇതിൽ നിന്നും ക്വുർആൻ പഠനവും പഠിപ്പിക്കലും വീടുകളിൽവെച്ച് നടക്കണമെന്ന സന്ദേശമാണ് നമുക്ക് ലഭിക്കുന്നത്. അതിനുള്ള മാധ്യമങ്ങൾ ഇന്ന് നമ്മുടെ മുമ്പിൽ സുലഭമാണ്. പക്ഷേ, അത് പ്രാവർത്തികമാക്കുന്നേടത്ത് നാം പലപ്പോഴും പരാജയപ്പെട്ടുപോവാറുണ്ടെന്നത് യാഥാർഥ്യവുമാണ്.

ജീവിതാവശ്യങ്ങളിൽ മിതത്വം ശീലിപ്പിക്കുവാൻ വീടുകളിൽ പ്രത്യേകം പദ്ധതികൾ തയ്യാറാക്കണം. ഏത് കാര്യത്തിലും പാലിക്കപ്പെടേണ്ട കാര്യങ്ങൾ അവഗണിച്ചാൽ അതിന്റെ തിക്തഫലം അനുഭവിക്കേണ്ടി വരിക സ്വാഭാവികമാണ്; അത് ഭക്ഷണത്തിന്റെ കാര്യത്തിലായാലും വസ്ത്രത്തിന്റെ കാര്യത്തിലായാലും മറ്റേത് വിഷയത്തിലായാലും. അതിനാൽ ജീവിതത്തിൽ ഒരു വിശ്വാസി മിതത്വം നിർബന്ധമായും ശീലിക്കേണ്ടതാണ്.

"ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക, നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (അൽഅഅ്റാഫ്: 31).

വീട്ടിൽ ഭക്ഷണത്തിനും പാനീയത്തിനുമെന്നപോലെ വ്യായാമത്തിനും വ്യവസ്ഥാപിത സംവിധാനമുണ്ടാക്കുന്നത് ഗുണകരമാണ്. ഭക്ഷണത്തിന്റെ ദോഷകരമായ പാർശ്വഫലങ്ങളെ അതുവഴി ഇല്ലാതാക്കാൻ സാധിക്കും. മുസ്ലിമിനോട് നിഷ്കർഷിച്ചിട്ടുള്ള ശക്തി സംഭരണത്തിനുള്ള ഒരുപാധിയുമാണത്.

സ്വഹീഹായ ഒരു ഹദീഥിൽ ഇങ്ങനെ കാണാം: "ശക്തനായ വിശ്വാസി ദുർബലനായ വിശ്വാസിയെക്കാൾ ഉത്തമനും അല്ലാഹുവിന് പ്രിയപ്പെട്ടവനുമാകുന്നു" (അഹ്മദ്, മുസ്ലിം).

തന്നോടും കുടുംബത്തോടും നിഷ്കർഷിച്ചിട്ടുള്ള ബാധ്യതകൾ നിർവഹിക്കാൻ മുസ്ലിം സദാ ജാഗരൂകനായിരിക്കണം. അപ്രകാരംതന്നെ നിരോധങ്ങളിൽനിന്നു സ്വന്തത്തെയും കുടുംബത്തെയും അകറ്റിനിർത്തുകയും വേണം.

മനുഷ്യത്വത്തിന് നിരക്കാത്ത എല്ലാറ്റിൽനിന്നും വിശ്വാസിയുടെ ഭവനം മുക്തമായിരിക്കണം. നിഷിദ്ധങ്ങളും അനഭിലഷണീയങ്ങളും പാടെ വർജിക്കണം.

> **ഒരു വീടെന്ന് പറയുമ്പോൾ അയൽക്കാരും മറ്റുള്ളവരും അതിന്റെ ഭാഗമാണ്. ബന്ധുക്കളും ആശ്രിതരുമടക്കം പലവിധം ആളുകളുടെ ഒരു കൂട്ടമാണത്. അതിനാൽ, ഒരാളും മറ്റൊരാൾക്ക് ശല്യമായിക്കൂടാ. സ്വസ്ഥമായിരിക്കാനുള്ള അവകാശം ഓരോരുത്തർക്കും ലഭിക്കേണ്ടതുണ്ട്. ഒരു വീട്ടിലെ ഏറ്റവും വലിയ ശല്യവും ഉപദ്രവവും അതിനുള്ളിലെ അച്ചടക്കരാഹിത്യവും ബഹളവും തന്നെയാണ്.**

ഔറത്ത് (നഗ്നത) അനാവൃതമാകുന്നത് പ്രത്യേകം സൂക്ഷിക്കണം. കുട്ടികൾക്കുപോലും അക്കാര്യത്തിൽ അവബോധമുണ്ടാക്കും വിധമായിരിക്കണം മുസ്ലിം ഭവനത്തിലെ സമ്പ്രദായങ്ങൾ. പെൺകുട്ടികൾ ബാല്യത്തിൽ ത്തന്നെ അന്യപുരുഷന്മാരുമായി ഇടകലരാതെ പെരുമാറി ശീലിക്കണം.

വീടിന്റെ കതകുകൾ എപ്പോഴും അടച്ചിടണം. കള്ളന്മാരിൽനിന്നും ചാരന്മാരിൽ നിന്നുമുള്ള സുരക്ഷിതതത്തിന് അത് അനിവാര്യമാണ്. വീടിന്റെ സുരക്ഷിതത്വം അപകടത്തിലാകാനിടയുള്ള എല്ലാറ്റിലും ശ്രദ്ധവേണം.

എളുപ്പം തീ പിടിക്കാവുന്നവ ഏതെന്നും വീടിന്റെ അകവും പുറവുമൊക്കെ വികൃതമാക്കുന്നവ എന്തൊക്കെയെന്നും എപ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കണം.

വീണുപോകാൻ ഇടയുള്ളിടത്ത് കിടന്നുറങ്ങരുത്. അപകടങ്ങളിൽപെടാനിടയുള്ളിടങ്ങളിൽ വെച്ച് കളിക്കാൻ കുട്ടികളെ അനുവദിക്കരുത്. കുട്ടികൾക്ക് ഹാനിയുണ്ടാക്കുന്ന മരുന്നുകൾ, മൂർച്ചയുള്ള ഉപകരണങ്ങൾ, എളുപ്പം പൊട്ടുന്ന പാത്രങ്ങൾ തുടങ്ങിയവ അവരുടെ കൈയെത്തുന്നിടത്ത് വെക്കരുത്.

ഇപ്രകാരം ദീനിനും സുരക്ഷിതത്വത്തിനും ഹിതകരമല്ലാത്ത എല്ലാറ്റിൽ നിന്നും വിശ്വാസിയുടെ ഭവനം മുക്തമായിരിക്കേണ്ടത് അത്യാവശ്യമാണ്.

നബീൽ പയ്യോളി
nabeelpayyoly@gmail.com



# സ്വത്വബോധവും പുരോഗമന നാട്യങ്ങളും

**വ്യക്തിത്വവും അനുഭവ പരിസരവുമുള്ളവരാണ് ഓരോ മനുഷ്യനും. പൊതുസമൂഹം നിശ്ചയിച്ച പുരോഗമനത്തിന്റെ അളവുകോലുകൾക്കുള്ളിൽ കയറിക്കൂടാനായി സ്വത്വബോധം അടിയറ വെക്കുന്നത് ആത്മാഭിമാനം നഷ്ടപ്പെടുത്തുന്ന പ്രവൃത്തിയാണെന്ന് മാത്രമല്ല, മഹാ വിവരക്കേടുമാണ്.**

ആദ്യമേ പറയട്ടെ, ഈ ലേഖനം കേരളത്തിലെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയെ പ്രശംസിക്കുകയോ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയെ ആക്ഷേപിക്കുകയോ ചെയ്യുവാൻ എഴുതിയതല്ല. സർക്കാരിനെ അടച്ചാക്ഷേപിക്കുന്നതുമല്ല. നിയമപാലകരുടെ ഭാഗത്തുനിന്നുണ്ടാകുന്ന ശരിയല്ലാത്ത നിലപാടുകളെ ചുണ്ടിക്കാണിക്കുന്നുണ്ട്, എന്നാൽ അത് പോലീസ് സേനയെ മൊത്തം കുറ്റപ്പെടുത്തലല്ല. അനീതിക്കെതിരായി പ്രതികരിക്കുക എന്നത് മാത്രമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

'സത്യം പറയുക, അതിന്റെ അനന്തരഫലം കൈപ്പുള്ളതാണെങ്കിലും' എന്ന പ്രവാചക വചനമാണ് ഇതിനു പ്രേരകം.

കഴിഞ്ഞ മാസം ആലുവയിൽ മോഫിയ പർവീൻ എന്ന് പേരുള്ള ഒരു നിയമ വിദ്യാർഥിനി ആത്മഹത്യ ചെയ്യുകയുണ്ടായി. ആത്മഹത്യയിലേക്ക് തന്നെ നയിച്ചതിൽ പൊലീസിന്റ കൃത്യവിലോപം കൂടി മോഫിയ ആത്മഹത്യക്കുറിപ്പിൽ സൂചിപ്പിച്ചിട്ടുണ്ട്. ആലുവ സി.ഐ സുധീറിനെതിരെ മുൻപും ആരോപണങ്ങൾ ഉണ്ടായിട്ടും ഫലപ്രദമായ നടപടി സ്വീകരിക്കാൻ ആഭ്യന്തര വകുപ്പ് തയ്യാറാകാത്തതിന്റെ കൂടി പരിണിത ഫലമാണ് ഒരു യുവതിയുടെ ജീവൻ നഷ്ടമാക്കുന്നതിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നത് എന്നാണ് മാധ്യമങ്ങൾ വിലയിരുത്തുന്നത്. നിരന്തര പ്രക്ഷോഭങ്ങൾക്കും സമൂഹത്തിന്റെ വിവിധ കോണുകളിൽനിന്നുയർന്ന മുറവിളിക്കും ഒടുവിൽ സിഐയെ സസ്പെൻഡ് ചെയ്യാൻ ആഭ്യന്തര വകുപ്പ് തയ്യാറാവുകയുണ്ടായി എന്നത് നല്ല കാര്യം. യുവതിയുടെ ജീവഹാനിക്ക് കാരണക്കാരായ പോലീസ് ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന നിലപാടാണ് തുടക്കം മുതൽ ആഭ്യന്തര വകുപ്പും പോലീസും സ്വീകരിച്ചത്.

എന്നാൽ അതിനെക്കാൾ ഗുരുതരമായ ഒരു ക്രൂരത ഈ സമയത്തും പോലീസ് ചെയ്തു എന്നത് മലയാളികളെ സംബന്ധിച്ചിടത്തോളം ഞെട്ടലുണ്ടാക്കുന്നതാണ്. കേരളത്തിലെ ഒരു പ്രബല രാഷ്ട്രീയ പാർട്ടിയാണ് പ്രസ്തുത സമരത്തിൽ മുന്നിൽ നിന്നത്. സമരക്കാർക്കെതിരെ കേസെടുക്കുന്നത് സ്വാഭാവികം. എന്നാൽ സമരക്കാർക്കിടയിലെ മുസ്‌ലിം പേരുകൾ കാണുമ്പോൾ ചില കാക്കിധാരികൾക്കുള്ളിലെ വർഗീയത പുറത്ത് വരുന്നത് തികഞ്ഞ ക്രൂരതയുമാണ്. സമരം ചെയ്ത രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകർക്ക് ഏതെങ്കിലും തീവ്രവാദ ബന്ധമുണ്ടോ എന്ന് അന്വേഷിക്കാൻ വേണ്ടി കസ്റ്റഡിയിൽ ആവശ്യപ്പെട്ടുകൊണ്ടാണ് പോലീസ് കോടതിയിൽ റിമാൻഡ് റിപ്പോർട്ട് നൽകിയിരിക്കുന്നത്. അതോടൊപ്പം ജലപീരങ്കിക്ക് മുകളിൽ കയറി ഫോട്ടോ എടുത്ത് ഫേസ്ബുക്കിൽ അപ്‌ലോഡ് ചെയ്തത് ഏതെങ്കിലും തീവ്രവാദബന്ധത്തിന്റെ പേരിലാണോ എന്നന്വേഷിക്കണം എന്ന വിചിത്ര വാദവും റിമാൻഡ് റിപ്പോർട്ടിൽ പോലീസ് എഴുതിവെച്ചു എന്നത് അത്ഭുതപ്പെടുത്തുന്ന കാര്യമാണ്.

എതിർക്കുന്നവരെയെല്ലാം തീവ്രവാദികളാക്കി ജയിലിലടക്കുന്ന സംഘപരിവാർ ഭരണത്തിന് കീഴിലുള്ള പോലീസല്ല ഇവിടെയുള്ളത്. ഉത്തർപ്രദേശിലും മറ്റും ഇത്തരം കാര്യങ്ങൾ നടക്കുമ്പോൾ വലിയവായിൽ പ്രതിഷേധിച്ചവരാണ് നമ്മൾ. യോഗിരാജിനെ നിശിതമായി വിമർശിച്ച നമ്മുടെ കൺമുന്നിൽ നമ്മുടെ നാട്ടിലെ പോലീസുകാർ എഴുതിപ്പിടിപ്പിക്കുന്ന വിഷലിപ്തമായ വരികൾ കേരളപോലീസിലെ പലരും വർഗീയവൽകരിക്കപ്പെട്ടിരിക്കുന്നു എന്നല്ലേ സൂചിപ്പിക്കുന്നത്? ആലുവയിൽ സമരത്തിന് നേതൃത്വം നൽകിയ ജനപ്രതിനിധികളും പ്രതിപക്ഷ നേതാവും പൊതുസമൂഹവും ശക്തമായ പ്രതിഷേധം ഉയർത്തിയ സാഹചര്യത്തിൽ റിമാൻഡ് റിപ്പോർട്ട് തയ്യാറാക്കിയ ആലുവ എസ്ഐ ആർ.വിനോദിനെയും ഗ്രേഡ് എസ്ഐ രാജേഷിനെയും സർക്കാർ സസ്പെൻഡ് ചെയ്തിരിക്കുകയാണ്. സമരത്തിൽ പങ്കെടുത്ത് അറസ്റ്റിലായ മൂന്നു പേരുടെ റിമാൻഡ് റിപ്പോർട്ടിലാണ് പരാമർശം ഉൾപ്പെടുത്തിയത്. വേലിതന്നെ വിളവ് തിന്നുന്ന കാഴ്ചയെത്ര ഭീകരം. നീതിതേടി നിയമപാലകരെ സമീപിച്ച നിയമവിദ്യാർഥിയെയും കുടുംബത്തിനെയും അപമാനിച്ച് ആത്മഹത്യയിലേക്ക് തള്ളിവിട്ടതും പോരാ, നീതിക്ക് വേണ്ടി സമരം ചെയ്തവർക്ക് തീവ്രവാദ മുദ്രചാർത്താനും ശ്രമിച്ചിരിക്കുന്നു!

കേരള പോലീസിലെ ചിലരുടെ മോശം പെരുമാറ്റത്തെ കുറിച്ച് മുൻ ഡിജിപി ആർ. ശ്രീലേഖ ഈയിടെ ഫേസ്ബുക്കിൽ കുറിച്ചതുകൂടി നാം ഇതിനോടു ചേർത്ത് വായിക്കേണ്ടതുണ്ട്:

> **"പ്രബുദ്ധ മലയാളികളെ നാണിപ്പിക്കും വിധം വർഗീയ വിഷങ്ങൾ നമ്മുടെ നാടിനെ നിരന്തരം മലീമസമാക്കിക്കൊണ്ടിരിക്കുന്നു. എന്തിനും ഏതിനും എവിടെയും വർഗീയതയ്ക്ക് സ്കോപ്പ് തിരയുന്ന തിരക്കിലാണ് ചിലർ. മഹാമാരിയുടെ പ്രത്യാഘാതങ്ങളിൽ വീർപ്പുമുട്ടുന്ന സാധാരണജനങ്ങളെ സഹായിക്കാനും അവരുടെ ജീവിതം കരുപ്പിടിപ്പിക്കാനുമുള്ള പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന് പകരം ജനങ്ങളുടെയുള്ളിൽ ഭീതിയും വിദ്വേഷവും ജനിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് സംഘ്പരിവാരങ്ങളും അവരുടെ പുത്തൻകൂറ്റുകാരും ചെയ്തുകൊണ്ടിരിക്കുന്നത്."**

"എന്തുകൊണ്ടാണ് പോലിസിന് ഇത്രയും ചീത്തപ്പേരുണ്ടായത്? തിരുവനന്തപുരം ശംഖുമുഖം അസി.കമ്മീഷണറിൽനിന്നും എനിക്കും വളരെ മോശം അനുഭവമാണുണ്ടായത്. ലിജി എന്ന സാധാരണക്കാരിയായ സ്ത്രീ സഹായം തേടി എന്നെ വിളിച്ചിരുന്നു. വളരെ മോശം അവസ്ഥയിലാണ് അവളെന്റെ സഹായം തേടിയത്. പല സ്ത്രീകളെയും പോലെ ആത്മഹത്യയുടെ വക്കിലായിരുന്നു അവൾ. ഭയാനകമായ പീഡനങ്ങളാണ് അവൾ നേരിട്ടത്. വലിയതുറ പോലിസ് സ്റ്റേഷൻ, വനിതാ സെൽ, മറ്റു ചില പോലിസ് ഓഫിസുകൾ. അവരെല്ലാം അവളെ ഭീഷണിപ്പെടുത്തി. സ്വന്തം കുഞ്ഞുമായി ഭർത്താവിന്റെ വീടൊഴിയാനാണ് പോലിസുകാർ അവളോട് ആവശ്യപ്പെട്ടത്. ഈ വിഷയത്തെക്കുറിച്ച് സംസാരിക്കാനായി ശംഖുമുഖം അസി.കമ്മീഷണറെ വിളിച്ചപ്പോൾ അയാൾ എന്നോട് ഫോണിലൂടെ പൊട്ടിത്തെറിക്കുകയാണ് ചെയ്തത്. സ്വന്തം പേര് വെളിപ്പെടുത്തി സംസാരിക്കാൻ പോലും അദ്ദേഹം തയ്യാറായില്ല. ഈ വിഷയത്തിൽ ഞാൻ പോലിസിനെ പിന്തുണയ്ക്കുകയാണ് വേണ്ടതെന്ന് അയാൾ എന്നോട് പറഞ്ഞു. ഇങ്ങനെയുള്ള സ്ത്രീകൾ പറയുന്ന കഥകൾ കേട്ട് തന്നെ പോലെയുള്ള ഉദ്യോഗസ്ഥരെ വിളിക്കരുതെന്നും എസിപി എന്നോട് ആവശ്യപ്പെട്ടു. എസിപിയുടെ ഈ പെരുമാറ്റത്തെക്കുറിച്ച് പരാതിപ്പെടാൻ ഞാൻ ക്രമസമാധാന ചുമതലയുള്ള എഡിജിപിയെ ഫോണിൽ വിളിച്ചെങ്കിലും അദ്ദേഹം എന്റെ കോൾ എടുത്തില്ല. കാര്യങ്ങൾ വിശദീകരിച്ച് അദ്ദേഹത്തിന് ഞാനൊരു എസ്എംഎസ് അയച്ചു. എന്താണ് എഡിജിപി ചെയ്യുന്നത് എന്ന് നോക്കാം... പാവം ലിജി... ആത്മഹത്യ മാത്രമായിരിക്കുമോ ഇനി അവൾക്കുള്ള ഏകവഴി എന്നാണ് എന്റെ ആശങ്ക."

### വ്യാജന്മാരുടെ കാലം

ഇന്ത്യയുടെ സംയുക്ത സൈനിക മേധാവി ജനറൽ ബിപിൻ റാവത്ത് ഹെലികോപ്ടർ അപകടത്തിൽ മരിച്ചതിന് പിന്നാലെ വർഗിയ ധ്രുവീകരണം ലക്ഷ്യംവച്ചുള്ള വ്യാജപ്രചാരണങ്ങൾ പലകോണിൽ നിന്നും ഉണ്ടായി. വർഗീയ ചേരിതിരിവ് ലക്ഷ്യംവച്ച് നടക്കുന്ന ഇത്തരം പ്രചാരണത്തിനെതിരെ കണ്ണൂർ മുഴുപ്പിലങ്ങാട് സ്വദേശി കെ. ഫൈസലിന്റെ ചിത്രമുപയോഗിച്ചാണ് വിദ്വേഷ പ്രചാരണം നടത്തിയത്. ബിപിൻ റാവത്തിന്റെ മരണ വാർത്തയ്ക്ക് താഴെ ഫൈസലിന്റെ ചിത്രമുപയോഗിച്ച് ഉണ്ടാക്കിയ 'അനസ് മുഹമ്മദ് വിളയിൽ' എന്ന വ്യാജ അക്കൗണ്ട് വഴിയായിരുന്നു വിദ്വേഷ പ്രചാരണം. 'അല്ലാഹുവിന്റെ ശിക്ഷ തുടങ്ങി' എന്നായിരുന്നു വാർത്തയ്ക്ക് താഴെ വ്യാജ അക്കൗണ്ടിൽനിന്ന് പോസ്റ്റ് ചെയ്ത കമന്റ്. ഇതിന്റെ സ്ക്രീൻഷോട്ട് ഉപയോഗിച്ച് വ്യാപകമായ വിദ്വേഷ പ്രചാരണമാണ് സംഘപരിവാർ കേന്ദ്രങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ പടച്ചുവിട്ടത്. ബിബിൻ റാവത്ത് അപകടത്തിൽ മരിച്ച ദിവസം ഉണ്ടാക്കിയ പ്രൊഫൈലിൽ മുസ്‌ലിം സംഘടനകളുടെയും പ്രഭാഷകരുടെയും പോസ്റ്റുകൾ ഷെയർ ചെയ്ത് മുസ്‌ലിം പ്രൊഫൈൽ ആണെന്ന ധാരണ വരുത്തിയാണ് വിദ്വേഷ കമന്റ് സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തത്. വ്യാജ പ്രൊഫൈലിൽനിന്നാണ് വിദ്വേഷ പ്രചാരണം എന്ന കാര്യം പിടിക്കപ്പെട്ടതോടെ അക്കൗണ്ട് ഡിലീറ്റ് ചെയ്തത് തടിതപ്പിയിരിക്കുകയാണ് ഇപ്പോൾ. എന്നാൽ തന്റെയും കുട്ടികളുടെയും ചിത്രങ്ങൾ ദുരുപയോഗം ചെയ്ത് വ്യാജ ഫേസ്ബുക്ക് അക്കൗണ്ട് ഉണ്ടാക്കി വിദ്വേഷ പ്രചാരണം നടത്തിയതിനെതിരെ എസ്പിക്ക് പരാതി നൽകിയിരിക്കുകയാണ് ഫൈസൽ. ഇത്തരം വ്യാജവാർത്തകൾക്കെതിരെയും അത് പടച്ചുവിടുന്ന വിഷജന്തുക്കൾക്കെതിരെയും മാതൃകാപരമായ നടപടി സ്വീകരിക്കാൻ പോലീസ് മടിക്കുന്നതുകൊണ്ടാണ് കൃത്യമായ ഇടവേളകളിൽ ഈ വിഷസർപ്പങ്ങൾ പത്തിവിടർത്തുന്നത്.



പ്രബുദ്ധ മലയാളികളെ നാണിപ്പിക്കും വിധം വർഗീയ വിഷങ്ങൾ നമ്മുടെ നാടിനെ നിരന്തരം മലീമസമാക്കിക്കൊണ്ടിരിക്കുന്നു. എന്തിനും ഏതിനും എവിടെയും വർഗീയതയ്ക്ക് സ്കോപ്പ് തിരയുന്ന തിരക്കിലാണ് ചിലർ. കോവിഡ് മഹാമാരി മനുഷ്യജീവിതത്തെ പാടെ തകിടംമറിച്ച പ്രതിസന്ധിയിൽനിന്നും ഇനിയും കരകയറിയിട്ടില്ല നമ്മുടെ നാടും ലോകവുമെല്ലാം. മനുഷ്യന്റെ നിസ്സഹായതയും നിസ്സാരതയും ബോധ്യപ്പെടുത്തിയ മഹാമാരിയിൽനിന്നും ഇവരൊന്നും പാഠം പഠിച്ചില്ലെന്നത് അത്ഭുതാവഹമാണ്. മഹാമാരിയുടെ പ്രത്യാഘാതങ്ങളിൽ വീർപ്പുമുട്ടുന്ന സാധാരണജനങ്ങളെ സഹായിക്കാനും അവരുടെ ജീവിതം കരുപ്പിടിപ്പിക്കാനുമുള്ള പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന് പകരം ജനങ്ങളുടെയുള്ളിൽ ഭീതിയും വിദ്വേഷവും ജനിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് സംഘ്പരിവാരങ്ങളും അവരുടെ പുത്തൻകൂറ്റുകാരും ചെയ്തുകൊണ്ടിരിക്കുന്നത്.

വിഷം വമിക്കുന്ന മുദ്രാവാക്യങ്ങളുമായി തലശ്ശേരിയിലെ തെരുവീഥികളെ മലിനമാക്കിയവരും 'തുപ്പൽസിദ്ധാന്തം' വഴി ഭക്ഷണത്തിൽ വർഗീയ വിഷം കലർത്താൻ ശ്രമിച്ചവരും ചെയ്തത് ഒരിക്കലും നീതീകരിക്കാനാവാത്ത മഹാ അപരാധമാണ്.

വിഷലിപ്തമായ പ്രസ്താവനകളും സാമൂഹ്യമാധ്യമ ഇടപെടലുകളുമൊക്കെ ശക്തമായി നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ നാടും സമീപഭാവിയിൽ വലിയ ദുരന്തങ്ങൾക്ക് ഇരയാകും എന്നതാണ് ചരിത്രം നമ്മെ ഓർമിപ്പിക്കുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും നമ്മൾ കേട്ടിരുന്ന മുദ്രാവാക്യങ്ങളും പ്രസ്താവനകളും നമുക്ക് ചുറ്റുനിന്നും കേൾക്കുമ്പോൾ മനസ്സ് അസ്വസ്ഥമാകുന്നില്ലെങ്കിൽ ഇത്തരം ദുരന്തങ്ങൾക്ക് നമ്മുടെ മനസ്സും പാകപ്പെട്ടു എന്ന് വേണം കരുതാൻ.

### വർഗീയതയും ഭരണകൂടവും

നാട്ടിൽ സമാധാനം ഉറപ്പുവരുത്തേണ്ടത് ഭരണകൂടത്തിന്റെ ബാധ്യതയാണ്. ആ ബാധ്യതാനിർവഹണത്തിൽ വരുന്ന വീഴ്ചകൾക്ക് പലപ്പോഴും വലിയ വില നൽകേണ്ടി വരും എന്നത് യാഥാർഥ്യവും. കേരളത്തിൽ വർഗീയ വിദ്വേഷം പ്രചരിപ്പിക്കുന്ന നിരവധി കാര്യങ്ങൾ ഉണ്ടായിട്ടും ഫലപ്രദമായി നടപടിയെടുക്കാനോ കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവന്ന് ശിക്ഷവാങ്ങിക്കൊടുക്കാനോ സാധിച്ചിട്ടില്ലെന്നതാണ് പട്ടാപ്പകൽ ഒരു സമുദായത്തിനെതിരെ മോശമായ മുദ്രാവാക്യങ്ങൾ മുഴക്കി പ്രകോപനം സൃഷ്ടിക്കുന്നവർക്ക് അത് ആവർത്തിക്കുവാൻ പ്രചോദനമേകുന്നത്. സാമൂഹ്യമാധ്യമങ്ങളിൽ ആർക്കും എന്തും പടച്ചുവിടാമെന്നും തെരുവുകളിൽ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ മുഴക്കിയാൽ നിയമപാലകർ നോക്കിനിൽക്കും എന്നുമുള്ള സന്ദേശം നൽകും വിധമുള്ള നിലപാട് പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൂടാ. കേരള പോലീസ് സേനക്കെതിരെ നിരന്തരം കുറ്റകരമായ അനാസ്ഥയുടെയും കൃത്യവിലോപത്തിന്റെയും വാർത്തകൾ പുറത്ത് വന്നുകൊണ്ടേയിരിക്കുന്നു എന്നത് ആശങ്കാജനകമാണ്. ചില ഘട്ടങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ നമ്മുടെ പോലീസ് സേനക്ക് കഴിയാറുണ്ട് എന്ന കാര്യം മറന്നുകൊണ്ടല്ല ഇത് പറയുന്നത്. രാഷ്ട്രീയ ഇടപെടലുകളും ഭരണകൂടത്തിന്റെയും നേതാക്കളുടെയും കണ്ണുരുട്ടലുകളും പ്രലോഭനങ്ങളും ഇല്ലാതായാൽ തന്നെ നമ്മടെ പോലീസ് സേനക്ക് മികച്ച സേവനം കാഴ്ചവയ്ക്കാനാവും.

> **"മുസ്‌ലിം സമൂഹം എന്താവശ്യപ്പെട്ടാലും അതിനെ വർഗീയമായി മാത്രമെ കാണാവൂ എന്ന പിടിവാശി ഇന്ന് ചിലർക്കുണ്ട് എന്ന് പറയുന്നതിൽ തെറ്റില്ല. രാജ്യത്തെ മുസ്‌ലിം സമൂഹം നേരിടുന്ന പിന്നാക്കാവസ്ഥ പഠിക്കാനും പരിഹാരം നിർദേശിക്കാനും മൻമോഹൻ സിങ് സർക്കാർ നിയമിച്ച സച്ചാർ കമ്മിറ്റി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർദേശിച്ച പദ്ധതികൾ കേരളത്തിലെ ഇടതുസർക്കാർ നിയമിച്ച പാലൊളി കമ്മിറ്റിയുടെ ശുപാർശ പ്രകാരം നടപ്പിലാക്കിയ സ്കോളർഷിപ്പ് അടക്കമുള്ള പദ്ധതികളെ ന്യൂനപക്ഷ പദ്ധതികളായി വ്യാഖ്യാനിക്കുകയും പിന്നീടത് പൂർണമായും ഇല്ലാതാവുകയും ചെയ്യുന്ന മാജിക്കാണ് കേരളം കണ്ടത്."**

### വർഗീയത ചാർത്തപ്പെടുന്ന അവകാശങ്ങൾ

മുസ്‌ലിം സമൂഹം എന്താവശ്യപ്പെട്ടാലും അതിനെ വർഗീയമായി മാത്രമെ കാണാവൂ എന്ന പിടിവാശി ഇന്ന് ചിലർക്കുണ്ട് എന്ന് പറയുന്നതിൽ തെ

റ്റില്ല. രാജ്യത്തെ മുസ്‌ലിം സമൂഹം നേരിടുന്ന പിന്നാക്കാവസ്ഥ പഠിക്കാനും പരിഹാരം നിർദേശിക്കാനും മൻമോഹൻ സിങ് സർക്കാർ നിയമിച്ച സച്ചാർ കമ്മിറ്റി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർദേശിച്ച പദ്ധതികൾ കേരളത്തിലെ ഇടതുസർക്കാർ നിയമിച്ച പാലൊളി കമ്മിറ്റിയുടെ ശുപാർശ പ്രകാരം നടപ്പിലാക്കിയ സ്‌കോളർഷിപ്പ് അടക്കമുള്ള പദ്ധതികളെ ന്യൂനപക്ഷ പദ്ധതികളായി വ്യാഖ്യാനിക്കുകയും പിന്നീടത് പൂർണമായും ഇല്ലാതാവുകയും ചെയ്യുന്ന മാജിക്കാണ് കേരളം കണ്ടത്. ഒരു ജനാധിപത്യ ഭരണകൂടം വർഗീയവാദികളുടെ വ്യാജപ്രചാരണങ്ങൾക്കനുസരിച്ച് നിലപാട് സ്വീകരിക്കുന്നത് അത്യന്തം അപകടകരമാണ്.

ഈ അവിവേകത്തിന്റെ മറ്റൊരു പതിപ്പാണ് വക്ഫ് ബോർഡ് നിയമനം പിഎസ്‌സിക്ക് വിടാനുള്ള സർക്കാർ നീക്കം. മുസ്‌ലിം സമൂഹത്തിലെ ദാനശീലർ ദൈവപ്രീതി മാത്രം കാംക്ഷിച്ച് നൽകിയ വക്ഫ് സ്വത്തുക്കൾ സംരക്ഷിക്കുന്നതിന് വേണ്ടി ഭരണഘടന ഉറപ്പ് നൽകിയ സെമി ജുഡീഷ്യറി സംവിധാനം രാജ്യത്തെ ഏത് സ്ഥാപനങ്ങളെക്കാളും മികച്ച രീതിയിൽ തന്നെയാണ് പ്രവർത്തിക്കുന്നത് എന്ന് കമ്മീഷനുകൾ സാക്ഷ്യപ്പെടുത്തിയതാണ്. അഴിമതിയുടെ കൂത്തരങ്ങായ പൊതു ഇടങ്ങളിൽ വക്ഫ് ബോർഡ് വേറിട്ട് നിൽക്കുന്നു എന്നത് അവിതർക്കിതമാണ്. മുസ്‌ലിം സമുദായം നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലെ തുലോം തുച്ഛമായ നിയമനങ്ങൾ പിഎസ്‌സിക്ക് വിടുന്നതെന്തിനെന്ന ചോദ്യം ഇപ്പോഴും ഉത്തരം തേടി അന്തരീക്ഷത്തിൽ അലയുകയാണ്. അഴിമതി മുക്തമാക്കാം, പ്രവർത്തനം സുതാര്യമാക്കാം എന്നൊക്കെയുള്ള പ്രസ്താവനകൾ അത്ര നിഷ്‌കളങ്കമാണെന്ന് കണ്ണടച്ച് വിശ്വസിക്കാമോ? അഴിമതി നടത്തിയതിന്റെ പേരിൽ ശിവശങ്കർ എന്ന ഉന്നത ഉദ്യോഗസ്ഥൻ ഇന്നും സസ്‌പെൻഷനിൽ കഴിയുകയാണ്. ഒരു മന്ത്രിക്ക് ലോകായുക്ത വിധിയുടെ പേരിൽ രാജിവെക്കേണ്ടി വന്നതും അധികാരദുർവിനിയോഗത്തിന്റെ പേരിലാണ്. അഴിമതിയും സ്വജനപക്ഷപാതവും കെടുകാര്യസ്ഥതയും തൊട്ടുതീണ്ടാത്ത; പിഎസ്‌സി വഴി നിയമനം നടത്തപ്പെടുന്ന ഏതു മേഖലയാണ് നമ്മുടെ നാട്ടിലുള്ളത്?

ലക്ഷങ്ങൾ ശമ്പളവും ആജീവനാന്ത പെൻഷനും വാങ്ങുന്ന, മന്ത്രിമാരുടെയും എംഎൽഎമാരുടെയും പേഴ്‌സണൽ സ്റ്റാഫ് അടക്കമുള്ളവരുടെ നിയമനങ്ങളിൽ പിഎസ്‌സി ഇടപെടൽ വേണ്ട! സർവകലാശാലകൾ, വിവിധ ബോർഡുകൾ, കോർപ്പറേഷനുകൾ അടക്കമുള്ള മേഖലകളിൽ പിഎസ്‌സി വഴിയുള്ള നിയമനം വേണ്ട; സർക്കാരിന് അഥവാ നേതാക്കൾക്ക് ഇഷ്ടമുള്ളവരെ നിയമിക്കാം. പിന്നെ എന്തിനാണ് വക്ഫ് ബോർഡിനെ മാത്രം നന്നാക്കിയെടുക്കാനിത്ര തിടുക്കം? ബോർഡിനുള്ള നാമമാത്രമായ അധികാരം പോലും എടുത്തുകളയുന്നതിന്റെ ആവശ്യമെന്താണ്?

രാജ്യത്തെ മുപ്പത് വക്ഫ് ബോർഡുകളിൽ ഒന്നിൽ പോലും ഇത്തരം നിയമനങ്ങൾ ഇല്ലെന്നിരിക്കെ സർക്കാർ എന്തിനിത്ര ധൃതിപ്പെടുന്നു? മുസ്‌ലിം സമൂഹത്തെ അരികുവൽക്കരിക്കാനും ഒറ്റപ്പെടുത്തി ആക്രമിക്കാനും കോപ്പ് കൂട്ടുന്ന സംഘപരിവാർ രാജ്യം ഭരിക്കുമ്പോൾ, മാനവസൗഹാർദത്തിന്റെയും സാമുദായിക സഹവർത്തിത്വത്തിന്റെയും മാതൃകാപരമായ ഇന്നലെകളുടെ ചരിത്രം പറയാനുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്ത് വർഗീയതയ്ക്ക് വഴിമരുന്നിടുന്ന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൂടാ. പള്ളിയുടെ കാര്യങ്ങൾ പള്ളിയിൽ പറഞ്ഞാൽ അത് വർഗീയമാവും എന്നത് സംഘ്പരിവാരത്തിന്റെ ഭാഷയാണ്. അത് ഇടത് പക്ഷത്തുനിന്നും ഉണ്ടാവുന്നത് ഒട്ടും ഭൂഷണമല്ല. സമുദായത്തിനുള്ളിൽ വിള്ളലുണ്ടാക്കാവുന്ന വിധത്തിൽ ഇടപെടലുകൾ നടത്തുകയും പ്രസ്താവനകളിറക്കുകയും ചെയ്യുന്ന രീതി ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൂടാ.

പൗരത്വ സമരത്തിൽ തീവ്രവാദികൾ നുഴഞ്ഞുകയറുന്നു എന്ന കേരള മുഖ്യമന്ത്രിയുടെ നിയമസഭയിലെ പ്രസ്താവനയാണ് പ്രധാനമന്ത്രി ഏറ്റുപിടിച്ചത് എന്നത് നാം മറക്കരുത്. വക്ഫ് വിഷയത്തിലും സംഘ്പരിവാറിന് മാതൃകയായി ഈ നീക്കം മാറുമെന്ന ആശങ്ക പങ്കുവയ്ക്കുന്നത് ഈ പശ്ചാത്തലത്തിൽ കൂടിയാണ്.

പൊതുപ്രവർത്തകരും സമൂഹത്തിലെ ഓരോരുത്തരും നടത്തുന്ന പ്രവർത്തനങ്ങളും പ്രസ്താവനകളും ഉത്തരവാദിത്ത ബോധത്തോടുകൂടിയായിരിക്കണം. 'ഇസ്‌ലാമോഫോബിക്ക് മനസ്സുകൾ' കൊതിക്കുന്ന പ്രസ്താവനകൾ ആരിൽനിന്നും ഉണ്ടാകാവതല്ല. ഇസ്‌ലാം, മുസ്‌ലിം എന്നൊക്കെ കേൾക്കുമ്പോൾ ചൊറിയുന്നവരുടെ മനസ്സിന്റെ രോഗം ഗുരുതരമാണ്. മുസ്‌ലിംകൾ മിണ്ടരുത്, മിണ്ടിയാൽ അത് തീവ്രവാദം, ആറാം നൂറ്റാണ്ടിലെ അറുപിന്തിരിപ്പൻ ചിന്താഗതിക്കാർ, പുരോഗമനത്തിന് വിലങ്ങുതടികൾ

എന്നൊക്കെയുള്ള വെറുപ്പിന്റെ ശബ്ദങ്ങൾ സ്വന്തം മനസ്സിലെ അസഹിഷ്ണുതയുടെ ആഴത്തെയാണ് സൂചിപ്പിക്കുന്നത്. ഇത്തരക്കാർ ആർജവമുണ്ടെങ്കിൽ ആശയസംവാദത്തിന് തയ്യാറാവുകയാണ് വേണ്ടത്. അതിനെ പുരോഗമന ചിന്തയുള്ളവർ ഭയപ്പെടേണ്ടതില്ല.

### സ്വത്വബോധവും പുരോഗമന നാട്യങ്ങളും

ഓരോരുത്തർക്കും അവരവരുടെതായ ഐഡന്റിറ്റി ഉണ്ടാവും. അത് വെച്ചുപുലർത്താനും ഉറക്കെ പറയാനും നമ്മുടെ ഭരണഘടനാ എല്ലാവർക്കും അവകാശം നൽകുന്നുണ്ട്. വൈവിധ്യങ്ങളെ ഉൾകൊള്ളാനും അവയെ ചേർത്തുപിടിക്കാനുമാണ് രാഷ്ട്രശിൽപികൾ നമ്മെ പഠിപ്പിച്ചതും മാതൃക കാണിച്ചതും. ദൈവനിഷേധികൾക്കും വിശ്വാസികൾക്കും ഒരേപോലെ ഇടമുള്ള മണ്ണാണ് നമ്മുടേത്.

മതത്തിന്റെ വേലിക്കെട്ടുകൾ പൊട്ടിച്ച് സ്വതന്ത്രരാകുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും അഭിപ്രായസ്വാതന്ത്ര്യവും 'സ്വതന്ത്രലോകത്തെ' കാപട്യം തിരിച്ചറിഞ്ഞു മതത്തിന്റെ തണലിലേക്ക് മാറുന്നവർക്ക് ലഭിക്കാറില്ലെന്നും ഭരണത്തിന്റെ സ്വാധീനത്തിൽ അത്തരം വ്യക്തിസ്വാതന്ത്ര്യത്തെ ഇല്ലാതാക്കാൻ ഏതറ്റംവരെയും പോകുമെന്നതും ഹാദിയ എന്ന സഹോദരിയുടെ ജീവിതം നമുക്ക് നൽകുന്ന പാഠമാണ്. അധികാരത്തിന് പുറത്തായപ്പോൾ ഗെയിലിനെതിരെ എറണാകുളത്ത് സമരം നടത്തിയവർ അധികാരം ലഭിച്ചപ്പോൾ മറ്റ് ചിലർ കോഴിക്കോട് നടത്തിയ സമരത്തിൽ 'ആറാംനൂറ്റാണ്ട്' തിരഞ്ഞുപോയതിലെ വൈരുധ്യം വകതിരിവില്ലായ്മയാണ്. വിപ്ലവവും പുരോഗമനവും മറ്റുള്ളവരുടെമേൽ നിർബാധം കോരിയൊഴിക്കുമ്പോഴും അത് തങ്ങൾക്ക് നേരെയാവുമ്പോൾ തടയണകെട്ടിനിർത്തി ആവശ്യത്തിന് മാത്രം തുറന്നുവിടുന്ന കരുതലിനെ കാണാതെ പോവരുത്.

ശരീഅത്ത് വിവാദം, സാമുദായിക സംവരണ പ്രശ്നം, അറബി ഭാഷാവിരുദ്ധ നീക്കം പോലുള്ള പല പ്രശ്നങ്ങളും മുസ്‌ലിം സമുദായം അഭിമുഖീകരിച്ചിട്ടുണ്ട്. മുസ്‌ലിം സംഘടനകൾ അഭിപ്രായ വ്യത്യാസങ്ങൾക്കതീതമായി ഈ ഘട്ടങ്ങളിലെല്ലാം തോളോടുതോൾചേർന്ന് പോരാടിയ ചരിത്രമാണുള്ളത്. അത് തുടരുകയും ചെയ്യുമെന്നതിൽ സംശയമില്ല.

വർത്തമാനകാലത്തെ 'ഇസ്‌ലാമോഫോബിക്ക് അന്തരീക്ഷത്തിൽ' നിലപാട് സ്വീകരിക്കുമ്പോഴും ഇടപെടലുകൾ നടത്തുമ്പോഴുമൊക്കെ പക്വതയും വിവേകവും നമ്മെ നയിക്കണം. മത, രാഷ്ട്രീയ, ഭരണ നേതൃത്വവും അങ്ങനെയായാൽ മാത്രമെ നാടിന്റെ സമാധാനാന്തരീക്ഷം നിലനിർത്താൻ കഴിയൂ. സ്വാർഥ ലാഭങ്ങൾക്കുവേണ്ടി, താൽക്കാലികമായ

> **രാജ്യത്തെ മുപ്പത് വക്ഫ് ബോർഡുകളിൽ ഒന്നിൽ പോലും ഇത്തരം നിയമനങ്ങൾ ഇല്ലെന്നിരിക്കെ സർക്കാർ എന്തിനിത്ര ധൃതിപ്പെടുന്നു? മുസ്‌ലിം സമൂഹത്തെ അരികുവൽക്കരിക്കാനും ഒറ്റപ്പെടുത്തി ആക്രമിക്കാനും കോപ്പ് കൂട്ടുന്ന സംഘപരിവാർ രാജ്യം ഭരിക്കുമ്പോൾ, മാനവസൗഹാർദത്തിന്റെയും സാമുദായിക സഹവർത്തിത്വത്തിന്റെയും മാതൃകാപരമായ ഇന്നലെകളുടെ ചരിത്രം പറയാനുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്ത് വർഗീയതയ്ക്ക് വഴിമരുന്നിടുന്ന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൂടാ. പള്ളിയുടെ കാര്യങ്ങൾ പള്ളിയിൽ പറഞ്ഞാൽ അത് വർഗീയമാവും എന്നത് സംഘ്പരിവാരത്തിന്റെ ഭാഷയാണ്. അത് ഇടത് പക്ഷത്തു നിന്നും ഉണ്ടാവുന്നത് ഒട്ടും ഭൂഷണമല്ല. സമുദായത്തിനുള്ളിൽ വിള്ളലുണ്ടാക്കാവുന്ന വിധത്തിൽ ഇടപെടലുകൾ നടത്തുകയും പ്രസ്താവനകളിറക്കുകയും ചെയ്യുന്ന രീതി ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൂടാ.**

നേട്ടത്തിനു വേണ്ടി എന്തും വിളിച്ചു പറയുക എന്നത് സമൂഹഗാത്രത്തിൽ വലിയ പരിക്കുകൾ സൃഷ്ടിക്കുവാൻ കാരണമാവും എന്ന തിരിച്ചറിവ് നമ്മുടെ ഭരണകൂടത്തിനും പൊതുസമൂഹത്തിനും ഉണ്ടാവേണ്ടതുണ്ട്. നമ്മുടെ ഇളം തലമുറക്ക് കൂടി അവകാശപ്പെട്ട ഈ മണ്ണിനെ അങ്ങനെ തന്നെ നിലനിർത്താനുള്ള ബാധ്യതകൂടി നമ്മുടേതാണ് എന്നത് മറക്കരുത്.

നശ്വരമായ ഈ ലോകത്തെ തുച്ഛമായ കാലയളവിലെ ജീവിതത്തിൽ സ്വന്തത്തിനും കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനും ഉപകാരപ്പെടുന്ന കാര്യങ്ങൾ ചിന്തിക്കുവാനും പറയുവാനും പ്രവർത്തിക്കുവാനുമാണ് നാം തയ്യാറാവേണ്ടത്; അതാണ് വിവേകപൂർണമായ നിലപാട്.

സി.വി.കോഴിക്കോട്
mail@nerpatham.com

ലേഖനം



# ലിബറലിസ്റ്റുകളുടെ വ്യാമോഹങ്ങൾ

യു.കെയിലെ ഒരു സ്വകാര്യ സ്കൂളിൽ ലിംഗ സമത്വത്തിന്റെ ഭാഗമായി ആൺകുട്ടികളോട് പാവാട ധരിക്കാൻ ആവശ്യപ്പെട്ടു എന്ന വാർത്ത അയാൾ വായിച്ചത് ഒരു ബസ് യാത്രയിലാണ്. ലിബറലിസത്തിന്റെ 'പിരാന്തൻ വാർത്തകൾ' വായിച്ച് ഫോണിൽനിന്നും തല പൊക്കിയപ്പോൾ സീറ്റ് ലഭിക്കാതെ യാത്ര ചെയ്യുന്ന ചിലർ നിൽക്കുന്നത് കണ്ടു. അടുത്ത സ്റ്റോപ്പിൽനിന്ന് ഒരു സ്ത്രീ കയറുന്നു. കയറിയപാടെ മുൻസീറ്റിൽനിന്നും ഒരു 'പുരുഷൻ' എണീറ്റ് മാറിക്കൊടുക്കുന്നു. ആ സ്ത്രീ അവിടെ ഇരിക്കുന്നു. ഒറ്റനോട്ടത്തിൽ ശാരീരിക വിഷമതകളില്ലാത്ത, കയ്യിൽ കൈക്കുഞ്ഞില്ലാത്ത ഒരു സ്ത്രീക്കായി ആ പുരുഷൻ എന്തിന് മാറിക്കൊടുത്തു? ഉത്തരം ഇരിപ്പിടത്തിനുമേൽ എഴുതിവച്ചിട്ടുണ്ട്; 'സ്ത്രീകൾ.' സീൻ കണ്ട എന്റെ ചിന്ത ലിബറൽ വശത്തേക്ക് ഇൻഡിക്കേറ്റർ ഇട്ടു ചിന്തിക്കാൻ തുടങ്ങി.

സ്ത്രീകൾക്ക് മാത്രമായി എന്തിന് റിസേർവേഷൻ സീറ്റുകൾ? ഒരേ പ്രായത്തിലുള്ള പുരുഷനും സ്ത്രീയും ഒരേ ബസ്സിൽ യാത്ര ചെയ്യുമ്പോൾ അവിടം ഇരിപ്പിടാവകാശവും തുല്യമാകേണ്ടേ? സ്ത്രീക്ക് ഇരിപ്പിടത്തിനുള്ള സാധ്യത 2:1 എന്നത് പുരുഷ വിരുദ്ധമല്ലേ? ഒടുവിൽ ഒരൽപ നേരം 'സോ കോൾഡ് പുരോഗമനപരമായി' ചിന്തയിൽനിന്നും അയാൾക്ക് മനസ്സിലായി; ലിബറലിസം സ്ത്രീക്ക് അവകാശങ്ങൾ നേടിക്കൊടുക്കുകയല്ല, ഉള്ള അവകാശം പോലും എടുത്ത് കളയുകയാണ് ചെയ്യുന്നതെന്ന്!

ഇതൊരു സാങ്കൽപിക കഥയാകാം. എന്നാൽ കഥയുടെ ഇതിവൃത്തം ഒരു യാഥാർഥ്യമാണ്. ലിബറലിസത്തിന്റെയും പുരോഗമനത്തിന്റെയും മുദ്രവാക്യങ്ങളുടെ മറവിൽ 'ലിംഗസമത്വം' എന്ന് ആക്രോശിക്കുന്നവരുടെ ആശയത്തിന്റെ പൊരുൾ നാം തിരിച്ചറിയേണ്ടതുണ്ട്. ലിംഗസമത്വം ഒരു മിത്ത് മാത്രമാണ്. ലിംഗനീതിയാണ് നമുക്കാവശ്യം.

സ്ത്രീകൾക്ക് മാത്രം ചെയ്യാൻ കഴിയുന്ന ചില കാര്യങ്ങളുണ്ട്, അത് പുരുഷമാർക്ക് ചെയ്യാൻ കഴിയില്ല; മറിച്ചും. ഈ വസ്തുത കാണാതെ ലിംഗ സമത്വത്തിന് വേണ്ടി ആക്രോശിക്കുന്നതിൽ എവിടെയാണ് നീതിയുള്ളത്?

വിവാഹേതര ലൈംഗിക ബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്ന, പതിനെട്ട് കഴിഞ്ഞ ആർക്കും പരസ്പര സമ്മതത്തോടെ ലൈംഗിക ബന്ധത്തിൽ ഏർപ്പെടാം എന്ന് വാദിക്കുന്ന ലിബറലുകൾ, നാളെ വിവാഹ/ലിവിംഗ് റിലേഷൻഷിപ്പിനുള്ള പ്രായം 21 ആക്കിയാൽ ഇന്നലെവരെ ചെയ്തത് ശരിയും ഇന്ന് മുതൽ 21 തികഞ്ഞതിന് ശേഷം ഫ്രീ സെക്സിൽ ഏർപ്പെടുന്നതാണ് ശരിയെന്നും വാദിക്കുമോ? ഇങ്ങനെ ഒരുപാട് നിരർഥകമായ ആശയങ്ങളാൽ ലിംഗസമത്വത്തിന്റെ മറവിൽ ലിബറലുകൾ കത്രികവയ്ക്കുന്നത് ധാർമികതയിലൂന്നിയ സാമൂഹ്യവ്യവസ്ഥയുടെ കഴുത്തിലാണെന്ന് നാം തിരിച്ചറിയണം.

ഇവിടെയാണ് ഇരുണ്ടകാലത്തെ പ്രകാശത്തിലേക്ക് നയിച്ച ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്ന സാമൂഹ്യ വ്യവസ്ഥകൾ ചർച്ച ചെയ്യപ്പെടുന്നത്. അടുത്ത നൂറ് വർഷത്തിനുള്ളിൽ യൂറോപ്പിനെ പിടിച്ചടക്കുവാൻ പറ്റിയ ഒരു പ്രത്യയശാസ്ത്രമുണ്ടെങ്കിൽ അത് ഇസ്‌ലാം ആണെന്ന് ജോർജ് ബർണാഡ് ഷാ പറഞ്ഞിട്ടുണ്ടെങ്കിലും ഇസ്‌ലാമിക പ്രമാണങ്ങളെ 'കണ്ടം മുറിച്ച്' വായിക്കുന്ന പുരോഗമനക്കാർക്ക് അത് തിരിഞ്ഞിട്ടില്ല, തിരി യുകയുമില്ല! ലിംഗ നീതിയാണ് ഇസ്‌ലാം പ്രഖ്യാപിക്കുന്നത്. എ എന്ന വ്യക്തിയുടെ കയ്യിൽ ഇരുന്നൂറ് രൂപയു ടെ അഞ്ച് നോട്ടുകളിലായി ആയിരം രൂപയുണ്ടെന്ന് കരുതുക. ബി എന്ന വ്യക്തിയുടെ കയ്യിൽ അഞ്ഞൂറിന്റെ രണ്ട് നോട്ടുകളായി ആയിരം രൂപയും. ഇവിടെ രണ്ട് പേരുടെയും കയ്യിലുള്ളത് ആയിരം രൂപ തന്നെ. എന്നാൽ വ്യത്യസ്ത നോട്ടുകളിലായാണ് എന്നുമാത്രം.

ഇസ്‌ലാം സ്ത്രീക്കും പുരുഷനും തുല്യ നീതിയാണ് കൽപിച്ചിട്ടുള്ളത്. പക്ഷേ, അവരവരുടെ പ്രകൃതം അനുസരിച്ച് അവ വ്യത്യസ്തമാകാം. മുകളിൽ സൂചിപ്പിച്ച ആയിരം രൂപയുടെ ഉദാഹരണം പോലെ. ഇസ്‌ലാമിലെ ഒരുപാട് പാഠങ്ങളിൽനിന്നു മത് വ്യക്തമാണ്. മൂന്ന് പെൺകുട്ടികളുള്ള മാതാപിതാക്കൾക്ക് സ്വർഗമുണ്ടെന്ന് ഇസ്‌ലാം പ്രഖ്യാപിക്കുന്നു. ആൺകുട്ടിയെ പരിഗണിക്കാത്ത ഈ പാഠം 'പുരുഷ വിരുദ്ധമാണെന്ന്' ആരെങ്കിലും വാദിക്കുമോ? വിവാഹിതരാകുമ്പോൾ പുരുഷൻ സ്ത്രീക്ക് മഹ്ർ കൊടുക്കൽ നിർബന്ധമാണ്. അത് പെണ്ണിന്റെ അവകാശവും ഇസ്‌ലാമിന്റെ നിയമവുമാണ്. എന്നാൽ ജോലിയുള്ള പെണ്ണാണെങ്കിൽ പോലും പുരുഷന് മൂല്യം കൊടുക്കണമെന്ന നിയമമില്ല. ഇവിടെ ലിംഗ സമത്വം അപ്ലൈ ചെയ്യുകയാണെങ്കിൽ ഒന്നുകിൽ സ്ത്രീ പുരുഷന് തിരിച്ചും മൂല്യം കൊടുക്കണം, കൊടുത്താലോ അത് സ്ത്രീധനമായി, സ്ത്രീ വിരുദ്ധമായി! അല്ലെങ്കിൽ പുരുഷൻ സ്ത്രീക്ക് മൂല്യമായ മഹ്ർ കൊടുക്കാതിരിക്കണം. രണ്ടിന്റെയും അനന്തരഫലം സ്ത്രീക്ക് നഷ്ടം. ഇസ്‌ലാം സ്ത്രീകൾക്ക് അവകാശവും ആനുകൂല്യങ്ങളും സമ്മാനിക്കുമ്പോൾ ലിബറലിസം സ്ത്രീക്കുള്ള അവകാശങ്ങളെ ഇല്ലാതാക്കുമെന്ന് മുകളിൽ സൂചിപ്പിച്ചത് ഇവിടെ ചേർത്ത് വായിക്കാം.

പുരുഷനോട് കുടുംബത്തിന്റെ ചെലവു വഹിക്കാൻ പറയുന്ന ഇസ്‌ലാം എന്തുകൊണ്ടാണ് സ്ത്രീയെ ജോലിചെയ്യാൻ നിർബന്ധിക്കാത്തതെന്ന് വിവാഹസമ്പ്രദായം തന്നെ വേണ്ടെന്ന് പറയുന്ന ലിബറലിസ്റ്റുകൾ ചോദിക്കാറുണ്ട്. കുടുംബത്തിന് വേണ്ടി സമ്പാദിക്കുവാനും അവർക്ക് വേണ്ട ജീവിതവിഭവങ്ങൾ നൽകുവാനും ഇസ്‌ലാം കൽപിക്കുന്നത് പുരുഷനോടാണ്. അതവൻ നിർവഹിച്ചില്ലെങ്കിൽ പരലോക ശിക്ഷക്ക് അവൻ വിധേയമാകും. എന്നാൽ സ്ത്രീ ജോലി ചെയ്യുന്നവളാണെങ്കിൽ പോലും വരുമാനം കുടുംബത്തിന്റെ ചെലവിനായി വിനിയോഗിക്കണമെന്ന് ഒരു നിർബന്ധവുമില്ല. സ്ത്രീകൾ ജോലിയെടുത്തോ കച്ചവടം ചെയ്തോ ഒക്കെ കുടുംബം പുലർത്തേണ്ടതുണ്ട് എന്ന് ഇസ്‌ലാം നിർബന്ധിക്കുകയാണെങ്കിൽ (ലിംഗസമത്വം അപ്ലൈ ചെയ്യുകയാണെങ്കിൽ) അത് അവരോടു കാണിക്കുന്ന അനീതിയല്ലേ? ദിവസവേതനത്തിന് കൂലിപ്പണിക്ക് പോകുന്ന സ്ത്രീക്ക് പ്രസവം, കുഞ്ഞുങ്ങളെ മുലയൂട്ടൽ പോലുള്ള കാര്യങ്ങൾ നിർവഹിക്കുന്ന അവസരത്തിൽ എന്ത് ചെയ്യാൻ കഴിയും? ഞാൻ സൂചിപ്പിക്കുന്നത് ഇസ്‌ലാം സ്ത്രീകളുടെമേൽ കുടുംബത്തിന്റെ ചെലവുവഹിക്കുവാൻ നിർബന്ധിക്കുന്നില്ല എന്നാണ്. ഇസ്‌ലാം സ്ത്രീയെ ജോലിയിൽ നിന്നും വിലക്കുന്നുമില്ല. കുടുംബം എന്ന വിഷയത്തിന് കീഴിൽ വരുന്നതാണ് 'കുടുംബ നാഥൻ' എന്ന സങ്കൽപം. 'ആഖിറം' അഥവാ 'പരലോകം'എന്ന വരാനിരിക്കുന്ന ശാശ്വത ലോകത്തെക്കുറിച്ച് ആദ്യം മനസ്സിലാക്കണം. അത് മനസ്സിലാക്കാതെ ശാരീരിക-മാനസിക പ്രകൃതത്തിനനുസരിച്ച് സ്ത്രീപുരുഷന്മാർക്ക് ബാധ്യത നിർവഹണങ്ങൾ വിഭജിച്ചു നൽകുന്ന ഇസ്‌ലാമിന്റെ കുടുംബ വ്യവസ്ഥയെ മനസ്സിലാക്കാൻ സാധിക്കുകയുമില്ല.

ലിംഗസമത്വവാദം കേവലം ഉട്ടോപ്യയാണ്. ഒരിക്കലും നടപ്പിലാക്കാൻ കഴിയാത്ത വെറും സ്വപ്നം. അതിന്റെ വക്താക്കൾക്ക് സ്വപ്നത്തിന്റെ തേരിലേറി സഞ്ചരിക്കാം. ഇസ്‌ലാം പഠിപ്പിക്കുന്നതാകട്ടെ തികച്ചും പ്രായോഗികവും മാനവികവുമായ പാഠങ്ങൾ. അതിന്റെ വക്താക്കൾക്ക് യാഥാർഥ്യത്തിന്റെ ലോകത്ത് മനസ്സമാധാനത്തോടെ ജീവിക്കാം.

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം



# നവോത്ഥാന ചരിത്രത്തിലെ വെള്ളിനക്ഷത്രം പി. സെയ്ദ് മൗലവി

2

ദർസ് വീണ്ടും മുന്നോട്ടു നീങ്ങി. സൂറതുൽബക്വറയിലെ 'ഫലാ തജ്അലൂ ലില്ലാഹി അൻദാദൻ' (അതിനാൽ അല്ലാഹുവിന് നിങ്ങൾ സമന്മാരെ ഉണ്ടാക്കരുത്) എന്നിടത്ത് 'അൻദാദി'നെ അദ്ദേഹം വിവരിച്ചു. കുട്ടികളുടെ മനസ്സ് വല്ലാതായി; മൗലവിക്കു വിശേഷിച്ചും. കാരണം താൻ അല്ലാഹുവല്ലാത്ത പല മഹാൻമാരോടും ഇടതടവില്ലാതെ സഹായം തേടുന്നു. മൗലിദുകൾ, ബൈത്തുകൾ, മാലപ്പാട്ടുകൾ, റാത്തീബ്, ഹദ്ദാദുകൾ മുതലായവ നടത്തുന്നു. ഇതൊക്കെ പുണ്യമുള്ളതല്ലേ? അതൊക്കെ തെറ്റാണെന്നോ? അപ്പോൾ ഈ ക്വുർആൻ തന്നെയല്ലേ ആദ്യം തഫ്സീർ ഓതിയപ്പോഴും ഉണ്ടായിരുന്നത്? അന്നു പക്ഷേ, പണ്ഡിതന്മാരാരും ഇങ്ങനെ പറഞ്ഞില്ലല്ലോ! അതുകൊണ്ട് സത്യം തങ്ങളുടെ പക്ഷത്ത് തന്നെയാണെന്നവർ കരുതി. പക്ഷേ, വാദിച്ചു ജയിക്കാൻ കഴിയുന്നില്ലെന്നു മാത്രം. എങ്കിലും ഇത്തരം കാര്യങ്ങൾ വീറോടെ വാദിക്കും. പറപ്പൂർ നിർവികാരനായി എല്ലാം

കേൾക്കും, ഊറിച്ചിരിക്കും. ഇടയ്ക്ക് അദ്ദേഹം പറയും: 'നിങ്ങളുടെ ഈ സംശയങ്ങളെല്ലാം എല്ലാവർക്കുമുണ്ടാകും. എനിക്കുമുണ്ടായിട്ടുണ്ട്. പക്ഷേ, നമ്മൾ ഒരു കാര്യം മനസ്സിലാക്കണം. അതായത് ഈ മൗലൂദ്, മാല മുതലായവയെല്ലാം ഓരോ മനുഷ്യൻമാരുണ്ടാക്കിയതാണ്. മനുഷ്യർക്കു തെറ്റുപറ്റാം. പക്ഷേ, അല്ലാഹുവിന്റെ വചനങ്ങളാണ് ക്വുർആൻ. അതിൽ തെറ്റുവരുമോ? ഇല്ല എന്നത് തീർച്ചയാണ് എന്ന് നമ്മൾ വിശ്വസിക്കേണ്ടേ? അതെ, അപ്പോൾ തെറ്റുപറ്റാത്ത അല്ലാഹു പറയുന്നത് ശരിയല്ലെന്നും തെറ്റുപറ്റാവുന്ന മനുഷ്യരുണ്ടാക്കിയത് ശരിയാണെന്നും വിശ്വസിക്കാൻ പറ്റുമോ?'

ഈ ചോദ്യം കുട്ടികളെ ചിന്തിപ്പിച്ചു. ദർസു തുടരുകയായിരുന്നു. അതോടൊപ്പം കുട്ടികളുടെ പഴയ വിശ്വാസങ്ങൾക്കു ശക്തി കുറഞ്ഞുവന്നു. പറപ്പൂരിന്റെ സൗമ്യമായ സംസാരവും യുക്തിയുക്തമായ ന്യായീകരണവും കുട്ടികളെ ആകർഷിച്ചു. അങ്ങനെ (വമിനന്നാസി മൻയത്തഖിദു മിൻദൂനില്ലാഹി അൻദാദൻ) എന്ന ആയത്തിലെത്തി. അദ്ദേഹം അവിടെവെച്ച് ഭംഗിയായി 'അൻദാദി'നെ വിവരിച്ചു. അതു കേട്ടപ്പോൾ മൗലവിയുടെ മനസ്സിൽ ശരിക്കും ചലനമുണ്ടായി. അല്ലാഹുവിന്റെ അപാരമായ കരുണ തന്നെ. അല്ലാഹു പറയുന്നതു തന്നെ സത്യം. 'റബ്ബേ, എനിക്കു പൊറുത്തു തരണേ. ഇതുവരെ കൊണ്ടു നടന്നതെല്ലാം ഞാനിതാ വലിച്ചെറിയുന്നു'-മൗലവിയുടെ ഹൃദയം പശ്ചാത്താപവിവശമായി.

മാലമൗലിദാദികൾ നടത്തിയിരുന്ന വീടുകളിലെല്ലാം പോയി മൗലവി കാര്യം സൗമ്യമായി പറഞ്ഞു. 'നമ്മൾ ഇതുവരെ നടത്തിപ്പോന്ന കാര്യങ്ങളൊക്കെ തെറ്റാണ്. അതുകൊണ്ട് ഇനിമേലിൽ ഞാനത് ചെയ്യുകയില്ല. നിങ്ങളും ഇനി ഇതെല്ലാം നിറുത്തണം.' പക്ഷേ, ദൗർഭാഗ്യവശാൽ അവരാരും അപ്പോഴതു സ്വീകരിക്കാൻ തയ്യാറായില്ല; എന്നു മാത്രമല്ല, അത്രയും കാലം മൗലവിയെ സ്‌നേഹിച്ചിരുന്ന പലരും അന്നുമുതൽ വലിയ വെറുപ്പോടെയാണ് പെരുമാറിയത്.

1927 ആയപ്പോഴേക്കും ജയിലിലായിരുന്ന മൗലവിയുടെ പിതാവും ജ്യേഷ്ഠനും നാട്ടിൽ തിരിച്ചെത്തി. മൗലവിയുടെ മാറ്റം അവരെ ദുഃഖത്തിലാഴ്ത്തി. പിന്തിരിയാൻ അവർ പലവട്ടം ഉപദേശിച്ചു. ഭീഷണി മുഴക്കി. പലവട്ടം മർദിച്ചു. ഇനി വീട്ടിൽ കടന്നു പോവരുതെന്ന് പോലും വിലക്കി. വീട്ടിൽനിന്ന് മൗലവിക്കു ഭക്ഷണമൊന്നും നൽകരുതെന്ന് ഉമ്മയോട് ശക്തമായി വിലക്കി. വാത്സല്യനിധിയായ ആ മാതാവ് ധർമസങ്കടത്തിലായി. ബഹിഷ്‌കരണം ഒഴിവാക്കാൻ അവർ പിതാവിനോട് പലതവണ കെഞ്ചി. തീരുമാനം പിൻവലിക്കാൻ മൗലവിയോടു കണ്ണീരോടെ പലതവണ പറഞ്ഞു. എന്നാൽ ദുരാചാരങ്ങളനുഷ്ഠിക്കുന്നതു മൂലമുണ്ടാവാൻ പോകുന്ന

**1927 ആയപ്പോഴേക്കും ജയിലിലായിരുന്ന പി. സെയ്ദ് മൗലവിയുടെ പിതാവും ജ്യേഷ്ഠനും നാട്ടിൽ തിരിച്ചെത്തി. മൗലവിയുടെ മാറ്റം അവരെ ദുഃഖത്തിലാഴ്ത്തി. പിന്തിരിയാൻ അവർ പലവട്ടം ഉപദേശിച്ചു. ഭീഷണി മുഴക്കി. പലവട്ടം മർദിച്ചു. ഇനി വീട്ടിൽ കടന്നുപോവരുതെന്ന് പോലും വിലക്കി. വീട്ടിൽനിന്ന് മൗലവിക്കു ഭക്ഷണമൊന്നും നൽകരുതെന്ന് ഉമ്മയോട് ശക്തമായി വിലക്കി. വാത്സല്യനിധിയായ ആ മാതാവ് ധർമസങ്കടത്തിലായി. എന്നാൽ ദുരാചാരങ്ങളനുഷ്ഠിക്കുന്നതു മൂലമുണ്ടാവാൻ പോകുന്ന വമ്പിച്ച ഭവിഷ്യത്തിനെക്കുറിച്ച് മൗലവി അവർക്കു പറഞ്ഞു മനസ്സിലാക്കിക്കൊടുക്കും. ഇത് പലതവണ ആവർത്തിച്ചപ്പോൾ കാര്യങ്ങൾ അവർക്കും ബോധ്യമായി. പക്ഷേ, പിതാവ് കടുത്ത ദേഷ്യത്തിൽ തന്നെ.**

വമ്പിച്ച ഭവിഷ്യത്തിനെക്കുറിച്ച് മൗലവി അവർക്കു പറഞ്ഞു മനസ്സിലാക്കിക്കൊടുക്കും. ഇത് പലതവണ ആവർത്തിച്ചപ്പോൾ കാര്യങ്ങൾ അവർക്കും ബോധ്യമായി. പക്ഷേ, പിതാവ് കടുത്ത ദേഷ്യത്തിൽ തന്നെ. ഇനി തന്റെ മുമ്പിൽ കണ്ടുപോകരുതെന്നായിരുന്നു കൽപന.

ഇക്കാരണത്താൽ പല ദിവസവും മൗലവിക്ക് പട്ടിണി കിടക്കേണ്ടിവന്നു. പിതാവ് വീട്ടിലില്ലാത്ത സമയത്ത് ചെന്നാൽ ചിലപ്പോൾ എന്തെങ്കിലും ഭക്ഷണം കിട്ടും. ഇല്ലെങ്കിൽ പട്ടിണി തന്നെ. മഗ്‌രിബിനും ഇശാഅ്ക്കുമിടയിൽ ഏതെങ്കിലും മാലയോ ബൈത്തോ ചൊല്ലണമെന്ന് പിതാവിന് നിർബന്ധമുണ്ടാ യിരുന്നു. അതു ചെയ്തില്ലെങ്കിൽ ഭക്ഷണമില്ല. തെറ്റ് ബോധ്യപ്പെട്ടതുകൊണ്ട് മൗലവി അതിനു തയ്യാറായതുമില്ല. അദ്ദേഹം ഇങ്ങനെ വിഷമിക്കുന്ന വിവരം പറപ്പൂർ എങ്ങനെയൊ അറിഞ്ഞു. അന്നുമുതൽ തനിക്കു കൊണ്ടുവരുന്ന ഭക്ഷണത്തിൽ ഒരു പങ്ക് അദ്ദേഹത്തിനും

കൊടുത്തു. പല സൂത്രവും പറഞ്ഞ് മൗലവി പിൻമാറുമെങ്കിലും പറപ്പൂർ നിർബന്ധിച്ചു ഭക്ഷണം കഴിപ്പിക്കും.

ഇതിനിടെ പറപ്പൂർ ഒരു സൂത്രം പറഞ്ഞുകൊടുത്തു. ഇശാ-മഗ്‌രിബിന്നിടയിൽ പാട്ടും ബൈത്തും ചൊല്ലുന്നതിനെക്കാൾ കൂലി ഖുർആൻ ഓതിയാൽ കിട്ടും. അതുകൊണ്ട് ഖുർആൻ ഓതിയാൽ മതി എന്നു വാപ്പയെ കൊണ്ടു സമ്മതിപ്പിക്കുക. ഏതായാലും അത് അംഗീകരിക്കപ്പെട്ടു. അന്ന് മുതൽ അനുജനെ വിളിച്ചിരുത്തി പിതാവ് കേൾക്കുന്ന സ്ഥലത്തുതന്നെ ഇരുത്തി ഖുർആൻ ഓതി അർഥം പറഞ്ഞുകൊടുത്തു തുടങ്ങി. ഫാതിഹ മുതൽ ഓതി അർഥം പറഞ്ഞുകൊടുക്കുന്നത് പിതാവും ശ്രദ്ധിച്ചുകേട്ടു. അതോടെ അദ്ദേഹത്തിന്റെ മനസ്സിലും ചില സംശയങ്ങൾ മുളപൊട്ടി. ഒരു വെള്ളിയാഴ്ച അദ്ദേഹം പറപ്പൂരിനെ സമീപിച്ചു. സംശയങ്ങൾ ചോദിച്ചു. അദ്ദേഹം സൗമ്യമായ ഭാഷയിൽ അവയ്ക്കെല്ലാം മറുപടി കൊടുത്തു. അതോടെ പിതാവിനും മാനസാന്തരമുണ്ടായി. ഏറെത്താമസിയാതെ മൗലവിയുടെ ജ്യേഷ്ഠൻമാരും അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും വിടപറഞ്ഞു.

അന്ധവിശ്വാസങ്ങളെയും നൂതനാചാരങ്ങളെയും വിമർശിച്ചുകൊണ്ട് മൗലവിയടക്കമുള്ള ശിഷ്യൻമാർ നാട്ടിലിറങ്ങിയതോടെ ഒച്ചപ്പാടും ബഹളവുമായി. കേസ് പറപ്പൂരിന്റെ ചെവിയിലെത്തും. അദ്ദേഹം സൗമ്യമായിത്തന്നെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കും. ഇത് സത്യത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. അനാചാരങ്ങളിൽ മുഴുകിക്കഴിഞ്ഞിരുന്ന നാട്ടുകാരായ പലരും മാറിച്ചിന്തിക്കാൻ തുടങ്ങി. ഇക്കാലത്തുതന്നെ പറപ്പൂർ പൊതുപ്രസംഗങ്ങളുമാരംഭച്ചിരുന്നു. സ്വന്തം മഹല്ലിൽ മാത്രമല്ല പരിസരത്തെ മഹല്ലുകളിലും അദ്ദേഹം സത്യവിശ്വാസത്തിന്റെ സന്ദേശവുമായി പ്രഭാഷണങ്ങൾ നടത്തി. കാലക്രമത്തിൽ എടത്തനാട്ടുകരയിലും സമീപ പ്രദേശങ്ങളിലുമൊക്കെത്തന്നെ മാറ്റത്തിന്റെ അലയൊലികളുയർന്നു.

മതവിജ്ഞാനത്തിന്റെ നിറകുടമായിരുന്ന സെയ്ദ് മൗലവി സാധാരണക്കാരിൽ സാധാരണക്കാരനായാണ് ജീവിച്ചത്. പ്രവാചകന്റെ ചര്യകൾ മാതൃകയാക്കിക്കൊണ്ടുള്ള ചിട്ടയായ ജീവിതക്രമം അവസാന നിമിഷംവരെ പുലർത്തുന്നതിൽ മൗലവി അങ്ങേയറ്റം ശ്രദ്ധിച്ചു. സൗമ്യതയുടെ പര്യായമായ മൗലവി പക്ഷേ, തൗഹീദിന്റെ കാര്യത്തിൽ അണുമണിത്തൂക്കം വിട്ടുവീഴ്ചക്ക് തയ്യാറായില്ല. ഖുർആനിനും സുന്നത്തിനുമെതിരായി എന്ത് പ്രവർത്തനങ്ങൾ എവിടെ കണ്ടാലും അതിനെ നഖശിഖാന്തമെതിർക്കാൻ ഒരിക്കലും മടി കാണിച്ചതുമില്ല. മൗലവിയുടെ സ്വഭാവ സവിശേഷതകൾ മനസ്സിലാക്കാൻ ഏതാനും സംഭവങ്ങൾ പറയാം:

മൗലവി ഒരു പ്രത്യേക രാഷ്ട്രീയപ്പാർട്ടിയോട് അനുഭാവം പുലർത്തിയിരുന്നു. എന്നാൽ രാഷ്ട്രീയ വേദികളിലോ രാഷ്ട്രീയ പ്രവർത്തനരംഗത്തോ ഒരിക്കൽപോലും അദ്ദേഹം പ്രത്യക്ഷപ്പെട്ടിട്ടില്ല. എന്നു മാത്രമല്ല രാഷ്ട്രീയ കാര്യങ്ങൾ മറ്റുള്ളവരോട് ചർച്ച ചെയ്യാൻ പോലും മൗലവി മിനക്കെട്ടിരുന്നില്ലെന്നതാണ് സത്യം.

അതേസമയം തെറ്റുകുറ്റങ്ങൾ ഏതു രാഷ്ട്രീയ പാർട്ടികളിൽ കണ്ടാലും അതിനെ ശക്തമായെതിർക്കാൻ മൗലവി എന്നും തയ്യാറായിട്ടുണ്ട്. ഒരിക്കലുമദ്ദേഹം പാർട്ടിയുടെ വലിപ്പച്ചെറുപ്പമോ കൊടിയുടെ നിറമോ നോക്കിയില്ല. മിമ്പറിൽവച്ചുതന്നെ അതിനെ പരസ്യമായി വിമർശിക്കാൻ മൗലവി ധൈര്യം കാണിച്ചിരുന്നു. തനിക്ക് അനുഭാവമുള്ള രാഷ്ട്രീയ പാർട്ടിയുടെ ചില പ്രവർത്തകർ ഒരിക്കൽ മൺമറഞ്ഞ ഒരു നേതാവിന്റെ ചരമദിനത്തിൽ ജ്യോതി തെളിയിച്ചു പ്രയാണം നടത്തിയതിനെ ഖുത്ബയിൽ മൗലവി അതിശക്തമായി എതിർ



ത്തു. ഇത് വിഗ്രഹാരാധനയുടെ ഭാഗമാണെന്നു സമർഥിക്കാൻ തൗഹീദിനുവേണ്ടി ജീവിതമുഴിഞ്ഞു വെച്ച ആ പണ്ഡിതൻ മടികാണിച്ചില്ല.

ആകർഷണീയമായിരുന്നു മൗലവിയുടെ ക്വുർആൻ പാരായണം. അക്ഷരസ്ഫുടതയോടെ ഈണത്തി ലുള്ള ആ പാരായണം എത്ര കേട്ടാലും മതിവരില്ല. എത്ര നീണ്ട സൂറത്താണെങ്കിലും മൗലവിയാണ് പാരായണം ചെയ്യുന്നതെങ്കിൽ വിരസത അശേഷമില്ലാതെ ആളുകൾ കേട്ടുനിൽക്കുമായിരുന്നു.

ക്വുർആൻ സൂക്തങ്ങൾ വെറുതെ ഓതിപ്പോവുകയല്ല, മറിച്ച് അതിന്റെ അർഥവ്യാപ്തി ശരിക്കുമുൾക്കൊണ്ടുകൊണ്ടാണ് മൗലവി പാരായണം ചെയ്യുക. അതുകൊണ്ടുതന്നെ മരണം, നരകശിക്ഷ തുടങ്ങിയ കാര്യ ങ്ങളെപ്പറ്റി പരാമർശിക്കുന്ന സൂക്തങ്ങളോതുമ്പോൾ അദ്ദേഹം വിതുമ്പിക്കരയാറുണ്ടായിരുന്നു.

സൂറതുൽ ജുമുഅ, മുനാഫിക്വൂൻ എന്നിവയായിരുന്നു വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിൽ മൗലവി സ്ഥിരമായി ഓതാറുണ്ടായിരുന്നത്. മനുഷ്യന്റെ അന്ത്യസമയത്തെക്കുറിച്ചു പരാമർശിക്കുന്ന, മരണത്തെ ഒരു നിമിഷം കൂടി നീട്ടിക്കിട്ടിയിരുന്നെങ്കിൽ താൻ സൽക്കർമങ്ങൾ അനുഷ്ഠിച്ചു കൊള്ളാമെന്നുള്ള അവന്റെ വിലാപവുമൊക്കെ ഉൾക്കൊള്ളുന്ന സൂക്തങ്ങളിൽ മൗലവി തേങ്ങിക്കരയുക പതിവായിരുന്നു.

തനിക്ക് അറിവിന്റെ വെളിച്ചം പകർന്നുതന്ന ഗുരുനാഥരോട് അതിരറ്റ ബഹുമാനം പുലർത്തിയിരുന്നു സെയ്ദ് മൗലവി. പ്രത്യേകിച്ച് തന്റെ ജീവിതത്തെ തൗഹീദിന്റെ പാന്ഥാവിലേക്ക് തിരിച്ചുവിട്ട പറപ്പൂർ അബ്ദുറഹ്മാൻ മൗലവിയോട് അങ്ങേയറ്റത്തെ സ്നേഹവും ബഹുമാനവും പുലർത്തിയിരുന്നു അദ്ദേഹം. 'ശൈഖുനാ' എന്നാണദ്ദേഹം പറപ്പൂരിനെ വിശേഷിപ്പിച്ചിരുന്നത്.

ഇർശാദുൽ അനാം മദ്റസ തുടങ്ങിയ ആദ്യകാലത്ത് മൗലവി ക്ലാസെടുത്തുകൊണ്ടിരിക്കുകയാണ്. അതിനിടക്ക് ആരോ ഒരാൾ മൗലവിയെ പുറത്തേക്ക് വിളിച്ചു കൊണ്ടുപോയി എന്തോ അടക്കം പറഞ്ഞു. തിരിച്ചുവന്ന മൗലവി ഒരക്ഷരം ഉരിയാടാതെ മേശമേൽ തലതാഴ്ത്തി കമഴ്ന്നുകിടന്നു പൊട്ടിക്കരഞ്ഞു. കുട്ടികൾക്കൊന്നും മനസ്സിലായില്ല. വിദ്യാർഥികളിൽ മൗലവിയുടെ മൂത്ത പുത്രൻ അബ്ദുറഹ്മാനുമുണ്ടായിരുന്നു. 'എന്തുപറ്റി ഉപ്പാ, എന്താണുണ്ടായത്'-അബ്ദുറഹ്മാൻ പതുക്കെ മൗലവിയുടെ അരികിൽ ചെന്നു ചോദിച്ചു. 'ഉപ്പാന്റെ ഉസ്താദ് മരിച്ചുപോയി' -മൗലവി വിതുമ്പിക്കരഞ്ഞുകൊണ്ട് പറഞ്ഞു. പറപ്പൂർ അബ്ദുറഹ്മാൻ മൗലവി മരിച്ചുവെന്ന വാർത്തയായിരുന്നു അദ്ദേഹം കേട്ടത്. സത്യത്തിൽ അന്നത്തെ വാർത്ത

> **അന്ധവിശ്വാസങ്ങളെയും നൂതനാചാരങ്ങളെയും വിമർശിച്ചുകൊണ്ട് മൗലവിയടക്കമുള്ള ശിഷ്യൻമാർ നാട്ടിലിറങ്ങിയതോടെ ഒച്ചപ്പാടും ബഹളവുമായി. കേസ് പറപ്പൂരിന്റെ ചെവിയിലെത്തും. അദ്ദേഹം സൗമ്യമായിത്തന്നെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കും. ഇത് സത്യത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. അനാചാരങ്ങളിൽ മുഴുകിക്കഴിഞ്ഞിരുന്ന നാട്ടുകാരായ പലരും മാറിച്ചിന്തിക്കാൻ തുടങ്ങി. ഇക്കാലത്തുതന്നെ പറപ്പൂർ പൊതുപ്രസംഗങ്ങളുമാരംഭിച്ചിരുന്നു. സ്വന്തം മഹല്ലിൽ മാത്രമല്ല പരിസരത്തെ മഹല്ലുകളിലും അദ്ദേഹം സത്യവിശ്വാസത്തിന്റെ സന്ദേശവുമായി പ്രഭാഷണങ്ങൾ നടത്തി. കാലക്രമത്തിൽ എടത്തനാട്ടുകരയിലും സമീപ പ്രദേശങ്ങളിലുമൊക്കെത്തന്നെ മാറ്റത്തിന്റെ അലയൊലികളുയർന്നു.**

ശരിയായിരുന്നില്ല. എതിരാളികൾ പറഞ്ഞുപരത്തിയ വ്യാജവാർത്ത മാത്രമായിരുന്നു അത്. ഇങ്ങനെ മൂന്നാലു തവണ പറപ്പൂർ മരിച്ചുവെന്ന കള്ള പ്രചാരണം നാട്ടിൽ പരന്നിട്ടുണ്ട്. പിന്നീട് ഏറെ കാലം കഴിഞ്ഞാണ് പറപ്പൂർ മരിച്ചത്.

ഇസ്‌ലാമിക പ്രബോധനത്തിനു കലാമാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് മൗലവി എതിരായിരുന്നില്ല. മാത്രമല്ല അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർക്കുവാൻ ഗാനങ്ങളും ചിത്രീകരണങ്ങളുമൊക്കെ ഉപയോഗിക്കുന്നതിൽ മൗലവിക്കു എതിർപ്പുണ്ടായിരുന്നില്ല. ഇത്തരം പല ഗാനങ്ങളും മറ്റു കലാരൂപങ്ങളും മൗലവി തന്നെ രചിക്കുകയും ചെയ്തിരുന്നു. അന്ധവിശ്വാസങ്ങളുടെ അർഥശൂന്യത സാമാന്യജനങ്ങൾക്കു സരസമായി മനസ്സിലാക്കിക്കൊടുക്കുന്നതിനായി 'കള്ളനോട്ടുകൾ' എന്ന ഒരു ആക്ഷേപ ഹാസ്യവും 'ഇത്തിക്കണ്ണികൾ' എന്ന



ചിത്രീകരണവും മൗലവി രചിക്കുകയും അദ്ദേഹത്തിന്റെ ശിഷ്യന്മാരെക്കൊണ്ട് അവതരിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇവയെല്ലാം ഇസ്‌ലാമിന്റെ അതിർവരമ്പുകൾക്കുള്ളിൽ നിന്നുകൊണ്ടുള്ളതായിരിക്കണമെന്ന കടുത്ത നിർബന്ധവുമുണ്ടായിരുന്നു മൗലവിക്ക്. അതുകൊണ്ടുതന്നെ നൃത്തനൃത്യങ്ങളോ പെൺകുട്ടികൾ പങ്കെടുക്കുന്ന ചിത്രീകരണങ്ങളോ ഒന്നും തന്നെ അദ്ദേഹം അനുവദിക്കുകയും ചെയ്തില്ല.

ഒരിക്കൽ രണ്ടത്താണി ഐ.എസ്.എം വായനശാലയുടെ വാർഷികത്തിനു ഹിദായ കലാവേദി നാടകം അവതരിപ്പിക്കുന്നു എന്ന നോട്ടീസ് അച്ചടിച്ചത് മൗലവിയെ അങ്ങേയറ്റം ക്ഷുഭിതനാക്കി. പെൺകുട്ടികൾ അഭിനയിക്കുകയോ അഭിനേതാക്കൾ വേഷം മാറുകയോ ഒന്നും ചെയ്യാത്ത ഒരു സാധാരണ ചിത്രീകരണമായിരുന്നു സംഗതി. പക്ഷേ, അത്തരം വിശദീകരണങ്ങളൊന്നും തന്നെ മൗലവിയെ ശാന്തനാക്കിയില്ല. 'നാടകം' എന്ന പ്രയോഗമായിരുന്നു മൗലവിയെ ക്ഷുഭിതനാക്കിയത്. അവതരിപ്പിക്കുന്നതു നാടകമല്ലെങ്കിൽ പോലും തെറ്റിദ്ധാരണാജനകങ്ങളായ പേരുകൾ ഉപയോഗിക്കുന്നത് ശരിയല്ല എന്നതിന് പ്രവാചകൻ പറഞ്ഞ ഒരു സംഭവം വിശദീകരിച്ചുകൊണ്ട് മൗലവി സംസാരിച്ചപ്പോൾ എല്ലാവർക്കും കാര്യം മനസ്സിലാവുകയും ചെയ്തു. ഒടുവിൽ 'നാടകം' എന്നതിനു പകരം ചിത്രീകരണം' എന്നുതന്നെ അച്ചടിച്ച നോട്ടീസിറക്കിയാണ് പരിപാടി അവതരിപ്പിച്ചത്.

സ്വന്തം മക്കളായാലും മറ്റുള്ളവരുടെ മക്കളായാലും കൊച്ചുകുട്ടികളെ മൗലവിക്ക് വലിയ ഇഷ്ടമായിരുന്നു. അവരോട് അങ്ങേയറ്റത്തെ സ്നേഹവും. രണ്ടത്താണി മസ്ജിദുറഹ്മാനിയയിൽ ഖത്തീബായി മൗലവി വരുന്ന കാലത്ത് മൂത്ത മകൻ അബ്ദുറഹ്മാൻ കൊച്ചുകുട്ടിയായിരുന്നു. ജുമുഅക്ക് ഉമ്മയുടെ കൂടെ പള്ളിയിൽ വന്നിരുന്ന ആ കൊച്ചുകുട്ടി മൗലവി ഖുതുബ നടത്തിക്കൊണ്ടിരിക്കുമ്പോൾ മുട്ടിലിഴഞ്ഞ് മിമ്പറിനു താഴെ വന്നുനിന്ന് കരയും. അത്തരം സന്ദർഭങ്ങളിൽ മകനെ എടുത്ത് മിമ്പറിലിരുത്തി മൗലവി ഖുതുബ തുടരുമായിരുന്നു.

ഓരോ വക്ത്തിനും മക്കളെ പള്ളിയിൽ കൂട്ടികൊണ്ടുവന്നു നമസ്കരിപ്പിക്കാൻ മൗലവി എപ്പോഴും ശ്രദ്ധിച്ചിരുന്നു. അതിരാവിലെ മക്കളെയെല്ലാം വിളിച്ചുണർത്തി അവരോടൊപ്പമാണ് സുബ്ഹി നമസ്കാരത്തിന് പള്ളിയിലെത്തുക.


കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിൽ പ്രത്യേക ചാതുരിയുണ്ടായിരുന്നു മൗലവിക്ക്. പാട്ടയും വിളക്കുമൊക്കെയുണ്ടാക്കി അദ്ദേഹം കടയിൽ കൊണ്ടുപോയി വിറ്റിരുന്നു. ഒരുകാലത്ത് വാച്ച് റിപ്പയറിംഗും നടത്തിയിരുന്നു അദ്ദേഹം. ഇവയിൽ പലതും അദ്ദേഹം സ്വയം അഭ്യസിച്ച കലകളായിരുന്നു. അതിലൊന്നായിരുന്നു തയ്യൽ. തനിക്കുള്ള വസ്ത്രങ്ങൾ സ്വയം തുന്നുമായിരുന്നു.

പഴയ ഷർട്ടുകളും മറ്റും തുന്നഴിച്ചു നോക്കിയ ശേഷം തുണി വാങ്ങി അതേ രൂപത്തിൽ വെട്ടി തയ്ച്ചാണ് മൗലവി തുന്നൽ അഭ്യസിച്ചത്. ഇസ്‌ലാഹീ പ്രചരണാർഥം ഒരിക്കൽ ഡൽഹിയിൽ പോകേണ്ട ആവശ്യം വന്നു. ഡൽഹിയിൽ ആദ്യമായി പോവുകയാണ് മൗലവി. ഡൽഹിയിൽ പോകുമ്പോൾ പാന്റുപയോഗിക്കുകയാണ് നല്ലതെന്ന് ആരോ അദ്ദേഹത്തെ ഉപദേശിച്ചു. അതനുസരിച്ച് മൗലവി ഒരു വെള്ള പാന്റ് പീസ് വാങ്ങി സ്വയം തയ്ക്കാൻ ശ്രമിച്ചു. സ്റ്റിച്ചിംഗൊക്കെ കഴിഞ്ഞ് ഇട്ടു നോക്കുമ്പോൾ തീരെ പാകമില്ല. കുറച്ചുനേരം എന്തോ ആലോചിച്ച് അദ്ദേഹം ചിരിച്ചു. പിന്നീടത് അഴിച്ചുവയ്ക്കുകയും ചെയ്തു. ഒടുവിൽ തുണിയുടുത്തുതന്നെ ഡൽഹിയിൽ പോയി.

**(തുടരും)**

**അർഷിന എസ്. കെ.**
mail@nerpatham.com

ലേഖനം



# കോവിഡ് കാലവും വിഷാദ രോഗവും

രണ്ട് വർഷത്തിലധികമായി കൊറോണ എന്ന മഹാമാരി ലോകത്തെ പിടികൂടിയിട്ട്. വിഷാദരോഗികളുടെ എണ്ണം ഈ കാലയളവിൽ വലിയ തോതിൽ വർധിച്ചതായാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ചിലർ അതിൽ നിന്നും മുക്തിനേടാൻ കഴിയാതെ അതിന്റെ പിടിയിലമരുന്നു. മറ്റുചിലർ സ്വയം പ്രതിരോധിക്കാനും പുറത്തുകടക്കാനും ശ്രമിക്കുന്നു. വളരെ വിരളമായി ചിലർ മാത്രം സൈക്കോളജിസ്റ്റിന്റെ സഹായം തേടുന്നു.

പ്രശ്നങ്ങൾ സ്വയം കണ്ടെത്താൻ കഴിയുന്നുവെങ്കിൽ അത് വളരെ നല്ലത്. എന്നാൽ അപൂർവം ചില ആളുകൾക്ക് മാത്രമെ സ്വയം തിരിച്ചറിയാനും അതിനെ പ്രതിരോധിക്കാനും കഴിയുകയുള്ളൂ. അല്ലാത്തവർക്ക് ഒരാളുടെ സഹായം നിർബന്ധമാണ്, അല്ലെങ്കിൽ ഒരുപക്ഷേ, മരണംവരെ സംഭവിക്കാം.

തലച്ചോറിനും നാഡിവ്യൂഹത്തിനുമുണ്ടാവുന്ന പ്രവർത്തനത്തിലെ വ്യതിയാനമാണ് വിഷാദരോഗത്തിന്റെ കാരണം. കുടുംബ ജീവിതത്തിലെ പൊരുത്തക്കേട്, സന്താന സൗഭാഗ്യം ലഭിക്കാതിരിക്കൽ, പ്രണയനൈരാശ്യം, ജോലിഭാരം, വീട്ടിലെ മോശമായ അന്തരീക്ഷം, ഇഷ്ടപ്പെട്ടവരിൽനിന്നുള്ള കുറ്റം പറച്ചിൽ, ആഗ്രഹിച്ച ജോലി ലഭിക്കാതിരിക്കൽ, ഇഷ്ടപ്പെട്ട വിഷയത്തിൽ പഠനം നടത്താൻ കഴിയാതിരിക്കൽ, പഠനത്തിലെ ബുദ്ധിമുട്ട്, പരീക്ഷയോടുള്ള ഭയം... തുടങ്ങി വിഷാദരോഗത്തിന്റെ കാരണങ്ങൾ നീണ്ടു പോകുന്നു.

രോഗത്തിന്റെ തുടക്കത്തിൽതന്നെ കാരണം കണ്ടെത്തി ചികിത്സിച്ചാൽ അല്ലാഹുവിന്റെ സഹായത്താൽ പൂർണമായി മോചനം നേടാൻ കഴിയും. എന്നാൽ രോഗത്തിലേക്ക് ആഴ്ന്നിറങ്ങുന്തോറും അതിൽനിന്നും പുറത്തുകടക്കാൻ പ്രയാസം നേരിടേണ്ടിവരും. ദൈനംദിന ജീവിതത്തിൽ രോഗവസ്ഥ മൂലം വലിയ തോതിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരും. വിശപ്പില്ലായ്മ, ഉറക്കില്ലായ്മ, അലസത, ഏറ്റെടുത്ത പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാതിരിക്കുക തുടങ്ങിയവ പിടികൂടും. ജീവിതത്തിന്റെ താളം തെറ്റും.

പ്രിയപ്പെട്ടവരുടെ പെരുമാറ്റത്തിൽ കാണുന്ന അസ്വഭാവികതയെ ആരും അവഗണിക്കരുത്. അത് മനസ്സിലാക്കിയാൽ പിന്നെ അവരെ തനിച്ചു വിടരുത്. കൂടെ നിൽക്കണം. അവർക്ക് പറയാനുള്ളത് കേൾക്കണം. കേൾക്കുക എന്നത് വളരെ വലിയ കാര്യമാണ്. ഇന്നത്തെ കാലത്ത് തന്റെ പ്രശ്നങ്ങളും പരാതികളും കേൾക്കാൻ ഒരാളില്ലാത്തത് തന്നെയാണ് പലരുടെയും ഏറ്റവും വലിയ പ്രശ്നവും. അവരോട് തിരിച്ചൊന്നും പറഞ്ഞില്ലെങ്കിലും പരിഹാരങ്ങൾ നിർദേശിക്കാൻ കഴിയില്ലെങ്കിലും അവരെ കേൾക്കുക. അത് അവർക്ക് ഏറെ ആശ്വാസമേകും. ഒന്ന് തുറന്നു പറഞ്ഞാൽ, മനസ്സറിഞ്ഞൊന്നു കരഞ്ഞാൽ തീരുന്ന പ്രശ്നമേ ചിലർക്കുണ്ടാവൂ. അതിനുള്ള അവസരം ലഭ്യമാക്കണം. അതിന് കഴിയില്ലെങ്കിൽ ഒരു സൈക്കോളജിസ്റ്റിന്റെ സഹായം തേടാം. അല്ലാതെ അവരെ അവഗണിച്ച് മരണത്തിലേക്ക് തള്ളിവിടരുത്.

അമിതമായ ദേഷ്യം, കരച്ചിൽ, ചില നേരങ്ങളിൽ വികാരങ്ങളില്ലാതെ തളർന്നു നിൽക്കുക, സ്വന്തം കഴിവിലും മറ്റും വിശ്വാസമില്ലാതിരിക്കുക, കാര്യങ്ങൾ ചെയ്തുതീർക്കാൻ ഉത്സാഹക്കുറവ്, കുറ്റബോധത്തിന്റെ ഭാരം മനസ്സിൽ പേറി നടക്കുക, ചിരിക്കാൻ പോലും മറന്നുവിധത്തിൽ എപ്പോഴും ശോകമായി ഇരിക്കുക...ഇതൊക്കെ വിഷാദ രോഗത്തിന്റെ അടയാളമാണ്.

ആക്ഷേപ വാക്കുകൾ അവരെ കുത്തി മുറിവേൽപിക്കും. അത് അവരിൽ കൂടുതൽ ആഴത്തിൽ നെഗറ്റീവ് ചിന്തകൾ വളർത്തും. എനിക്കിനി ജീവിക്കേണ്ട എന്ന രീതിയിലേക്ക് കാര്യങ്ങൾ പോകും. സ്വയം മുറിവേൽപിക്കാനും ജീവിതം അവസാനിപ്പിക്കാനും വേണ്ടിയാകും അവർ ശ്രമിക്കുക. 'ജീവിച്ചിരിക്കുമ്പോൾ സഹായിക്കാതെ മരിച്ചു കഴിഞ്ഞിട്ട് എന്തിന് അലമുറയിടുന്നു' എന്ന ചോദ്യം ഉയരാൻ അനുവദിക്കരുത്.

ജോലി നഷ്ടപ്പെടുക, കോവിഡ് ബാധിച്ച് മരിക്കുമോ എന്ന പേടി എന്നിവയാണ് കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ ആളുകളെ വിഷാദരോഗികളാക്കിയത്.

കോവിഡ് ബാധിച്ച ഒരാളുടെ അവസ്ഥ കുറച്ചു ഗുരുതരമാവുന്നു. ഐസിയുവിൽ ഏതാനും നാളുകൾ കിടക്കേണ്ടിവരുന്നു. പക്ഷേ, അയാൾ ജീവിതത്തിലേക്ക് തിരിച്ചുവന്നു. എന്നാൽ ഈ നാളുകൾ അയാളുടെ മനസ്സിൽ ഭയം നിറഞ്ഞു. ഐസിയുവിൽ കിടന്ന നാളുകളിൽ അയാൾ ചിന്തിച്ചത് താൻ ഇതിൽ എന്തായാലും മരിക്കുമെന്നായിരുന്നു. പിന്നീട് ഭാര്യയും പിഞ്ചുമക്കളും എങ്ങനെ ജീവിക്കുമെന്ന ചിന്ത അയാളെ വരിഞ്ഞുമുറുക്കി. കോവിഡിൽനിന്ന് അയാൾ രക്ഷപ്പെട്ടു പുറത്തുവന്നുവെങ്കിലും അയാൾക്ക് വിഷാദരോഗം പിടിപെട്ടു.



എപ്പോൾ വേണമെങ്കിലും മനുഷ്യന്റെ മനസ്സിന്റെ താളം തെറ്റിയേക്കാം എന്നർഥം. അനാവശ്യ ചിന്തകളെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ തന്നെ നാം രക്ഷപ്പെട്ടു. അതിന് നല്ല നല്ല മാർഗങ്ങൾ നോക്കുക. പരാജയങ്ങളിൽ തളരാതെ മുന്നേറാൻ ശ്രമിക്കുക. അല്ലാതെ എല്ലാം മറക്കാൻ വേണ്ടി ലഹരിക്ക് അടിമപ്പെടാതിരിക്കുക. അത് വേറെ പലതും സമ്മാനിക്കും. അതിന്റെ ഇരകളിൽ ചെറുപ്പക്കാരും പ്രായമുള്ളവരുമുണ്ട്. ആണും പെണ്ണുമുണ്ട്. മനുഷ്യ മനസ്സിലെ ചിന്തകൾ കൊണ്ടുണ്ടാക്കിയ വലയത്തിൽ കുടുങ്ങിക്കിടന്നു കൊണ്ട് പുറത്തുവരാനാവാതെ രോഗത്തിലേക്ക് അറിഞ്ഞും അറിയാതെയും വീണുപോവുകയാണ് പലരും.

പലരുടെയും അവസ്ഥ കണ്ടിട്ടും അതിനൊന്നും ശരിയായ ചികിത്സ നൽകാതെ ബന്ധുക്കളും സുഹൃത്തുക്കളും മന്ത്രവാദങ്ങളും ജപിച്ചു കെട്ടലുമെല്ലാം കൊണ്ട് കാര്യങ്ങൾ വഷളാക്കുന്നു.

സൈക്കോളജിസ്റ്റിന്റെ അടുത്ത് പോയാൽ ജീവിതം നശിക്കും, അയാൾക്ക് ഭ്രാന്താണെന്ന മുദ്ര കുത്തും, കുടുംബത്തിന്റെ അഭിമാനം പോകും തുടങ്ങി ഒട്ടേറെ വേണ്ടാത്ത കാര്യങ്ങൾ ചിന്തിച്ചു രോഗിയെ ശരിയായ ചികിത്സക്ക് വിധേയമാക്കാതെ സ്വന്തമായ പല ചികിത്സകളും ചെയ്ത് നാശത്തിലേക്ക് തള്ളിവിടുന്ന ചിലരുണ്ട്.അവസാനം കൈവിട്ടുപോയി എന്ന് ബോധ്യമാകുമ്പോൾ മാത്രം ഹോസ്പിറ്റലിൽ കൊണ്ടുപോകുന്നു; ഡോക്ടറോട് രക്ഷപ്പെടുത്താൻ കേണ് പറയുന്നു!

സൈക്കോളജിസ്റ്റിന്റെ അടുത്ത് പോയെന്ന് കരുതി ഒരിക്കലും അവരാരും മാനസിക വിഭ്രാന്തിയുള്ളവരാവില്ല. അവരുടെ താളം തെറ്റിയ മനസ്സിനെ നിയന്ത്രിച്ചുനിർത്താനും നേരെയാക്കാനുമുള്ള ഒരു ചാനൽ മാത്രമാണ് സൈക്കോളജിസ്റ്റ്. വിഷാദരോഗത്തിന്റെ അവസ്ഥയും അതിന്റെ പ്രശ്നങ്ങളും ജീവിതത്തിൽ എങ്ങനെ ബാധിക്കുമെന്ന് അറിയുന്ന ഒരാളും രോഗിയെ സഹായിക്കാതിരിക്കില്ല. കൂടുതൽ കൂടുതൽ വഷളാവുന്ന തിനെക്കാൾ നല്ലതാണ് തുടക്കത്തിലേ ചികിൽസിക്കുന്നത്. സൈക്യാട്രിക് വാർഡിൽ കയറിയാലേ അതിന്റെ അവസ്ഥ മനസ്സിലാവൂ.

ഞാൻ ഇന്റേൺഷിപ്പിന് വേണ്ടിയാണ് ആദ്യമായി സൈക്ക്യാട്രിക് ഹോസ്പിറ്റലിൽ പോയത്. അവിടെ നാം ഓരോ ജനലിലൂടെയും കാണുന്ന കാഴ്ചകൾ വ്യത്യസ്തമാണ്, ഒരേ കാഴ്ചകളാണെങ്കിലും അത് കാണുന്നവന്റെ കണ്ണിലൂടെ വ്യത്യസ്തമാവും.

ഹോസ്പിറ്റലിലെ ആദ്യത്തെ ദിവസം ഇന്നും എന്റെ ഓർമയിൽ തങ്ങിനിൽപുണ്ട്. ഇരുമ്പുഗേറ്റ് കൊണ്ട് ചുറ്റും തീർത്ത അതിർവരമ്പിനുള്ളിൽ കുറെ മനുഷ്യജന്മങ്ങൾ. പലരും പല ചിന്തകളിലാണ്. ചിലർക്ക് അവർ അവിടെയാണ് ജീവിക്കുന്നതെന്ന് പോലും അറിയില്ല. അവരുടെ ഇടയിലേക്ക് ഞങ്ങളോട് പോകാൻ പറഞ്ഞപ്പോൾ കുറച്ചധികം നിർദേശങ്ങൾ ഞങ്ങൾക്ക് തന്നിരുന്നു. എല്ലാം കേട്ട് തെല്ലൊരു പരിഭ്രമ ത്തോടെയാണ് ഞാൻ താഴേക്ക് നടന്നത്. ഗേറ്റ് തുറന്നു ഞങ്ങൾ അകത്തുകയറി. 15 പേരുണ്ടായിരുന്ന ഞങ്ങളുടെ കൂട്ടം പെട്ടെന്ന് തന്നെ അകന്നു. കാരണം അവരുടെ അടുത്ത് എല്ലാവരും ഒരുമിച്ചുപോവരുതെന്ന് പറഞ്ഞിരുന്നു. ഓരോരുത്തരായി അവരുടെ അടുക്കലേക്ക് ചെന്നു. എന്റെ ഹൃദയമിടിപ്പ് കൂടുന്നതായി ഞാൻ അറിയുന്നുണ്ടായിരുന്നു. എന്നാൽ അവരെ അടുത്തറിഞ്ഞപ്പോൾ ഭീതിയെല്ലാം മാറി.

ശരിക്കും അന്ന് ഞാൻ എന്തിനാണ് അവരെ പേടിച്ചതെന്ന് ഇപ്പോഴും ഓർക്കും. അവരും നമ്മെപോലെയുള്ള മനുഷ്യരാണ്. ചില പ്രത്യേക കാരണങ്ങളാൽ മനസ്സ് തളർന്നുപോയവർ. അവരെ കൈപിടിച്ചു കൊണ്ടുവരേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. നല്ല വിദ്യാഭ്യാസവും മികച്ച ജീവിത ചുറ്റുപാടും ഉള്ളവരായിരുന്നു അവരിലധികവും. മാതാപിതാക്കളുടെ തങ്ങളുടെ ആഗ്രഹങ്ങൾ അടിച്ചേൽപിക്കാൻ ശ്രമിച്ചതിനാൽ, കുടുംബ ക്കാരുടെയും നാട്ടുകാരുടെയും അവഗണനയാൽ, അപകർഷതബോധം പിടിമുറുക്കിയതിനാൽ, ലഹരിക്ക് അടിമപ്പെട്ടതിനാൽ...ഇങ്ങനെ വ്യത്യസ്ത കാരണങ്ങളാൽ മനസ്സിന്റെ താളം തെറ്റിയവർ. കൂടുതലും ചെറുപ്പക്കാർ.

ഒന്ന് ആരോടെങ്കിലും പറഞ്ഞാൽ തീരാവുന്ന പ്രശ്നമാണെങ്കിൽ അത് തുറന്ന് പറഞ്ഞു മനസ്സിനെ ശാന്തമാക്കുക. ഒരിക്കലും സ്വയം എരിഞ്ഞു തീരരുത്. ആ അവസ്ഥ അത്രമേൽ ഭയാനകമാണ്!

എല്ലാം സർവശക്തനായ സ്രഷ്ടാവിനോട് പറയുക. അവനിൽ അഭയം തേടുക. അവനെക്കുറിച്ചുള്ള സ്മരണകൾ മനസ്സിനെ ശാന്തമാക്കാതിരിക്കില്ല. ഏത് പ്രയാസങ്ങളെയും മറികടക്കാനുള്ള ഉൾക്കരുത്ത് അവൻ നമുക്ക് നൽകുന്നതാണ്.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# ഹുദയ്ബിയ സന്ധിയിലെ നയതന്ത്ര ചാരുത

**മുഹമ്മദ് നബിﷺ 51**

"തീർച്ചയായും നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹുവോട് തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കു മീതെയുണ്ട്. അതിനാൽ ആരെങ്കിലും (അത്) ലംഘിക്കുന്ന പക്ഷം ലംഘിക്കുന്നതിന്റെ ദോഷഫലം അവന് തന്നെയാകുന്നു. താൻ അല്ലാഹുവുമായി ഉടമ്പടിയിൽ ഏർപെട്ട കാര്യം വല്ലവനും നിറവേറ്റിയാൽ അവന്ന് മഹത്തായ പ്രതിഫലം നൽകുന്നതാണ്" (48:10).

ആ വൃക്ഷത്തിന്റെ ചുവട്ടിൽവച്ച് നബിﷺയോട് സ്വഹാബിമാർ എടുത്ത ആ ബയ്അത്ത് അല്ലാഹുവിനോട് ചെയ്ത ബയ്അത്തിനെ പോലെയാണ്. ആയതിനാൽ, ആരെങ്കിലും ആ കരാർ ലംഘിച്ചാൽ അവർ സ്വന്തത്തിന് എതിരായിട്ടാണ് പ്രവർത്തിച്ചത്. എന്നാൽ അല്ലാഹുവിനോട് ചെയ്ത കരാർ പാലിക്കുന്നവർക്ക് അല്ലാഹു വമ്പിച്ച പ്രതിഫമായി സ്വർഗം നൽകുന്നതാണ്. ഈ ബയ്അത്തിനെ തന്നെ പ്രശംസിച്ചു കൊണ്ട് ഇതേ അധ്യായത്തിൽ തന്നെ മറ്റൊരിടത്ത് ഇപ്രകാരം കാണാം:

"ആ മരത്തിന്റെ ചുവട്ടിൽവച്ച് സത്യവിശ്വാസികൾ നിന്നോട്പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും, അങ്ങനെ അവർക്ക് മനസ്സമാധാനം ഇറക്കികൊടുക്കുകയും, ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു. അവർക്ക് പിടിച്ചെടുക്കുവാൻ ധാരാളം സമരാർജിത സ്വത്തുകളും (അവൻ നൽകി). അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (48:18,19).

അല്ലാഹുവിന്റെ പ്രത്യേകമായ തൃപ്തി (രിദ്വാൻ) അവർക്ക് ലഭിച്ചു. അതിനാലാണ് ഈ ബയ്അത്തിന് 'ബയ്അതുർരിദ്വാൻ' എന്നും പേര് വന്നത്. അവരുടെ മനസ്സറിയുന്ന അല്ലാഹു അവർക്ക് അതു മുഖേന സമാധാനം നൽകി. ശേഷം ഉണ്ടായ വമ്പിച്ച വിജയവും അവർക്ക് നൽകി. അഥവാ, ഈ സന്ദർഭത്തിൽ വലിയ വിജയം മുസ്ലിംകൾക്ക് ഉണ്ടായില്ലെങ്കിലും അതിന് തൊട്ടുടനെയായി നടന്ന ഖയ്ബർ യുദ്ധത്തിൽ മുസ്ലിംകൾക്ക് ഇതു മുഖേന വമ്പിച്ച വിജയം ഉണ്ടായിട്ടുണ്ട്. ആ യുദ്ധത്തിൽ മുസ്ലിംകൾക്ക് ഏറെ യുദ്ധാർജിത സ്വത്തും ലഭിക്കുകയുണ്ടായി.

യുദ്ധത്തിൽനിന്ന് പിന്തിരിയുകയില്ലെന്നും മരണംവരെ പോരാടുമെന്നുമെല്ലാം നബിﷺയോട് സ്വഹാബിമാർ ഹുദയ്ബിയയിൽവെച്ച് കരാർ ചെയ്ത വിവരം ക്വുറയ്ശികളുടെ കാതിലെത്തി. അവർ അങ്കലാപ്പിലായി. മുസ്ലിംകൾ മക്കയിലേക്ക് കടന്നുകയറാൻ സാധ്യതയുണ്ടെന്നും അവർ മക്കക്കാരോട് പോരാടുമെന്നും മക്കക്കാർക്കിടയിൽ സംസാരമായി. അവർക്ക് നേരത്തെയുണ്ടായിരുന്ന വീറും വാശിയുമെ ല്ലാം അയഞ്ഞു. പ്രവാചകനോട് ഒരു സന്ധിസംഭാഷണത്തിലൂടെ പ്രശ്നത്തിന് പരിഹാരം കാണലാകും ബുദ്ധി എന്ന് മക്കക്കാർക്ക് തോന്നി. പിന്നീട് അവർ നബിﷺയുടെ അടുത്തേക്ക് ദൂതന്മാരെ അയക്കാൻ തുടങ്ങി. ആദ്യമായി വന്നത് ഉർവതുബ്നു മസ്ഊദ് അസ്സക്വഫിയ്ؓ ആയിരുന്നു. അദ്ദേഹം പിൽക്കാലത്ത് ഇസ്ലാം സ്വീകരിക്കുകയുണ്ടായി. അദ്ദേഹം അന്ന് നബിﷺയുടെ അടുത്തേക്ക് വന്ന് പല രൂപത്തിലും മുസ്ലിംകൾക്കിടയിൽ കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചിരുന്നു. മുസ്ലിംകളെ പരസ്പരം പോരടിപ്പിക്കുന്ന വിധത്തിൽ ഗോത്ര വിഷയങ്ങളും മറ്റും എടുത്ത് പറഞ്ഞു. നബിﷺ പറഞ്ഞു: 'ഇവരെല്ലാം എന്റെ അനുയായികളാണ്. അവർ എന്നെ വിട്ട് പോകുകയില്ല. ഞങ്ങൾ പരസ്പരം ബയ്അത്ത് ചെയ്ത് നിൽക്കുന്ന വിശ്വാസികളാണ്.'

അപ്പോൾ ഉർവത് അബൂബക്ർؓ അടക്കമുള്ള സ്വഹാബിമാരുടെ മുഖത്ത് നോക്കി ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവാണെ സത്യം, തീർച്ചയായും ഞാൻ (മാന്യന്മാരായ ഒരാളുടെയും) മുഖം കാണുന്നില്ല. (ഒരു യുദ്ധം പുറപ്പെട്ടാൽ) നിന്നെ ഒഴിവാക്കി ഓടിപ്പോകുന്ന വ്യത്യസ്ത ഗോത്രങ്ങളിലുള്ളവരെയാണ് ഞാൻ കാണുന്നത്.' അബൂബക്ർؓ അതിന് വായടപ്പൻ മറുപടി നൽകുകയുണ്ടായി.

മുസ്ലിംകൾക്കിടയിൽ കുഴപ്പം സൃഷ്ടിക്കുവാൻ ആവുന്നതെല്ലാം ചെയ്ത് നോക്കിയ ഉർവക്ക് മനസ്സിലായി; കാര്യമില്ല, മടങ്ങാം. സ്വഹാബിമാർക്ക് നബിﷺയോട് എത്രത്തോളം സ്നേഹവും ആദരവും ഉണ്ടെന്ന് ഉർവത് മനസ്സിലാക്കി. അദ്ദേഹം തന്റെ അനുഭവം മുശ്രിക്കുകളായ ക്വുറയ്ശികളോട് വിശദീകരിക്കുന്നത് കാണുക:

"ജനങ്ങളേ, അല്ലാഹുവാണെ സത്യം! തീർച്ചയായും (പല) രാജാക്കന്മാരുടെ അടുക്കലും നിവേദക സംഘവുമായി ഞാൻ ചെന്നിട്ടുണ്ട്. ക്വയ്സ്വർ, കിസ്റാ, നജ്ജാശി (രാജാക്കന്മാരുടെ അടുത്തെല്ലാം) ഞാൻ ചെന്നിട്ടുണ്ട്. അല്ലാഹുവാണെ സത്യം, മുഹമ്മദിനെ മുഹമ്മദിന്റെ ആളുകൾ ബഹുമാനിക്കുന്നത് (പോലെ) ഒരു രാജാവിനെയും അയാളുടെ ആളുകൾ ബഹുമാനിക്കുന്നത് ഞാൻ കണ്ടിട്ടില്ല. അല്ലാഹുവാണെ സത്യം, അദ്ദേഹം തുപ്പിയാൽ അത് അവരിൽ ഒരാളുടെ കൈയ്യിൽ വീഴാതിരിക്കുകയില്ല. എന്നിട്ട് (അത് ലഭിച്ചയാൾ) അത് തന്റെ മുഖത്തും (മറ്റു) തൊലികളിലും പുരട്ടുന്നു. അദ്ദേഹം അവരോട് (വല്ലതും) കൽപിച്ചാൽ അദ്ദേഹത്തിന്റെ കൽപനയെ വേഗത്തിൽ അവർ സ്വീകരിക്കുന്നു. അദ്ദേഹം വുദ്വൂഅ് ചെയ്താൽ അദ്ദേഹത്തിന്റെ വുദ്വൂഇന്റെ വെള്ളത്തിന് വേണ്ടി യുദ്ധം ചെയ്യുമാറ് (അതിന് അവർ തിരക്ക് കൂട്ടുന്നു). അദ്ദേഹം സംസാരിച്ചാൽ അദ്ദേഹത്തിന്റെ അടുക്കൽ വെച്ച് അവരുടെ ശബ്ദം അവർ താഴ്ത്തുന്നു. അദ്ദേഹത്തോടുള്ള ബഹുമാനം നിമിത്തം അവർ അദ്ദേഹത്തിലേക്ക് തുറിച്ചു നോക്കുന്നവരല്ല. (അതിനാൽ) നിങ്ങൾക്ക് സന്മാർഗത്തിന്റെ വല്ല കാര്യവും കണ്ടാൽ അത് നിങ്ങൾ സ്വീകരിക്കുവീൻ."

ഈ ഹദീഥിന്റെ വിശദീകരണത്തിൽ ഇബ്നു ഹജർؒ പറയുന്നു:

"ഉർവയുടെ സാന്നിധ്യത്തിൽ അനുയായികൾ അങ്ങനെ ചെയ്യുവാനും

അതിൽ കൂടുതൽ ശ്രദ്ധ കാണിക്കുവാനുമുള്ള (കാരണം) അവർ (നബിﷺയിൽ നിന്ന്) ഓടിപ്പോകുന്നതിനെ തൊട്ട് അദ്ദേഹം പേടിപ്പിച്ചതിനുള്ള മറുപടി എന്നോണം അവരിൽ നിന്ന് ഒരു സൂചന ആയിരിക്കാം. അവർ അവരുടെ നാവ് കൊണ്ട് സംസാരിച്ചത് പോലെ (ഉർവക്ക് കാണിച്ചു കൊടുത്തു:) ഈ സ്നേഹം പോലെ തങ്ങളുടെ നേതാവിനെ സ്നേഹിക്കുന്ന, ഈ ബഹുമാനം പോലെ അദ്ദേഹത്തെ ബഹുമാനിക്കുന്ന എങ്ങനെ അവിടുത്തെ വിട്ട് ഓടിപ്പോകുമെന്ന് വിചാരിക്കും? (എങ്ങനെ) അദ്ദേഹത്തെ തന്റെ ശത്രുക്കൾക്ക് വിട്ടു നൽകും? കുടുംബ ബന്ധം കൊണ്ട് പരസ്പരം സ്നേഹിക്കുന്ന ഗോത്രങ്ങളേക്കാൾ അവിടുത്തെ സഹായിച്ചും, അവിടുത്തെ ദീന് (സ്വീകരിച്ച്) കൊണ്ടും അവർ അങ്ങേയറ്റം സന്തുഷ്ടരാണ് (എന്ന് അറിയിക്കുന്നത്) ആയേക്കാം.

നബിﷺക്ക് അല്ലാഹു നൽകിയ പ്രത്യേകതകളിൽപെട്ട ഒന്നായിരുന്നു അത്. അബൂബക്റി(റ)ലോ ഉമറി(റ)ലോ മറ്റു സ്വഹാബിമാരിലോ ഒന്നുംതന്നെ സ്വഹാബിമാരോ അവരെ കണ്ട താബിഉകളോ ഇത്തരം കാര്യങ്ങളിൽ ബറകത്ത് കണ്ടിട്ടില്ല. പ്രവാചകന്റെ അനുചരന്മാർക്ക് അത്തരം ഒരു മഹത്ത്വം ഉണ്ടെന്ന് അവരാരും വിശ്വസിച്ചിട്ടുമില്ല. തങ്ങൾ അത്രമാത്രം നബിയെ സ്നേഹിക്കുന്നു എന്ന് ശത്രുക്കളെ ബോധ്യപ്പെടുത്താനും അവരുടെ ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങളെ പരാജയപ്പെടുത്താനുമായിരുന്നു ആ സന്ദർഭത്തിൽ സ്വഹാബിമാർ മനഃപൂർവം അങ്ങനെ ചെയ്ത്. ഇന്ന് ചിലർ അല്ലാഹുവിന്റെ റസൂലിന്റെ മുടി, പാത്രം എന്നെല്ലാം പറഞ്ഞ് സാമ്പത്തിക ചൂഷണം നടത്തുന്നുണ്ട്. അല്ലാഹുവിന്റെ റസൂലിﷺന്റെതായ ആഥാറുകൾ (തിരുശേഷിപ്പുകൾ) ഒന്നും ഇന്ന് നിലവിലില്ല എന്നതാണ് അതിനെ പറ്റി പഠനം നടത്തിയ പണ്ഡിതന്മാർ പറയുന്നത്.

മുഹമ്മദ് നബിﷺയെ അനുചരന്മാർ എത്രമാത്രം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുവെന്ന് മനസ്സിലാക്കിയ ഉർവത്(റ) ക്വുറയ്ശികളോട് പറഞ്ഞു: 'അവർ അദ്ദേഹത്തെ ഒഴിവാക്കുകയില്ല. അവർ മരണംവരെ പോരാടുകതന്നെ ചെയ്യും. അതിനാൽ ഞാൻ അവരോടുള്ള യുദ്ധത്തിനില്ല. അവർ ഉംറ നിർവഹിച്ച് മദീനയിലേക്ക് തിരിച്ചുപോകാൻ സമ്മതിക്കലാണ് നല്ലത്.' ഉർവയുടെ വാക്കുകൾ അവർക്ക് ഉൾക്കൊള്ളാനായില്ല. അവർ അത് അവഗണിച്ചു. കൂട്ടത്തിൽ നിന്ന് ഹുലയ്സ് ഇബ്നു അൽക്വമ എന്ന ആൾ എഴുന്നേറ്റു. 'മുഹമ്മദിന്റെ അടുത്തേക്ക് ഞാൻ പോകാം' എന്ന് അയാൾ പറഞ്ഞു. നബിﷺയെ സമീപിക്കുന്ന രണ്ടാമത്തെ ദൂതനാണ് ഹുലയ്സ്. നബിﷺക്ക് അദ്ദേഹത്തെ പരിചയമുണ്ടായിരുന്നു. ഹുലയ്സിനെ ദൂരെനിന്ന് കണ്ടമാത്രയിൽതന്നെ നബിﷺ സ്വഹാബിമാരോട് പറഞ്ഞു:

'ബലി മൃഗങ്ങളെ ബഹുമാനിക്കുന്നവരുടെ കൂട്ടത്തിൽപെട്ട ആളാണ് ഇദ്ദേഹം. അതിനാൽ അവയെ (ബലി മൃഗങ്ങളെ) അദ്ദേഹത്തിന് അയച്ച് (കാണിച്ചുകൊടുക്കുക).'

അങ്ങനെ അദ്ദേഹത്തിന് അവ അയക്കപ്പെട്ടു. തൽബിയത്ത് ചൊല്ലുന്നവരായി സ്വഹാബിമാർ അദ്ദേഹത്തെ വരവേറ്റു. അത് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹു എത്ര പരിശുദ്ധൻ, എന്തിനാണ് ഇക്കൂട്ടരെ അവർ കഅ്ബയെതൊട്ട് തടയുന്നത്?' എന്നിട്ട് അദ്ദേഹം തന്റെ കൂട്ടുകാരിലേക്ക് മടങ്ങി. അദ്ദേഹം പറഞ്ഞു: 'ഞാൻ ബലിമൃഗങ്ങളെ കണ്ടു. തീർച്ചയായും അവ (കഴുത്തിൽ വടം) ചാർത്തപ്പെടുകയും അടയാളപ്പെടുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. അതിനാൽ കഅ്ബയെ തൊട്ട് അവർ തടുക്കപ്പെടാൻ ഞാൻ (ഒന്നും അവരിൽ) കാണുന്നില്ല.'

നബിﷺയെയും സ്വഹാബിമാരെയും ഉംറക്ക് അനുവദിക്കുന്ന വിധത്തിലായിരുന്നു അദ്ദേഹവും മക്കക്കാരോട് പറഞ്ഞത്. അവർക്ക് അദ്ദേഹത്തിന്റെ സംസാരവും പിടിച്ചില്ല. അവർ അദ്ദേഹത്തോട് പറഞ്ഞു: 'ഇരിക്കൂ. നീ ഒരു അഅ്റാബിയാണ്, നിനക്ക് ഒരു വിവരവുമില്ല.'

അടുത്ത ദൂതനും വരവായി. മിക്റസ് ഇബ്നു ഹഫ്സ്വായിരുന്നു മൂന്നാമത്തെ ദൂതൻ. മിക്റസിനെ നബിﷺ കണ്ടു. ഉടനെ അവിടുന്ന് പറഞ്ഞു: 'അത് മിക്റസാണ്. അവൻ തെമ്മാടിയായ ആളാണ്. അവൻ എന്തും ചെയ്യാൻ മടിയില്ലാത്തവനാണ്. എന്തും പറയാൻ മടിയില്ലാത്തവനാണ്. അവനെ സൂക്ഷിക്കണം.'

അയാൾ നബിﷺയോട് സംസാരിച്ചു തുടങ്ങി. അവനോട് നബിﷺ സംസാരിക്കുന്നതിനിടയിൽ മറ്റൊരു ദൂതനും അവിടേക്ക് വന്നു; സുഹയ്ൽ ഇബ്നു അംറ്. സുഹയ്ൽ വരുന്നത് കണ്ടപ്പോൾ അദ്ദേഹത്തിന്റെ പേരിലേക്ക് ചേർത്ത് ശുഭ സൂചനയായി നബിﷺ സ്വഹാബിമാരോട് പറഞ്ഞു: 'നിങ്ങളുടെ കാര്യങ്ങൾ നിങ്ങൾക്ക് എളുപ്പമാകുന്നതാണ്. ഇദ്ദേഹത്തെ അയച്ചതുവഴി അവർ സന്ധി ഉദ്ദേശിക്കുന്നുണ്ട്.' സുഹയ്ൽ അവരിലെ പ്രമുഖനും

പ്രസംഗകനും ആയിരുന്നു. അദ്ദേഹത്തെ കണ്ട പ്പോൾ അദ്ദേഹത്തിലൂടെ കാര്യം എളുപ്പമാകാൻ സാധ്യതയുണ്ടെന്ന് നബിﷺക്ക് തോന്നി. അങ്ങനെ സുഹയ്‌ലുമായുള്ള സംസാരം നീണ്ടു. നബിﷺയും മിക്‌റസു സുഹയ്‌ലുമാണ് ഇപ്പോൾ ഇരിക്കുന്നത്. മിക്‌റസ് മൗനിയായി ഇരുവരുടെയും സംഭാഷണം കേട്ടിരുന്നു. അവസാനം ക്വുറയ്ശി മുശ്‌രിക്കുക ളുമായി ഒരു കരാർ പത്രം എഴുതാൻ ധാരണയായി. അങ്ങനെ അവിടെവച്ച് യുദ്ധം നടക്കാതെ ഒരു ക രാർ എഴുതി പിരിഞ്ഞു.

അങ്ങനെ സുഹയ്ൽ കരാർ എഴുതാനുള്ള ഏട് കൊണ്ടുവരാൻ കൽപിച്ചു. നബിﷺ തന്റെ എഴു ത്തുകാരനെയും വിളിച്ചു. ഇത് ഇസ്‌ലാമിക ചരി ത്രത്തിൽ 'ഹുദയ്ബിയ സന്ധി' എന്ന പേരിൽ അ റിയപ്പെടുന്നു. ഈ കരാർ പ്രത്യക്ഷത്തിൽ മുസ് ലിംകൾക്ക് വലിയ പരാജയമാണ് എന്ന് തോന്നു മെങ്കിലും, ഈ സന്ധിക്ക് ശേഷമാണ് പ്രവാചക ചരിത്രത്തിലെ തുല്യതയില്ലാത്ത വിജയവും ഇസ് ലാമിന് പ്രചാരണവും ലഭിച്ചത് എന്ന് ഈ ചരി ത്രം മനസ്സിലാക്കുന്ന ആർക്കും ബോധ്യമാകുന്ന താണ്.

കരാർ എഴുതുന്നതിന്റെ തുടക്കത്തിൽ തന്നെ ചില തർക്കങ്ങൾ രൂപപ്പെട്ടു. നബിﷺ ഭാഗത്ത് നിന്ന് കരാർ പത്രത്തിൽ കരാർ എഴുതുന്നതിനായി അ ലി﵁യെയാണ് നബിﷺ ചുമതലപ്പെടുത്തിയത്. അ പ്പുറത്തുള്ളത് സുഹയ്ൽ ഇബ്‌നു അംറും. (അദ്ദേ ഹം പിൽക്കാലത്ത് ഇസ്‌ലാമിലേക്ക് വന്നിട്ടുണ്ട്).

കരാർ എഴുതുമ്പോൾ അതിന് ഒരു ഇസ്‌ലാമിക മാനം ഉണ്ടായിരിക്കണം എന്ന നിലയ്ക്ക് നബിﷺ തന്റെ എഴുത്തുകാരൻ അലി﵁യോട് 'ബിസ്മി' എ ഴുതാൻ കൽപിച്ചു. അതിനെ തുടർന്ന് അവിടെ തർ ക്കങ്ങൾ രൂപപ്പെട്ടു. സ്വഹീഹുൽ ബുഖാരിയിൽ ഇപ്രകാരം കാണാം:

"അങ്ങനെ നബിﷺ പറഞ്ഞു: 'ബിസ്മില്ലാഹിർ റഹ്‌മാനിർറഹീം (എന്ന് എഴുതുക).' സുഹയ്ൽ പറഞ്ഞു: 'അർറഹ്‌മാനോ? അല്ലാഹുവാണെ സത്യം, അത് ആരാണെന്ന് എനിക്ക് അറിയില്ലല്ലോ. താ ങ്കൾ എഴുതിയിരുന്നത് പോലെ ബിസ്മികല്ലാഹു മ്മ (അല്ലാഹുവിന്റെ നാമത്തിൽ) എന്ന് എഴുതി ക്കൊള്ളുക.' അപ്പോൾ മുസ്‌ലിംകൾ പറഞ്ഞു: 'അ ല്ലാഹുവാണെ സത്യം, ബിസ്മില്ലാഹിർറഹ്‌മാനിർ റഹീം അല്ലാതെ ഞങ്ങൾ എഴുതില്ല.' അപ്പോൾ നബിﷺ പറഞ്ഞു: 'ബിസ്മികല്ലാഹുമ്മ (അല്ലാഹു വിന്റെ നാമത്തിൽ) എന്ന് എഴുതിക്കൊള്ളുക.' പി ന്നീട് അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂ ലായ മുഹമ്മദ് തീരുമാനിച്ചതാകുന്നു ഇത് (എ ന്നും എഴുതുക).' അപ്പോൾ സുഹയ്ൽ പറഞ്ഞു: 'അല്ലാഹുവണെ സത്യം, താങ്കൾ അല്ലാഹുവിന്റെ റസൂലാണ് എന്ന് ഞങ്ങൾക്ക് അറിയുമായിരുന്നു വെങ്കിൽ കഅ്ബയെ തൊട്ട് താങ്കളെ ഞങ്ങൾ തടയുകയോ താങ്കളോട് ഞ ങ്ങൾ യുദ്ധം ചെയ്യുകയോ ചെയ്യുമാ യിരുന്നില്ല. എന്നാൽ, മുഹമ്മദ് ഇബ്‌നു അബ്ദുല്ലാഹ് എന്ന് എഴുതിക്കൊള്ളുക.' അപ്പോൾ നബിﷺ പറഞ്ഞു: 'അല്ലാഹു വാണെ സത്യം, നിങ്ങൾ എന്നെ കള വാക്കുകയാണെങ്കിലും തീർച്ചയായും ഞാൻ അല്ലാഹുവിന്റെ റസൂൽ തന്നെ യാണ്. (അതിനാൽ) മുഹമ്മദ് ഇബ് നു അബ്ദുല്ലാഹ് എന്ന് എഴുതിക്കൊ ള്ളുക.' സുഹ്‌രി പറഞ്ഞു: 'അല്ലാഹു പവിത്രമാക്കിയവയെ ബഹുമാനിക്കു ന്ന കാര്യങ്ങൾ അവർ എന്നോട് ചോ ദിച്ചിട്ടില്ല, ഞാൻ അവർക്ക് അത് നൽ കിയിട്ടല്ലാതെ എന്ന അവിടുത്തെ വാ ക്കാണ് അത്.' അപ്പോൾ നബിﷺ അ ലി﵁യോട് (എഴുതാൻ) പറഞ്ഞു: 'ഞ ങ്ങൾക്കും കഅ്ബക്കും ഇടയിൽ (ഉ ള്ള പ്രയാസങ്ങൾ) ഇല്ലാതാകുകയും ഞങ്ങൾക്ക് അതിനെ ത്വവാഫ് ചെയ്യു കയും വേണം.' അപ്പോൾ സുഹയ്ൽ പറഞ്ഞു: 'അല്ലാഹുവാണെ സത്യം, ഞ ങ്ങൾ സമ്മർദത്തിലായി എന്ന് അറബി കൾ സംസാരിക്കാതിരിക്കില്ല. പക്ഷേ, അത് അടുത്ത വർഷം ആകാം.' അ പ്പോൾ (അത്) അദ്ദേഹം എഴുതി. എ ന്നിട്ട് സുഹയ്ൽ പറഞ്ഞു: 'താങ്കളുടെ മതത്തിലായി ഞങ്ങളിൽനിന്ന് ഒരാൾ താങ്കളുടെ അടുത്ത് വന്നാൽ ഞങ്ങ ളിലേക്കുതന്നെ മടക്കി അയക്കണം (എന്നതിലും കരാർ എഴുതണം).' മു സ്‌ലിംകൾ പറഞ്ഞു: 'അല്ലാഹു എത്ര പരിശുദ്ധൻ, ഒരാൾ മുസ്‌ലിമായി വന്നി ട്ട് (അയാളെ) മുശ്‌രിക്കുകളിലേക്ക് എ ങ്ങനെ മടക്കും?' അങ്ങനെയിരിക്കെ അ ബൂജന്ദൽ ഇബ്‌നു സുഹയ്ൽ ഇബ് നു അംറ് ആമങ്ങളിൽ ബന്ധിക്കപ്പെട്ട വനായി അവിടേക്ക് കടന്നുവന്നു. മക്ക യുടെ ഏറ്റവും താഴ്ന്ന പ്രദേശത്തുനി ന്നാണ് മുസ്‌ലിംകൾക്കിടയിലേക്ക് അ ദ്ദേഹം വന്ന് വീണിരിക്കുന്നത്. അ പ്പോൾ സുഹയ്ൽ പറഞ്ഞു: 'മുഹമ്മ ദേ, ഇതാ; ആദ്യത്തെ ഈ കരാർ അ വന്റെ മേലാണ്. അവനെ എന്നിലേക്ക് മടക്കിത്തരണം.' അപ്പോൾ നബിﷺ പ റഞ്ഞു: 'തീർച്ചയായും, നാം കരാർ എ ഴുതി തീർന്നിട്ടില്ലല്ലോ. അതിന് ശേഷം (ഉണ്ടാകുന്ന കാര്യങ്ങളിലേ കരാർ ന ടപ്പിലാക്കാവൂ).' അപ്പോൾ സുഹയ്ൽ

പറഞ്ഞു: 'അല്ലാഹുവാണെ സത്യം, എങ്കിൽ ഇനി നിന്നോട് ഒരു സന്ധിക്കും ഞാനില്ല.' നബിﷺ പറഞ്ഞു: 'എന്നാൽ അദ്ദേഹത്തിന്റെ (അബൂജന്ദലിന്റെ) കാര്യത്തിൽ മാത്രം നീ എനിക്ക് ഒരു ഇളവ് തരണം.' (സുഹയ്ൽ) പറഞ്ഞു: 'അവന്റെ കാര്യത്തിൽ ഞാൻ നിനക്ക് ഇളവുതരില്ല.' നബിﷺ പറഞ്ഞു: 'അതെ, എന്നാൽ നീ (അപ്രകാരം) ചെയ്യുക.' സുഹയ്ൽ പറഞ്ഞു: 'ഞാൻ അത് ചെയ്യുന്നവനല്ല.' മിക്റസ് പറഞ്ഞു: 'ഞങ്ങൾ അതിന് അനുവാദം നൽകിയിരിക്കുന്നു.' അപ്പോൾ അബൂജന്ദൽ رضي الله عنه പറഞ്ഞു: 'ഓ, മുസ്‌ലിം സമൂഹമേ... ഞാൻ മുസ്‌ലിമായി വന്നിട്ടും മുശ്‌രിക്കുകളിലേക്ക് ഞാൻ മടക്കപ്പെടുകയാണ്. ഞാൻ അനുഭവിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? അല്ലാഹുവിന്റെ മാർഗത്തിൽ ഞാൻ ശക്തമായി ശിക്ഷിക്കപ്പെട്ടിരിക്കുന്നു.' റിപ്പോർട്ടർ പറയുന്നു: 'അപ്പോൾ ഉമർ ഇബ്നുൽ ഖത്ത്വാബ് رضي الله عنه പറഞ്ഞു: 'അപ്പോൾ ഞാൻ നബിﷺയുടെ അടുത്ത് ചെന്നു. എന്നിട്ട് ഞാൻ ചോദിച്ചു: 'സത്യമായും അങ്ങ് അല്ലാഹുവിന്റെ പ്രവാചകൻ തന്നെയല്ലയോ?' അവിടുന്ന് പറഞ്ഞു: 'അതെ.' ഞാൻ ചോദിച്ചു: 'ഞങ്ങൾ സത്യത്തിലും നമ്മുടെ ശത്രുക്കൾ അസത്യത്തിലുമല്ലേ?' അവിടുന്ന് പറഞ്ഞു: 'അതെ.' അപ്പോൾ ഞാൻ ചോദിച്ചു: 'എങ്കിൽ എന്തിനാണ് നമ്മുടെ ദീനിന്റെ കാര്യത്തിൽ നാം താഴ്ന്നുകൊടുക്കുന്നത്?' നബിﷺ പറഞ്ഞു: 'തീർച്ചയായും ഞാൻ അല്ലാഹുവിന്റെ റസൂലാണ്. ഞാൻ അവനോട് അനുസരണക്കേട് കാണിക്കുന്നവനല്ല. അവൻ എന്റെ സഹായിയാകുന്നു.' ഞാൻ ചോദിച്ചു: 'നാം കഅ്ബഃയിൽ ചെല്ലുമെന്നും അതിനെ ത്വവാഫ് ചെയ്യുമെന്നും അങ്ങ് ഞങ്ങളോട് പറഞ്ഞിരുന്നല്ലോ?' നബിﷺ പറഞ്ഞു: 'അതെ, ഈ വർഷം നാം അതിന്റെ അടുത്ത് ചെല്ലുന്നതാണ് എന്ന് ഞാൻ താങ്കളോട് പറഞ്ഞിട്ടുണ്ടോ?' ഉമർ رضي الله عنه പറയുന്നു: 'ഞാൻ പറഞ്ഞു; ഇല്ല.' നബിﷺ പറഞ്ഞു: 'എന്നാൽ തീർച്ചയായും താങ്കൾ അതിന്റെ അടുത്ത് ചെല്ലുകയും അതിനെ ത്വവാഫ് ചെയ്യുകയും ചെയ്യുന്നതാണ്.' ഉമർ رضي الله عنه പറയുന്നു: 'ഞാൻ അബൂബക്റി رضي الله عنه ന്റെ അടുത്ത് ചെന്നു. എന്നിട്ട് ചോദിച്ചു: അബൂബക്റേ, സത്യമായും ഇത് അല്ലാഹുവിന്റെ പ്രവാചകൻ തന്നെയല്ലെയോ?' അദ്ദേഹം പറഞ്ഞു: 'അതെ.' ഞാൻ ചോദിച്ചു: 'നാം സത്യത്തിലും നമ്മുടെ ശത്രുക്കൾ അസത്യത്തിലുമല്ലെയോ?' അദ്ദേഹം പറഞ്ഞു: 'അതെ.' 'എങ്കിൽ എന്തിന് നാം നമ്മുടെ മതത്തിന്റെ കാര്യത്തിൽ ശത്രുവിന് ഇങ്ങനെ വിട്ടുവീഴ്ച നൽകണം?' അദ്ദേഹം പറഞ്ഞു: 'ഏയ്, മനുഷ്യാ! തീർച്ചയായും അവിടുന്ന് അല്ലാഹുവിന്റെ റസൂൽ തന്നെയാണ്. അവിടുന്ന് റബ്ബിനോട് അനുസരണക്കേട് കാണിക്കുന്നവനല്ല. അവൻ അവിടുത്തെ സഹായിയാകുന്നു. അതിനാൽ താങ്കൾ അവിടുന്ന് കാണിച്ചുതരുന്നതിനെ മുറുകെ പിടിച്ചുകൊള്ളുക. അല്ലാഹുവാണെ സത്യം, തീർച്ചയായും അവിടുന്ന് സത്യത്തിലാണ്.' ഞാൻ ചോദിച്ചു: 'നാം കഅ്ബാലയത്തിൽ ചെന്ന് ത്വവാഫ് ചെയ്യും എന്നല്ലേ അവിടുന്ന് നമ്മളോട് പറഞ്ഞിരുന്നത്?' അദ്ദേഹം പറഞ്ഞു: 'അതെ. എന്നാൽ ഈ വർഷം താങ്കൾ അവിടെ ചെല്ലുമെന്ന് പറഞ്ഞിരുന്നോ?' ഞാൻ പറഞ്ഞു: 'ഇല്ല.' അദ്ദേഹം പറഞ്ഞു: 'തീർച്ചയായും താങ്കൾ അവിടെ ചെല്ലുകയും അതിനെ ത്വവാഫ് ചെയ്യുകയും ചെയ്യുന്നതാണ്.' സുഹ്‌രി പറയുന്നു: 'ഉമർ رضي الله عنه പറഞ്ഞു: അങ്ങനെ അതുപ്രകാരം ഞാൻ പ്രവർത്തിച്ചു.' ഉമർ رضي الله عنه പറയുന്നു: 'രേഖ തയ്യാറായിക്കഴിഞ്ഞപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ തന്റെ സ്വഹാബിമാരോട് പറഞ്ഞു: 'എല്ലാവരും എഴുന്നേൽക്കുവിൻ. എന്നിട്ട് ബലിയറുക്കുകയും തല മുണ്ഡനം നടത്തുകയും ചെയ്യുവിൻ.' ഉമർ رضي الله عنه പറയുന്നു: 'അല്ലാഹുവാണെ സത്യം, മൂന്ന് തവണ അവിടുന്ന് അത് ആവർത്തിച്ചു പറയുന്നതുവരെ അവരിൽ ഒരാളും എഴുന്നേറ്റില്ല. അവരിൽ ഒരാളും എഴുന്നേൽക്കാത്തത് കണ്ടപ്പോൾ അവിടുന്ന് ഉമ്മു സലമയുടെ അടുത്ത് പ്രവേശിച്ചു. എന്നിട്ട് ജനങ്ങളിൽനിന്ന് കണ്ട കാര്യങ്ങൾ അവരോട് അവിടുന്ന് പറഞ്ഞു. അപ്പോൾ ഉമ്മു സലമ رضي الله عنها പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, അങ്ങ് അത് ഇഷ്ടപ്പെടുന്നുണ്ടോ? അങ്ങ് പുറപ്പെടുക. പിന്നീട് അവരിൽ ഒരാളോടും ഒരു വാക്ക് പോലും സംസാരിക്കാതെ അങ്ങയുടെ ബലിമൃഗത്തെ അറുക്കുന്നത് വരെ (പുറപ്പെട്ടു കൊള്ളുക). അങ്ങയുടെ ക്ഷുരകനെയും വിളിക്കുക. എന്നിട്ട് അദ്ദേഹം അങ്ങയെ മുണ്ഡനം ചെയ്യട്ടെ. അങ്ങനെ അവരിൽ ഒരാളോടും സംസാരിക്കാതെ അവിടുന്ന പുറപ്പെടുകയും തന്റെ ബലിമൃഗത്തെ അറവ് നടത്തുകയും ചെയ്തു. അവിടുന്ന് തന്റെ ക്ഷുരകനെ വിളിച്ചു. അങ്ങനെ അദ്ദേഹം അവിടുത്തെ തല മുണ്ഡനം നടത്തി. അത് കണ്ടപ്പോൾ അവരും എഴുന്നേറ്റു. എന്നിട്ട് അവർ അറവ് നടത്തി. പരസ്പരം തല മുണ്ഡനം നടത്തുകയും ചെയ്തു..."

**(ബുഖാരി)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം





അധ്യായം: 52, ഭാഗം 4

# അത്ത്വൂർ

(മക്കയിൽ അവതരിച്ചത്)

28. തീർച്ചയായും നാം മുമ്പേ അവനോട് പ്രാർഥിക്കുന്നവരായിരുന്നു. തീർച്ചയായും അവൻതന്നെയാകുന്നു ഔദാര്യവാനും കരുണാനിധിയും.

29. ആകയാൽ നീ ഉൽബോധനം ചെയ്യുക. നിന്റെ രക്ഷിതാവിന്റെ അനുഗ്രഹത്താൽ നീ ഒരു ജ്യോത്സ്യനോ, ഭ്രാന്തനോ അല്ല.

30. അതല്ല, (മുഹമ്മദ്) ഒരു കവിയാണ്, അവന്ന് കാലവിപത്ത് വരുന്നത് ഞങ്ങൾ കാത്തിരിക്കുകയാണ് എന്നാണോ അവർ പറയുന്നത്?

31. നീ പറഞ്ഞേക്കുക: നിങ്ങൾ കാത്തിരുന്നോളൂ. തീർച്ചയായും ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരുടെ കൂട്ടത്തിലാകുന്നു.

إِنَّا كُنَّا مِن قَبْلُ نَدْعُوهُ إِنَّهُۥ هُوَ ٱلْبَرُّ ٱلرَّحِيمُ ﴿٢٨﴾
فَذَكِّرْ فَمَآ أَنتَ بِنِعْمَتِ رَبِّكَ بِكَاهِنٍ وَلَا مَجْنُونٍ ﴿٢٩﴾
أَمْ يَقُولُونَ شَاعِرٌ نَّتَرَبَّصُ بِهِۦ رَيْبَ ٱلْمَنُونِ ﴿٣٠﴾
قُلْ تَرَبَّصُوا فَإِنِّى مَعَكُم مِّنَ ٱلْمُتَرَبِّصِينَ ﴿٣١﴾

أَمْ تَأْمُرُهُمْ أَحْلَـٰمُهُم بِهَـٰذَآ ۚ أَمْ هُمْ قَوْمٌ طَاغُونَ ﴿٣٢﴾

أَمْ يَقُولُونَ تَقَوَّلَهُۥ ۚ بَل لَّا يُؤْمِنُونَ ﴿٣٣﴾

فَلْيَأْتُوا۟ بِحَدِيثٍ مِّثْلِهِۦٓ إِن كَانُوا۟ صَـٰدِقِينَ ﴿٣٤﴾

أَمْ خُلِقُوا۟ مِنْ غَيْرِ شَىْءٍ أَمْ هُمُ ٱلْخَـٰلِقُونَ ﴿٣٥﴾

أَمْ خَلَقُوا۟ ٱلسَّمَـٰوَٰتِ وَٱلْأَرْضَ ۚ بَل لَّا يُوقِنُونَ ﴿٣٦﴾

أَمْ عِندَهُمْ خَزَآئِنُ رَبِّكَ أَمْ هُمُ ٱلْمُصَيْطِرُونَ ﴿٣٧﴾

32. അതല്ല, അവരുടെ മനസ്സുകൾ അവരോട് ഇപ്രകാരം കൽപിക്കുകയാണോ? അതല്ല, അവർ ധിക്കാരികളായ ഒരു ജനത തന്നെയാണോ?

33. അതല്ല, അദ്ദേഹം (നബി) അത് കെട്ടിച്ചമച്ചു പറഞ്ഞതാണ് എന്ന് അവർ പറയുകയാണോ? അല്ല, അവർ വിശ്വസിക്കുന്നില്ല.

34. എന്നാൽ അവർ സത്യവാന്മാരാണെങ്കിൽ ഇതുപോലുള്ള ഒരു വൃത്താന്തം അവർ കൊണ്ടുവരട്ടെ.

35. അതല്ല, യാതൊരു വസ്തുവിൽനിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ?

36. അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല.

37. അതല്ല, അവരുടെ പക്കലാണോ നിന്റെ രക്ഷിതാവിന്റെ ഖജനാവുകൾ! അതല്ല, അവരാണോ അധികാരം നടത്തുന്നവർ?

28). (തീർച്ചയായും നാം മുമ്പേ അവനോട് പ്രാർഥിക്കുന്നവരായിരുന്നു). രോമകൂപങ്ങളിൽ തുളച്ചുകയറുന്ന നരക ശിക്ഷയെക്കുറിച്ചുള്ള ഉറപ്പോടെതന്നെ. സുഖാനുഗ്രഹങ്ങളിൽ എത്തുമെന്നും ഇതിൽ ആരാധനയായി ചെയ്യുന്ന പ്രാർഥയനയും ആവശ്യങ്ങൾക്കായി ചോദിക്കുന്ന പ്രാർഥനയും ഉൾക്കൊള്ളും. വ്യത്യസ്ത നന്മകൾ കൊണ്ട് നാം അവനിലേക്ക് അടുത്തുകൊണ്ടേയിരിക്കുന്നു. അല്ലാത്ത സമയങ്ങളിലെല്ലാം നാം അവനോട് പ്രാർഥിക്കുന്നു. (തീർച്ചയായും അവൻ തന്നെയാകുന്നു ഔദാര്യവാനും കരുണാനിധിയും) അവന്റെ തൃപ്തിയും സ്വർഗവും നമുക്ക് നൽകുക എന്നത് നമുക്കവൻ നൽകുന്ന കാരുണ്യവും ഔദാര്യവുമാകുന്നു. നരകത്തിൽ നിന്നും അവന്റെ കോപത്തിൽ നിന്നും കാത്തുരക്ഷിക്കുന്നതും.

29. മുസ്‌ലിമായവരും അല്ലാത്തവരുമായ മുഴുവൻ ജനങ്ങളെയും ഉദ്ബോധിപ്പിക്കാനാണ് അല്ലാഹു കല്പിക്കുന്നത്. അക്രമികൾക്കെതിരെ അല്ലാഹുവിന്റെ തെളിവ് നിലനിൽക്കാനും ആ ഉദ്ബോധനത്തിലൂടെ ഉൾക്കൊള്ളുന്നവർ സന്മാർഗം പ്രാപിക്കുവാനും നബിയെ പിൻപറ്റുന്നതിൽനിന്നും ജനങ്ങളെ തടയാനുള്ള സത്യനിഷേധികളുടെയും മുശ്‌രിക്കുകളുടെയും സംസാരങ്ങളും ഉപദ്രവങ്ങളും പരിഗണിക്കേണ്ടതില്ലെന്നും നിർദേശിക്കുന്നു. അവർക്കറിയാം, അദ്ദേഹം ജനങ്ങളിൽനിന്ന് എത്രയോ വിദൂരസ്ഥനാണെന്ന്. അതിനാൽ തന്നെ അവർ അദ്ദേഹത്തിന്റെ മേൽ ആരോപിക്കുന്ന എല്ലാ ന്യൂനതകളും നിരാകരിക്കപ്പെടുന്നു. അദ്ദേഹം പറയുന്നു: (എന്റെ രക്ഷിതാവിന്റെ കാരുണ്യത്താൽ നിങ്ങളും) അവന്റെ സ്നേഹംകൊണ്ടും അനുഗ്രഹംകൊണ്ടും. (ഒരു ജ്യോത്സ്യൻ) അതായത് ഇത് കളവുകൾ ചേർത്ത അദൃശ്യ വിവരങ്ങളുമായി വരുന്നു. ഒരു ജിന്നിൽനിന്ന് വിവരം ലഭിക്കുന്നൻ (ഭ്രാന്തനോ അല്ല) ബുദ്ധി നഷ്ടപ്പെട്ടവൻ. മറിച്ച്, താങ്കൾ ജനങ്ങളിൽ ഏറ്റവുമധികം ബുദ്ധിമതിയാണ്. പിശാചുക്കളിൽ നിന്നേറെ അകന്നവനും അവരിൽ ഏറ്റവും സത്യസന്ധൻ. അവരിൽ മഹാനും സമ്പൂർണനും.

30). ചിലപ്പോൾ (അവർ പറയുന്നത്) അദ്ദേഹത്തെക്കുറിച്ച് (കവിയാണ്) കവിത പറയുന്നവൻ. അല്ലെങ്കിൽ കവിതയുമായി വന്നവൻ. അല്ലാഹു പറയുന്നു: “അദ്ദേഹത്തിന് നാം കവിത പഠിപ്പിച്ചിട്ടുണ്ട്. അത് അദ്ദേഹത്തിന് അനുയോജ്യമാകുകയുമില്ല”(36:69). അവന് കാലവിപത്ത് വരുന്നത് നിങ്ങൾ കാത്തിരിക്കുകയാണ് എന്നാണോ അവർ പറയുന്നത്? അദ്ദേഹത്തിന് മരണം വരുന്നത് ഞങ്ങൾ കാത്തിരിക്കുന്നു. അപ്പോൾ അവന്റെ കാര്യം അവസാനിക്കും. അങ്ങിനെ നിങ്ങൾക്ക് അവനിൽ നിന്ന് ആശ്വാസം ലഭിക്കും.

31). (നീ പറയുക). വിലകുറഞ്ഞ അവരുടെ ഈ വാക്കുകൾക്കുള്ള മറുപടി നീ പറയുക (നിങ്ങൾ കാത്തിരുന്നോളൂ). ഞാൻ മരിക്കുന്നത് നിങ്ങൾ കാത്തിരുന്നോളൂ. (തീർച്ചയായും ഞാനും നിങ്ങൾക്കൊപ്പം കാത്തിരിക്കുന്നവരുടെ കൂട്ടത്തിലാകുന്നു). അല്ലാഹു അവന്റെ അടുക്കൽ നിന്നുള്ള ശിക്ഷ നിങ്ങൾക്ക് ബാധിപ്പിക്കുന്നത് ഞങ്ങളും കാത്തിരിക്കാം.

32). (അതല്ല അവരുടെ മനസ്സുകൾ അവരോട് ഇപ്രകാരം കല്പിക്കുകയാണോ? അതല്ല അവർ ധിക്കാരികളായ ഒരു ജനത തന്നെയാണോ? അതായത് നിന്നെ കളവാക്കുന്നതും അവർ പറയുന്ന ഈ വാക്കുകളുമെല്ലാം അവരുടെ മനസ്സിൽ നിന്നും ബുദ്ധിയിൽ നിന്നും വരുന്നതാണോ? ഇത്തരം പ്രതികരണങ്ങളുണ്ടാകുന്ന മനസ്സും ബുദ്ധിയും എത്ര ചീത്ത! പടപ്പുകളിൽ ഏറ്റവും ബുദ്ധിയുള്ളവനെ ഭ്രാന്തനാക്കുന്നു. സത്യങ്ങളിൽ ഏറ്റവും സത്യമാകേണ്ടതിനെ അസത്യവും കളവുമാക്കുന്നു. ബദ്ധിയില്ലാത്തവരെ പരിശുദ്ധപ്പെടുത്തുന്നത് ബുദ്ധിയാണോ? അതോ, അവരുടെ അക്രമവും ധിക്കാരവുമാണോ അതിന് പ്രേരിപ്പിക്കുന്നത്? അതാണ് ശരി. ധിക്കാരത്തിന് അതിരുകളില്ല. അക്രമി അതിരുവിടുന്നതിൽ അത്ഭുതവുമില്ല. അവനിൽ നിന്നുണ്ടാകുന്ന വാക്കിലും പ്രവൃത്തിയിലും.

33). (അതല്ല അദ്ദേഹം-നബി-അത് കെട്ടിച്ചമച്ച് പറഞ്ഞതാണ് എന്ന് അവർ പറയുകയാണോ) അതായത് മുഹമ്മദ് നബിﷺ ഖുർആൻ കെട്ടിയുണ്ടാക്കിയെന്നതാണ് സ്വയം പറഞ്ഞതാണെന്നും (അല്ല, അവർ വിശ്വസിക്കുന്നില്ല) അവർ വിശ്വസിച്ചിരുന്നുവെങ്കിൽ ഈ പറഞ്ഞതൊന്നും അവർ പറയില്ല.

34). (എന്നാൽ അവർ സത്യവാന്മാരാണെങ്കിൽ ഇതുപോലുള്ള ഒരു വൃത്താന്തം അവർ കൊണ്ടുവരട്ടെ. അദ്ദേഹം അതിനെ കെട്ടിച്ചമച്ചു എന്നാണോ? എങ്കിൽ നിങ്ങൾ കൂറ്റൻ സാഹിത്യകാരന്മാരും അറബി സാഹിത്യ പടുക്കളുമല്ലേ. തീർച്ചയായും അതുപോലൊന്ന് കൊണ്ടുവരാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. അപ്പോൾ നിങ്ങളുടെ എതിർപ്പ് അംഗീകരിക്കപ്പെടും. അല്ലെങ്കിൽ അതിന്റെ സത്യത സ്ഥാപിക്കപ്പെടും. തീർച്ചയായും നിങ്ങളും മനുഷ്യരെല്ലാവരും ഒരുമിച്ച് ചേർന്നാലും അതിനെ നേരിടാനോ അതുപോലൊന്ന് കൊണ്ടുവരാനോ നിങ്ങൾക്ക് സാധ്യമല്ല. അങ്ങിനെ വരുമ്പോൾ നിങ്ങൾക്ക് മുമ്പിൽ രണ്ടാലൊന്ന് മാത്രം. ഒന്നുകിൽ അതിൽ വിശ്വസിച്ച് അതിന്റെ മാർഗം പിൻപറ്റുക. അല്ലെങ്കിൽ നിങ്ങളറിഞ്ഞ വഴികേടിന്റെ മാർഗം പിൻപറ്റുന്ന ധിക്കാരികളാവുക.

35). (അതല്ല യാതൊരു വസ്തുവിൽനിന്നുമല്ലാതെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ?) സത്യത്തെ അംഗീകരിക്കാതിരിക്കാൻ കഴിയാത്തവിധം അവർക്കെതിരെയുള്ള തെളിവാണിത്. അല്ലെങ്കിൽ മതത്തിന്റെയും ബുദ്ധിയുടെയും അനിവാര്യതയിൽ നിന്ന് പുറത്തുപോകാൻ പറ്റാത്ത ന്യായം. ഇവിടെ വ്യക്തമാകുന്നത്, ഇവർ അല്ലാഹുവിന്റെ ഏകത്വത്തെ നിഷേധിക്കുന്നു. അവന്റെ ദൂതനെ കളവാക്കുന്നു. അതോടെ അവർ അല്ലാഹുവാണ് സൃഷ്ടിച്ചത് എന്നതിനെയാണ് നിഷേധിക്കുന്നത്. തീർച്ചയായും മനസും ബുദ്ധിയും അംഗീകരിക്കുന്ന ഒരു കാര്യമാണ് മൂന്നിൽ ഒന്ന് എന്തായാലും ഉണ്ടാകും. ഒന്ന് അവർ (യാതൊരു വസ്തുവിൽ നിന്നല്ലാതെ സൃഷ്ടിക്കപ്പെടുക) അവരെ സൃഷ്ടിച്ചു. ഒരു സ്രഷ്ടാവിലും ഉണ്ടാവുകയോ ചെയ്യാതെ ഉണ്ടായി. ഇത് തീർത്തും അസാധ്യം (അതല്ല അവർ തന്നെയാണോ സ്രഷ്ടാക്കൾ?) അവർ തന്നെ അവരെ സ്വയം സൃഷ്ടിച്ചു. ഇതും അസാധ്യമാണ്. ഒരാൾ അയാളെ തന്നെ ഉണ്ടാക്കുക എന്നത് ആലോചിക്കാൻപോലും പറ്റാത്തതാണ്. ഇത് രണ്ടും നിരർഥകവും അസാധ്യവുമാകുമ്പോൾ മൂന്നാമത്തെ ഒന്ന് നിർണിതമാകും. അത് അല്ലാഹുവാണ് അവരെ സൃഷ്ടിച്ചത് എന്നതാണ്. അത് നിർണയിക്കപ്പെട്ടാൽ അല്ലാഹുവാണ് ഏകനായ ആരാധ്യൻ എന്ന് മനസ്സിലാകും. അവനല്ലാതെ ആരാധന പറ്റില്ലെന്നും അവനെ ആരാധിച്ചേ മതിയാകൂ എന്നും.

36). അല്ലാഹു പറയുന്നു (അതല്ല അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്). നിഷേധത്തെ സ്ഥാപിക്കുന്നതാണ് ഈ ചോദ്യം. അതായത് അവരല്ല ആകാശ ഭൂമികളെ സൃഷ്ടിച്ചത് എന്നർഥം. ആണെങ്കിൽ അല്ലാഹുവിനെ അവർ പങ്കാളികളാക്കുമായിരുന്നു. ഇത് വളരെ വ്യക്തമായ ഒരു കാര്യമാണ്. (അല്ല) ഈ നിഷേധികൾ (അവർ ദൃഢമായി വിശ്വസിക്കുന്നില്ല) മതപരമോ ബുദ്ധിപരമോ ആയ തെളിവുകൾകൊണ്ട് ബോധ്യമാകുന്ന ഒരു ദൃഢവിശ്വാസം അവർക്കില്ല.

37) (അതല്ല അവരുടെ പക്കലാണോ നിന്റെ രക്ഷിതാവിന്റെ ഖജനാവുകൾ അതല്ല അവരാണോ അധികാരം നടത്തുന്നവർ?) അതായത് നിന്റെ രക്ഷിതാവിന്റെ അനുഗ്രഹത്തിന്റെ ഖജനാവുകൾ ഈ നിഷേധികളുടെ പക്കലാണോ? എന്നിട്ട് അവരുദ്ദേശിച്ചവർക്ക് നൽകുകയും അല്ലാത്തവർക്ക് തടയുകയും ചെയ്യുകയാണോ? അങ്ങനെ അവർ തന്റെ അടിമയും ദൂതനുമായ മുഹമ്മദ് നബിﷺക്ക് പ്രവാചകത്വം നൽകുന്നത് തന്നെയും തടയുക. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഖജനാവുകൾ ഏൽപിക്കപ്പെട്ട കൈകാര്യകർത്താക്കളെപ്പോലെയുണ്ടവർ, അതിനൊന്നും അർഹതയില്ലാത്ത അത്യധികം നിന്ദ്യരും നിസ്സാരരുമാണവർ. അവർക്ക് സ്വന്തങ്ങൾക്ക്പോലും ഉപകാരമോ ഉപദ്രവമോ മരണമോ ജീവിതമോ പുനരുത്ഥാനമോ ഉടമപ്പെടുത്താത്തവരാണവർ.

“അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്കുവെച്ച് കൊടുക്കുന്നത്? നാമാണ് ഐഹികജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിതമാർഗം പങ്കുവെച്ച് കൊടുത്തത്”(43:32). (അങ്ങനെയുള്ള അവരാണോ അധികാരം നടത്തുന്നവർ). അതായത് അല്ലാഹുവിന്റെ സൃഷ്ടിപ്പിന്റെയും അധികാരത്തിന്റെയും മേൽ അതിജയിച്ചു കീഴ്പ്പെടുത്തിയും അധികാരം ചെലുത്തുന്നവൻ. അങ്ങനെയല്ല കാര്യം അവർ ദുർബലരും പരാശ്രയരുമാണ്.




ആരോഗ്യപഥം

മുസാഫിർ
mail@nerpatham.com

# വിളർച്ചയുടെ കാരണങ്ങൾ

വിളർച്ചയുടെ കാരണങ്ങൾ പലതാണ്; ഇരുമ്പടങ്ങിയ ഭക്ഷണങ്ങളുടെ കുറവുമുതൽ ബ്ലീഡിംഗ്പോലുള്ള കാരണങ്ങൾ വരെ. ഒരാൾക്ക് വിളർച്ച അഥവാ രക്തക്കുറവുണ്ടോയെന്നു കണ്ടെത്താൻ രക്തപരിശോധനയാണ് ഏറ്റവും നല്ലത്. ഇതല്ലാതെയും ഒരാൾക്ക് അനീമിയയുണ്ടോയെന്നു കണ്ടെത്താൻ ചില വഴികളുണ്ട്, ലക്ഷണങ്ങളുണ്ട്. പ്രത്യേക കാരണങ്ങളില്ലാതെ അമിതമായ തളർച്ച അനുഭവപ്പെടുകയാണെങ്കിലും ഇതിന് കാരണം അനീമിയയാകാം. വേണ്ടത്ര രക്തമില്ലാതാകുമ്പോൾ ശരീരത്തിന് ആവശ്യമായ ഊർജം ലഭിയ്ക്കില്ല.

പ്രത്യേക കാരണങ്ങളില്ലാതെ അമിതമായ തളർച്ച അനുഭവപ്പെടുകയാണെങ്കിൽ കാരണം അനീമിയയാകാം. വേണ്ടത്ര രക്തമില്ലാതാകുമ്പോൾ ശരീരത്തിന് ആവശ്യമായ ഊർജം ലഭിക്കില്ല. രാവിലെ ഉണർന്നെഴുന്നേറ്റു കഴിഞ്ഞാൽ ഉടനെ മനംപിരട്ടൽ അനുഭവപ്പെടുന്നത് വിളർച്ചയുടെ മറ്റൊരു ലക്ഷണമാണ്. ശരീരത്തിൽ രക്തത്തിന്റെ അളവു കുറയുമ്പോൾ തലച്ചോറിന് ലഭിക്കുന്ന ഓക്സിജൻ അളവിൽ വ്യത്യാസം വരും. ഇത് തലവേദനയക്ക് ഇടയാക്കും.

ആവശ്യത്തിന് രക്തമുള്ള ഒരു വ്യക്തിയുടെ വിരലുകളുടെ അറ്റം ചുവന്ന നിറമായിരിക്കും. എന്നാൽ വെളുപ്പാണ് നിറമെങ്കിൽ ഇതിന് കാരണം രക്തക്കുറവുമാകാം. ശ്വസിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണെങ്കിൽ അതിന് കാരണവും രക്തക്കുറവാകാം. രക്താണുക്കളുടെ കുറവുകാരണം ഓക്സിജൻ വഹിക്കാനുള്ള രക്തത്തിന്റെ ശക്തി കുറയുന്നു. ഹൃദയമിടിപ്പിൽ പെട്ടെന്ന് വ്യതിയാനമനുഭവപ്പെടുകയാണെങ്കിലും അതിന് ഒരു കാരണം രക്തക്കുറവുമാകാം. കൂടുതൽ ഊർജം സംഭരിക്കാനുള്ള ഹൃദയത്തിന്റെ ശ്രമമാണ് ഇതിന് കാരണം. ഒരാളുടെ മുഖത്തു നോക്കിയാൽ വിളറിയ വെളുപ്പാണെങ്കിൽ ഇതിന് കാരണം അനീമിയയായിരിക്കും. ചർമത്തിന്റെ സാധാരണ വെളുപ്പും വിളറിയ വെളുപ്പും തമ്മിലുള്ള വ്യത്യാസം പെട്ടെന്ന് തിരിച്ചറിയാം. മുടികൊഴിച്ചിലിനുള്ള ഒരു കാരണം രക്തക്കുറവാകാം. ആർബിസി കൗണ്ട് കുറയുന്നത് മുടിയുടെ കരുത്തു കുറയാൻ കാരണമാകും. ഇടയ്ക്കിടെ അസുഖം വരുന്നതിന്റെ ഒരു കാരണവും രക്തക്കുറവാകാം. രക്തക്കുറവ് കാരണം ശരീരത്തിന്റെ പ്രതിരോധശേഷി കുറയും.

### ഹീമോഗ്ലോബിൻ ടെസ്റ്റ്

രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ് കണ്ടുപിടിക്കുന്നതിനുള്ള ഒരു ടെസ്റ്റാണിത്. ഹീമോഗ്ലോബിൻ എന്നത് ചുവന്ന രക്തകോശങ്ങളിലെ ഒരു പ്രോട്ടീനാണ്. ഇത് കലകളിലേക്കും അവയവങ്ങളിലേക്കും ഓക്സിജനെ എത്തിക്കുകയും കാർബൺ ഡയോക്സൈഡിനെ അവയവങ്ങളിൽനിന്നും കലകളിൽ നിന്നും തിരിച്ച് ശ്വാസകോശങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. ഹീമോഗ്ലോബിൻ ടെസ്റ്റ് നടത്തി കഴിഞ്ഞ് ഫലം നോർമലിനെക്കാളും താഴെയാണെങ്കിൽ അത് അർഥമാക്കുന്നത് ചുവപ്പ് കോശങ്ങളുടെ കൗണ്ട് കുറവാണെന്നാണ്. അതായത് രോഗി അനീമിക് ആണെന്നർഥം.

അനീമിയ അഥവാ രക്തക്കുറവ് താഴെ പറയുന്ന കാരണങ്ങൾ കൊണ്ട് ഉണ്ടാകാം.

1) വിറ്റാമിനുകളുടെ അപര്യാപ്തത. 2) ബ്ലീഡിംഗ് അഥവാ രക്തവാർച്ച. 3) മറ്റു രോഗങ്ങൾ 4) കിഡ്നിയുടെ തകരാറ്. 5) അയേണിന്റെ കുറവ്. 6) തൈറോയ്ഡ് ഗ്രന്ഥി പ്രവർത്തിക്കാതെ വരിക.

ചിലപ്പോൾ രക്തത്തിലെ ഹീമൊഗ്ലോബിന്റെ അളവ് നോർമലിനേക്കാളും കൂടുതലാകും. ഇത് താഴെ പറയുന്ന കാരണങ്ങൾമൂലം ഉണ്ടാകാം

1) രക്തത്തിലെ തകരാറുകൾ. 2) ഉയരം കൂടിയ സ്ഥലങ്ങളിൽ താമസിക്കുക. 3) പുകവലി. 4) ഡിഹൈഡ്രേഷൻ അഥവാ നിർജലീകരണം. 5) പൊള്ളൽ. 6) അമിതമായ ഛർദി.

സാധാരണ ഹീമോഗ്ലോബിൻ ലെവൽ: പുരുഷന്മാർ: 13.8 മുതൽ 17.2 ഗ്രാം/ഡെസി ലിറ്റർ. സ്ത്രീകൾ: 12.1 മുതൽ 15.1 ഗ്രാം/ഡെസി ലിറ്റർ. കുട്ടികളെ സംബന്ധിച്ച് ഇത് പ്രായത്തിനനുസരിച്ചും ആൺ-പെൺ വ്യത്യാസത്തിനനുസരിച്ചും മാറിക്കൊണ്ടിരിക്കും.




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 DECEMBER 18

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-


## വിപണിയിൽ

# നേർപഥം

സ്പെഷ്യൽ പതിപ്പ്

# കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ നൂറ് വർഷങ്ങൾ

സഹസ്രാബ്ദങ്ങളുടെ പൈതൃകമുൾക്കൊള്ളുന്ന ഭൂപ്രദേശമാണ് ഇന്നത്തെ കേരളം. വൈദേശികരുമായുള്ള ആദാന പ്രദാനങ്ങളിലൂടെ സംസ്കാരം കരുപ്പിടിപ്പിച്ച മലയാളനാടിന്റെ പായും പങ്കായവുമായി വർത്തിച്ച മുസ്‌ലിം ജനവിഭാഗത്തിന്റെ അതിജീവന അടയാളങ്ങളെ രേഖപ്പെടുത്താനുള്ള എളിയ ശ്രമം.




224 പേജുകൾ, മൾട്ടി കളർ
പെർഫെക്ട് ബൈന്റിംഗ്, വില ₹100